
തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

# ജീവനും വെളിച്ചവും

ഫെബ്രുവരി 2026



## വിശുദ്ധ ഫ്രാൻസിസ് അസ്സീസി ജീവിതവിശുദ്ധിയുടെ ഉദാത്ത മാതൃക

(2026 Year of St. Francis Assisi)


KURISUMALA
PILGRIMAGE
'വിശുദ്ധകുരിശ്
നിത്യജീവന്റെ ഉറവിടം'
69-ാമത്
തെക്കൻ
കുരിശുമല
തീർത്ഥാടനം
2026 മാർച്ച് 15 മുതൽ 22 വരെ &
ഏപ്രിൽ 02 (പെസഹ വ്യാഴം) 03 (ദുഃഖവെള്ളി)
വെള്ളറട • നെയ്യാറ്റിൻകര രൂപത • തിരുവനന്തപുരം
www.kurisumala.org kurisumala pilgrim centre www.kurisumala.blogspot.in kurisumala@gmail.com
edmond's design
കുരിശുമലയിലെത്താൻ...
തിരുവനന്തപുരം ▸ നെയ്യാറ്റിൻകര ▸ വെള്ളറട ▸ കുരിശുമല
തിരുവനന്തപുരം ▸ കാട്ടാക്കട ▸ വെള്ളറട ▸ കുരിശുമല
നെടുമങ്ങാട് ▸ കള്ളിക്കാട് ▸ വെള്ളറട ▸ കുരിശുമല
നാഗർകോവിൽ ▸ മാർത്താണ്ഡം ▸ പാറശ്ശാല ▸ വെള്ളറട ▸ കുരിശുമല
നാഗർകോവിൽ ▸ കുലശേഖരം ▸ കളിയൽ ▸ നെട്ട ▸ കുരിശുമല
SAMANWAYA VISION
MEDIA NETWORKS
KURISUMALA PILGRIMAGE LIVE TELECASTING IN SAMANWAYA VISION
Google Play Store
SAMANWAYA VISION
Scan this QR code to Download the Samanwaya Vision App.

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2026 ഫെബ്രുവരി | പുസ്തകം 66 | ലക്കം 2



**രക്ഷാധികാരി:**
മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ

**സഹരക്ഷാധികാരി:**
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
മോൺ. യൂജിൻ എച്ച്. പെരേര

**ഉപദേശക സമിതി:**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. സനീഷ് എസ്. എം.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. ബീഡ് മനോജ്
ഫാ. ഡാർവിൻ ഫെർണാണ്ടസ്
ഫാ. റിച്ചാർഡ് സഖറിയാസ്
ഫാ. ലൂസിയാൻസ് തോമസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ.നിജു അജിത്ത്
ഫാ. ഫ്രെഡി സോളമൻ

**പത്രാധിപർ:**
ഫാ. വിജിൽ ജോർജ്ജ്

**സഹ പത്രാധിപർ:**
ബർഗ്മാൻ തോമസ്

**പത്രാധിപ സമിതി:**
മോൺ. ജയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
സുനിൽ സി. ഇ.
ഫാ. വർഗീസ് ജോസഫ്

**മാനേജർ (പരസ്യ വിഭാഗം):**
ഫാ. മനീഷ് പീറ്റർ

**കവർ & ലേ-ഔട്ട്:**
സതീഷ് ജി.



**വിലാസം**
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
0471- 2724001
jeevanumvelichavum@gmail.com
www.latinarchdiocesetrivandrum.org
www.archtvmnews.com



വില 30 രൂപ | വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
Editor, Jeevanum Velichavum
A/c No. 57027220934, IFSC- SBIN0070308
State Bank of India, Sasthamangalam


## മുഖവിചാരം

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ 800-ാം ചരമവാർഷികത്തിന്റെ സ്മരണയ്ക്കായി ലെയോ പതിനാലാമൻ പാപ്പ 2026 അസാധാരണ ജൂബിലി വർഷമായി - പ്രായശ്ചിത്തത്തിന്റെ വർഷമായി പ്രഖ്യാപിച്ചു. മാത്രമല്ല, 'വിശുദ്ധന്റെ ഈ ജൂബിലി വർഷത്തിൽ ക്രിസ്ത്യൻ വിശ്വാസികൾ അസ്സീസിയിലെ വിശുദ്ധന്റെ മാതൃക പിന്തുടരാനും, ജീവിതവിശുദ്ധിയുടെ മാതൃകകളും സമാധാനത്തിന്റെ സ്ഥിരം സാക്ഷികളുമായി മാറാനും ക്ഷണിക്കപ്പെടുന്നു' എന്നു പ്രസ്താവിക്കുകയും ചെയ്തു. അസാധാരണമായവയെ ഇഷ്ടപ്പെടുകയും ആ ഇഷ്ടത്തിൽ യാതൊരു വിട്ടുവീഴ്ചയും കൂടാതെ വ്യാപരിക്കുകയും ചെയ്ത കർമയോഗിയായിരുന്നു അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ്. അസാധ്യമായവ മാത്രം തിരഞ്ഞെടുക്കുകയും അതിൽ വിട്ടുവീഴ്ചയില്ലാതെ ഉറച്ചു നിൽക്കുകയും ചെയ്ത ഫ്രാൻസിസ് അസ്സീസിയെപ്പോലെ ഒരാളെ ചരിത്രം ഇതിനുമുൻപ് കണ്ടിട്ടുണ്ടാവില്ല. തികച്ചും ഒരദ്ഭുത മനുഷ്യനായിരുന്നു അദ്ദേഹം.  ക്രിസ്തുമതത്തിൽ ഓരോരോ കാലഘട്ടങ്ങളിൽ പിറവിയെടുക്കാറുള്ള യുഗപുരുഷന്മാരിൽ പ്രഥമസ്ഥാനത്തു നിൽക്കുന്ന ഫ്രാൻസിസ് രണ്ടാം ക്രിസ്തു എന്നും വിളിക്കപ്പെടുന്നു.

സമ്പന്ന കുടുംബത്തിൽ ജനിച്ചു. സുഖഭോഗങ്ങളുടെ പട്ടുമെത്തയിൽ ശയിച്ചു. പെരുമ നേടാൻ യുദ്ധഭൂമിയിലേക്കു പോയി.  'നീ ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവ് നഷ്ടപ്പെട്ടാൽ എന്തുചെയ്യും' എന്ന ഉൾവിളികേട്ട് മടങ്ങി. എല്ലാം വിറ്റ് ദാരിദ്രർക്ക് കൊടുത്തു. സ്വയം നഗ്നത വരിച്ചു. ദുഃഖത്തിന്റെയും പീഡനത്തിന്റെയും വഴി തിരഞ്ഞെടുത്തു. വായുവിനെയും ജലത്തെയും പക്ഷികളെയും വൃക്ഷലതാദികളെയും സ്നേഹിച്ചു. മനുഷ്യരെ മാത്രമല്ല, സർവ ജീവജാലങ്ങളെയും നോവിക്കരുതെന്നും സ്നേഹിക്കണമെന്നും പഠിപ്പിച്ചു. എല്ലാ ലൗകിക ഭൗതിക സുഖങ്ങളിൽനിന്നും വിരമിച്ചു. പീഡനത്തിലൂടെയും സഹനത്തിലൂടെയും ക്രിസ്തുവിനെ അന്വേഷിച്ചു. സ്നേഹമാണ് ദൈവത്തെ അറിയാനുള്ള മാർഗമെന്ന് വിശ്വസിച്ചു. കുരിശും ആണിയും മുൾമുടിയുമില്ലാതെ ക്രൂശാരോഹണം ചെയ്തു.

വിശുദ്ധിയിലേക്ക് എത്തിച്ചേരാൻ മനുഷ്യന് സാധിക്കുമോ എന്ന ചിരപുരാതനമായ ചോദ്യത്തിന്റെ സംശയരഹിതമായ ഉത്തരമാണ് വിശുദ്ധ ഫ്രാൻസിസ്. നമുക്കുചുറ്റുമുള്ളവരെ, പ്രിയപ്പെട്ടവരെപ്പോലും ഹൃദയം തുറന്ന് സ്നേഹിക്കാനാവാത്തവിധം മനസ്സ് മുരടിച്ചുനിൽക്കുമ്പോൾ, കുടുംബങ്ങളിലും സമൂഹത്തിലും നഷ്ടമാകുന്ന സ്നേഹത്തെനോക്കി നിർവികാരതയോടെ നിൽക്കേണ്ടിവരുമ്പോൾ, സ്വന്തം ഇടർച്ചകൾക്കുമുന്നിൽ മുഖമടച്ചു വീഴുമ്പോൾ, ഓടിയതും നേടിയതും വൃഥാവിലായിയെന്ന ചിന്ത മനസ്സിൽ രൂപപ്പെടുമ്പോൾ 'എന്നെ പിന്തുടരൂ...' എന്ന് ഫ്രാൻസിസിന്റെ ജീവിതം നമ്മെ വിളിക്കുന്നു. സ്വന്തം ആത്മാവിനെയും, ദൈവത്തെയും അന്വേഷിക്കുന്ന ഏതൊരു മനുഷ്യനും തീർച്ചയായും അനുകരിക്കേണ്ട ഒരു ഉത്തമ മാതൃക. ഒരു പാഠപുസ്തകം. ഒരിക്കൽ ഫ്രാൻസിസ് പറഞ്ഞു; മനുഷ്യഹൃദയത്തെ ആരും മുറിപ്പെടുത്തരുത്, അങ്ങനെ ആരെങ്കിലും ചെയ്താൽ മുറിയുന്നത് ദൈവമായിരിക്കും... •




# പ്രപഞ്ചവും പവിത്രമായ ഭൂമിയും

**ജെറാൾഡ് ബി മിരാൻഡാ, തോന്നയ്ക്കൽ**

അജിത് വെണ്ണിയൂരിന്റെ പാരിസ്ഥിതികലേഖനം സമഗ്രവും ആധികാരികവുമായിരുന്നു. വികസനവും പരിസ്ഥിതി നാശവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെയാണ്. നമ്മൾ ഭവനം പണിയുമ്പോൾ റോഡുകളും പാലങ്ങളും പണിയുമ്പോൾ ബഹുനില മന്ദിരങ്ങൾ പണിതുയർത്തുമ്പോൾ അവയിലെല്ലാം പരിസ്ഥിതി നാശവും ഉൾച്ചേർന്നിരിക്കുന്നു. വികസനത്തിനായുള്ള മുറവിളിയും പരിസ്ഥിതി സംരക്ഷണത്തിനുള്ള ഉച്ചകോടികളും നടന്നുകൊണ്ടേയിരിക്കും. ആത്യന്തികമായി വികസനത്തിനൊപ്പം പരിസ്ഥിതി വികലമാക്കപ്പെടുന്നു. ലോകത്തിന്റെ അത്യാഗ്രഹങ്ങൾ സർവനാശത്തിലേക്ക് സാവധാനം പ്രകൃതിയെ വലിച്ചിഴയ്ക്കുന്നു. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും വിളകളുടെ നാശവും വരുംനാളുകളിൽ ഭയാനകമാവും. നാശത്തിലേക്കല്ല, സർവനാശത്തിലേക്കാണീ യാത്ര. എത്ര നാൾ ഈ ഭൂമി?

ദൈവം മനുഷ്യരാശിക്കുവേണ്ടി ഈ മനോഹര പ്രപഞ്ചം മെനഞ്ഞു. സുന്ദരിയായ ഭൂമിയെ സമ്പന്നമാക്കാൻ നദികളും തടാകങ്ങളും നീർച്ചോലകളും സമുദ്രങ്ങളും ഉണ്ടാക്കി. പ്രഭാതങ്ങളെ സംഗീത സാന്ദ്രമാക്കുന്ന പക്ഷികൾ... ഇളം മഞ്ഞു പൊഴിയുന്ന മനോജ്ഞ പ്രഭാതങ്ങൾ... രാത്രിയിൽ നിലാവിന്റെ ഇളം വെട്ടത്തിൽ ശാന്തമായ ഉറക്കം... ആകാശത്തോളം ഉയർന്നു നിൽക്കുന്ന മാമലകൾ... കാറ്റിൽ ആലോലമാടുന്ന സസ്യജാലങ്ങൾ... എന്തെല്ലാം എന്തെല്ലാം മായികക്കാഴ്ചകൾ... ദൈവത്തിന്റെ എല്ലാ വിസ്മയക്കരവേലകളും തന്റെ പ്രിയ സൃഷ്ടിയായ മനുഷ്യനുവേണ്ടിയായിരുന്നു. ഏദൻതോട്ടം പറുദീസയുടെ ചെറു പതിപ്പായിരുന്നു. ഇളം കാറ്റു വീശുന്ന വിശുദ്ധ സായാഹ്നങ്ങളിൽ സുന്ദരനായ ആദവും സുന്ദരിയായ ഹവ്വയും ഏദൻതോട്ടത്തിൽ ഉലാത്തിയിരുന്നു. പാട്ടു പാടി കിളികളും കൂട്ടുകൂടി ദൈവവും ആദത്തെയും ഹവ്വയെയും ആഹ്ളാദിപ്പിച്ചിരുന്നു. മോഹക്കൊടുങ്കാറ്റിൽ, ആശകളുടെ ആഴിയിൽ, അക്കരപ്പച്ചകളുടെ അത്യാഗ്രഹത്തിൽ ആദവും ഹവ്വയും ഏദൻതോട്ടത്തിൽനിന്നും പുറത്തായി. ആദം നെറ്റിയിലെ വിയർപ്പുകൊണ്ട് ഹവ്വയെ തീറ്റിപ്പോറ്റി. അന്നുമുതലത്രേ ആദ്യത്തെ ഏറ്റവും ലഘുവായ പരിസ്ഥിതിനാശം തുടങ്ങുന്നത്. ഇന്നാകട്ടെ മനുഷ്യന്റെ അത്യാഗ്രഹം പ്രകൃതിയെ ഇല്ലാതാക്കുന്നു. ഈ പവിത്ര ഭൂമിയും പ്രപഞ്ചവും എല്ലാവർക്കും എല്ലാക്കാലത്തേക്കും അവകാശപ്പെട്ടതാണ്. മനുഷ്യന് മാത്രമല്ല സർവജീവജാലങ്ങൾക്കും ജീവിക്കാനുള്ള പുണ്യസങ്കേതമാണ് ഭൂമിയെന്ന ബോധ്യം മനനം ചെയ്യുന്ന മനുഷ്യനെന്നുമുണ്ടാകണം.



# ഉൾക്കാഴ്ച നൽകുന്ന ലേഖനങ്ങൾ

**ബെൻസിഗർ, കൊച്ചുവേളി**

കഴിഞ്ഞ ലക്കം ജീവനും വെളിച്ചവും മാസികയിൽ വന്ന ലേഖനങ്ങൾ എല്ലാംതന്നെ നല്ല ചിന്തയും ഉൾക്കാഴ്ചയും നൽകുന്നതായിരുന്നു. അജപാലന ധർമം ഇന്നിന്റെ സാഹചര്യത്തിൽ എന്ന ലോറൻസ് കുലാസച്ചന്റെ ലേഖനം ചിന്തിക്കാൻ വകനൽകുന്നു. കാര്യങ്ങൾ ഗാഢമായി പഠിച്ച് മനോഹരമായി അവതരിപ്പിക്കുവാനുള്ള അച്ചന്റെ കഴിവ് അദ്ഭുതാവഹം. അതുപോലെ യൂജിൻ അച്ചന്റെ ലേഖനവും ജെ സി യുടെ നേർക്കാഴ്ചയും വായിച്ചു. തൊഴിൽ അവകാശത്തെക്കുറിച്ച് ഇരുവരും അവരുടെ ആശങ്കകൾ പങ്കുവയ്ക്കുന്നു. രണ്ടും ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ. എല്ലാപേർക്കും അഭിനന്ദനങ്ങൾ... ഇനിയും ഇതുപോലുള്ള ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

# ഹോം മിഷന്റെ വിഷൻ

**വിജയമ്മ എം, ജൂബിലി ഹോസ്പിറ്റൽ**

ഹോം മിഷനെക്കുറിച്ചുള്ള ഐറിസ് ടീച്ചറിന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും ആഗ്രഹങ്ങളും പൂവണിയട്ടെ എന്നു പ്രാർഥിക്കുന്നു, ആശംസിക്കുന്നു. കൂടുന്ന ഇടമാണ് കുടുംബം. പക്ഷികളുടെ കൂട് ചെറുത്. മനുഷ്യന്റെ കൂട് വലുത്. കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം എന്ന വ്യാഖ്യാനം തെറ്റാണ്. ഇന്ന് വീടായാലും സഭയായാലും സമൂഹമായാലും രാജ്യങ്ങളായാലും കൂടുമ്പോൾ ഇമ്പത്തിന് പകരം കമ്പമാണ്. പൊട്ടിത്തെറിയും സംഘർഷങ്ങളുമാണ്. പൂമുഖ വാതിൽക്കൽ സ്നേഹംവിടർത്തുന്ന പൂന്തിങ്കളാകുന്നു ഭാര്യ എന്നു പറഞ്ഞാരും കല്യാണം കഴിക്കാൻ പോകരുത്. നസ്രത്തിലെ തിരുക്കുടുംബത്തിലെന്നപോലെ സ്നേഹത്തിന്റെ പൂക്കൾ വിരിഞ്ഞു നിൽക്കുന്ന സ്വർഗമാണ് വിവാഹമെന്നും ആരും ചിന്തിക്കരുത്.

അനുദിന ക്ലേശങ്ങൾ ചുമന്നു ചുമന്ന് കാൽവരിയിലേക്കുള്ള യാത്രയാണ് ഇന്നു ജീവിതം. കുരിശ് താങ്ങാൻ ശിമയോനെപ്പോലെ മക്കളുണ്ടായാൽ നന്ന്. കണ്ണീർ തുടയ്ക്കാൻ വെറോനിക്കയെപ്പോലെയുള്ള മക്കളും വേണം. കെട്ടിച്ചുവിട്ട പുരോഹിതനോ ഒത്തുകൂടിയ പ്രിയപ്പെട്ടവരോ വിവാഹ ജീവിതത്തിലെ ദുർഘട പ്രതിസന്ധികളിൽ കാണില്ല.
ഈ കുരിശിനെയാണല്ലോ കർത്താവേ നീ എനിക്ക് തന്നത് എന്നും ചുമ്മാതല്ല നല്ലകാര്യങ്ങൾ ചെയ്തു നസ്രായാ നിന്നെ കുരിശിൽ തറച്ചതെന്നും പറഞ്ഞുപോകുന്ന ഉറക്കം വരാത്ത രാത്രികളിലാണ് ഹോം മിഷന്റെ പ്രാധാന്യവും പ്രസക്തിയും പ്രകാശിക്കുന്നത്.
സഭയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അടിസ്ഥാന ഘടകമായ കുടുംബങ്ങൾ ഇന്ന് തകർച്ചയുടെ വക്കിലാണ്. സമ്പത്തും സൗഭാഗ്യങ്ങളും സൗന്ദര്യവും സൗകര്യവും നിറഞ്ഞ മനോഹര ഭവനങ്ങൾ. പുറമേ പുഞ്ചിരിയുടെ പൂക്കാലം. പലരുടെയും അകം അസ്വസ്ഥതകളുടെ, നീറുന്ന വേദനകളുടെ, നിദ്രയില്ലാ രാത്രികളുടെ ബാക്കിപത്രമാണ്. എല്ലാമുണ്ട്, എന്നാൽ ഒന്നുമില്ലാത്തതുപോലെ. അകം ശൂന്യം... അന്ധകാരമയം... അവരെ ക്രിസ്തുവിന്റെ സ്നേഹപ്രവാഹത്തിലേക്ക് നയിക്കുന്നതാകണം ഹോം മിഷൻ.

ക്രിസ്തുവിന്റെ പാദങ്ങൾ കഴുകിയതുപോലെ ശ്രദ്ധ നാർദീൻതൈലമാകണം ഹോം മിഷന്റെ വിഷൻ. നല്ലതല്ലാത്ത കാഴ്ചകൾ ചുറ്റും നിറയുമ്പോൾ നന്മനിറഞ്ഞ ക്രിസ്തുവിനെ കാണാനാണ് പ്രേരിപ്പിക്കുന്നതാകട്ടെ ഹോം മിഷന്റെ ദൗത്യം. മുറിവേറ്റ മനസ്സുകളെയും ഹൃദയങ്ങളെയും പ്രത്യാശയറ്റവരെയും ഈശോ തൊട്ടതുപോലെ തൊടുന്നതാണ് ഹോം മിഷൻ. ആലവിട്ട ആടുകളെ ആട്ടിൻകൂട്ടിലേക്ക് തെളിക്കാനാവണം. ആലയം വിട്ടകന്നവരേയും... ഏതൊക്കെയോ ധൂർത്തപുത്രന്മാർ ആശ്രയമില്ലാതെ കേഴുന്നു... ധൂർത്തപുത്രിമാർ ഒരാശ്വാസത്തിനായി കൊതിക്കുന്നു... ലക്ഷ്യമില്ലാതെ അലയുന്നവരേറെ... യാത്രയിൽ കാൽ വഴുതിവീണു പോയവരുമേറെ... ഈ നശിച്ച ജന്മം തുലഞ്ഞു കിട്ടിയാൽ മതിയെന്ന ശപിക്കപ്പെട്ട ഓർമകൾ പേറുന്നവരുമുണ്ട്. വഴിയും സത്യവും ജീവനുമായവന്റെ സ്വർഗത്തിലേക്ക് വഴി നടത്തുന്നതാകട്ടെ ഹോം മിഷന്റെ മഹനീയ വിഷൻ എന്ന് ആഗ്രഹിക്കുന്നു, പ്രാർഥിക്കുന്നു, ആശംസിക്കുന്നു.










# താളുകളിൽ


**ഇടയ സന്ദേശം**
നോമ്പുകാലം: പ്രവർത്തനോന്മുഖ സഹനസ്നേഹം — 6
ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ

**ലേഖനം**
ദാരിദ്ര്യത്തിന്റെ കോടീശ്വരൻ — 7
റവ. ഡോ. എ.ആർ. ജോൺ

നോമ്പ് - ചടങ്ങിൽനിന്നും ജീവിതത്തിലേക്കുള്ള മൗനയാത്ര — 10
ഫാ. ഇമ്മാനുവൽ വൈ

മാറുന്ന ലോകത്തിന്റെ ആവശ്യകതകളും
പുരോഹിത - സന്യസ്തരുടെ ദൗത്യവും — 12
റവ. ഡോ. സുജൻ അമൃതം

സമൂഹം മുന്നേറാൻ പുതുമാതൃകകൾ തേടണം — 14
ഡോ. ജോസഫ് ആന്റണി

മക്കളും മാതാപിതാക്കളും — 18
ഫാ. ഫിൽസൺ ഫ്രാൻസിസ്

വേരും ഇലയും — 26
ലിറ്റി ലൂസിയ സൈമൺ

ഒഴികഴിവുകൾ ഒഴിവാക്കാം — 30
ഫാ. തോമസ് പാട്ടത്തിൽചിറ CMF

**കഥ**
കാലാന്തരം — 20
എം. ജോൺസൺ റോച്ച്

**കവിത**
പാപാനന്തരം — 29
ഗ്ലേവിയസ് അലക്സാണ്ടർ

**ചരിത്രപഥം**
തിരുവനന്തപുരം അതിരൂപത നവതി
ആഘോഷിക്കാനൊരുങ്ങുമ്പോൾ — 24
ഇഗ്നേഷ്യസ് തോമസ്

**ടാക്കീസ്**
മലയാള സിനിമയിലെ ദൈവം
(സർവ്വം മായ എന്ന സിനിമയെക്കുറിച്ച്) — 32
സുനിൽ സി. ഇ.

**നേർക്കാഴ്ച | ജെ.സി** — 42
കേരളത്തിൽ സമഗ്ര വോട്ടർ കരട്പട്ടിക -
പുറത്തായവർ 24 ലക്ഷംപേർ

**കാനോൻ നിയമം** — 17
ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

**സ്റ്റുഡൻസ് ഫോറം യോഗസഹായി** — 22
വിദ്യാഭ്യാസശുശ്രൂഷ

**വചന ജ്വാല- 2026 ഫെബ്രുവരി** — 34
ബിസിസി കമ്മിഷൻ

**വാർത്തകൾ** — 36

**നീർച്ചാൽ** — 38

•ഇടയ സന്ദേശം



# നോമ്പുകാലം: പ്രവർത്തനോന്മുഖ സഹനസ്നേഹം

ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ

വിഭൂതി ദിനത്തോടുകൂടി ഒരു നോമ്പുകാലം നമ്മുടെ മുന്നിലേയ്ക്ക് കടന്നുവന്നിരിക്കുന്നു. പരിത്യാഗത്തിന്റെയും ഉപവി പ്രവർത്തനങ്ങളുടെയും പ്രാർഥനകളുടെയും ദിനങ്ങളാണ് നോമ്പുകാലം. ആത്മനവീകരണത്തിന്റെയും കൃപയുടെയും ദൈവികമായ ചൈതന്യം ഉൾക്കൊള്ളുന്നതുമായ സവിശേഷമായ അനുഭവങ്ങളാണ് നോമ്പുകാലം നമുക്കായി കരുതിവച്ചിരിക്കുന്നത്. സമൂലമായ മാറ്റം അനുദിനം നടന്നുകൊണ്ടിരിക്കുന്ന ഇന്നിന്റെ സാമൂഹ്യ പശ്ചാത്തലത്തിൽ ഈ നോമ്പുകാലത്ത് പ്രത്യേകിച്ച് ''സഹനസ്നേഹം'' പ്രാവർത്തികമാക്കാൻ നാം ക്ഷണിക്കപ്പെടുന്നു. നമ്മുടെ ത്യാഗപ്രവർത്തനങ്ങൾ കേന്ദ്രീകരിക്കപ്പെട്ട മേഖലകൾ നമുക്ക് വിലയിരുത്താം.

അനുകമ്പയുടെയും നീതിയുടെയും പ്രവർത്തനങ്ങളാണ് ഈ നോമ്പുകാലത്ത് നമുക്ക് ഏറെ പ്രധാനമായിട്ടുള്ളത്. അടുത്തുനിൽക്കുന്ന മനുഷ്യന്റെ കണ്ണുകളിലാണ്, ഈ നോമ്പുകാലത്തിൽ, നാം ദൈവത്തെ കാണേണ്ടത്. അയല്ക്കാരന്റെ രോഗാവസ്ഥ, ദാരിദ്ര്യം, ഏകാന്തത, ഒറ്റപ്പെടൽ, നീതി നിഷധിക്കപ്പെടൽ, അവകാശം തടഞ്ഞുവയ്ക്കൽ, പൗരത്വം നിഷേധിക്കൽ തുടങ്ങിയവ നമ്മുടെ ശ്രദ്ധ പതിപ്പിക്കേണ്ട മേഖലകളാണ്. ഇപ്രകാരമുള്ളവരുടെ പക്ഷംചേർന്ന് അനുകമ്പയുടെയും നീതിയുടെയും മുഖങ്ങളാവുകയും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സഹനം നാം സ്വയം ഏറ്റെടുക്കേണ്ടതായിട്ടുമുണ്ട്.

ലെയോ പതിനാലാമൻ പാപ്പ 2026 ''പ്രായശ്ചിത്തത്തിന്റെ വർഷം'' ആയി പ്രഖ്യാപിച്ചിരിക്കുന്നു. വി. ഫ്രാൻസിസ് അസ്സീസി മരണമടഞ്ഞിട്ട് 800 വർഷം തികയുന്ന 2026 ആണ് ഇതിന്റെ പശ്ചാത്തലം. ദൈവത്തോടും പ്രകൃതിയോടും ദരിദ്രസഹോദരരോടും രമ്യപ്പെടുവാനുള്ള ജീവിതമാതൃകയാണ് ഈ വിശുദ്ധൻ നമുക്ക് മുന്നിൽ കാഴ്ചവച്ചത്. സഹനസ്നേഹമാണ് അനുരഞ്ജനത്തിന്റെ അടിത്തറ. ദൈവികകൃപ മനുഷ്യനിലേയ്ക്ക് ഒഴുകുന്ന ഏറ്റവും പ്രധാന മാർഗമാണ് അനുരഞ്ജനം. എക്കാലവും സഭയുടെ ദൗത്യവും അനുരഞ്ജനത്തിനായുള്ള പാതയൊരുക്കുക എന്നതാണ്. കുമ്പസാരമെന്ന കൂദാശയിലൂടെ അനുരഞ്ജിതരായിത്തീരാനുള്ള സഹനം ഈ നോമ്പുകാലത്ത് നമുക്ക് ഏറ്റെടുക്കാം.

നോമ്പുകാലം ഒരുമയുടെ കാലംകൂടിയാണ്. സിനഡാത്മക സഭയുടെ കാഴ്ചപ്പാടിൽ ഒരുമിച്ച് യാത്രചെയ്യാൻ നാമും വിളിക്കപ്പെടുന്നു. വൈവിധ്യങ്ങളുടെ മധ്യേ ആദിമക്രൈസ്തവസഭ ഐക്യത്തിൽ നിലനിന്നതുപോലെ നാമും ഈ നോമ്പുകാലത്ത് ഹൃദയത്തിൽ ഐക്യപ്പെട്ട് സഹനത്തിലൂടെ മുന്നേറാൻ വിളിക്കപ്പെടുന്നു. ഇപ്രകാരമൊരു ഐക്യത്തിലൂടെമാത്രമേ സമുദായമെന്ന നിലയിലും വിശ്വാസസമൂഹമെന്ന നിലയിലും നമുക്ക് മുന്നേറാനാകൂ.

ജൂബിലി 2025-ൽ നാം ധ്യാനിച്ചതുപോലെ പ്രത്യാശയുടെ തീർഥാടകരായി ഈ നോമ്പുകാലത്തിലും നമുക്ക് യാത്ര തുടരാം. ഭിന്നശേഷിക്കാർക്കും ഏകസ്ഥർക്കും ഭവനരഹിതർക്കും കുഞ്ഞുങ്ങൾക്കും ജൂബിലി വർഷത്തിൽ പ്രത്യാശയുടെ സാന്ത്വനം നമുക്ക് നല്കാൻ കഴിഞ്ഞു. അപ്രകാരമുള്ള സഹനപ്രവൃത്തികൾ തുടർന്നും സഭയിലൂടെയും വ്യക്തിപരമായും തുടരുവാൻ സർവേശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ! •

ലേഖനം



# ദാരിദ്ര്യത്തിന്റെ കോടീശ്വരൻ

റവ. ഡോ. എ.ആർ. ജോൺ



ഫ്രാൻസിസ് അസ്സീസി മരിച്ചിട്ട് ഇന്നേയ്ക്ക് 800-ാം വർഷം. ഈ രണ്ടാം ക്രിസ്തുവിനെ ധ്യാനിക്കുവാനായി ലെയോ പാപ്പ ഈ വർഷത്തെ വിശുദ്ധ ഫ്രാൻസിസ് അസ്സീസി വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ജനുവരി 10 മുതൽ അടുത്ത വർഷം ജനുവരി 10 വരെ. കൃപയുടെ ഈ വർഷാചരണം പൂർണ ദണ്ഡവിമോചനം നേടാൻ കഴിയുമെന്ന് വത്തിക്കാനിലെ അപ്പസ്തോലിക് പെനിറ്റെൻഷ്യറി പുറപ്പെടുവിച്ച കല്പനയിൽ പറയുന്നു. ഫെബ്രുവരി 22 മുതൽ മാർച്ച് 22വരെ അസ്സീസിയിലെ ബസിലിക്കയിലുള്ള വിശുദ്ധന്റെ ഭൗതിക തിരുശേഷിപ്പ് പൊതുദർശനത്തിനായി പ്രതിഷ്ഠിക്കും.

വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവചരിത്രം വായിച്ചശേഷം സുഗതകുമാരി ടീച്ചർ പറഞ്ഞത് ഇങ്ങനെയാണ്: "വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം എന്നെ കരയിപ്പിച്ചു; രാത്രി ഉറക്കമില്ലാത്തതാക്കിത്തീർത്തു; മണ്ണിൽ ദൈവത്തിന്റെ പാദമുദ്രകൾ കണ്ട ഒരു മനുഷ്യൻ, ദൈവസ്നേഹത്തിന്റെ തീയിൽ സ്വയം കരിച്ചു പൊള്ളിച്ച ഒരു മനുഷ്യൻ, അന്വേഷിച്ചു നടന്നുനടന്ന് വിണ്ടുകാലു



ഫ്രാൻസിസിന്റെ ദൈവത്തോടുള്ള പ്രാർഥന ഇങ്ങനെയായിരുന്നു: " ദൈവമേ, സ്വർഗത്തെ ആഗ്രഹിച്ചാണ് ഞാൻ അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ അങ്ങ് മാലാഖമാരെവിട്ട് അതിന്റെ വാതിലടപ്പിക്കുക, നരകത്തെ ഭയന്നാണ് അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ അങ്ങെന്നെ ആ നിത്യമായ അഗ്നിയിലേക്ക് എടുത്തെറിയുക. പക്ഷേ, ദൈവമേ, അങ്ങേയ്ക്കുവേണ്ടി, അങ്ങേയ്ക്കുവേണ്ടി മാത്രമാണ് ഞാനങ്ങയെ സ്നേഹിക്കുന്നതെങ്കിൽ ഇരുകരങ്ങളും നീട്ടി ഇവനെ സ്വീകരിക്കേണമേ...

കളിൽനിന്നൊഴുകുന്ന ചോരയിൽ തന്റെ വഴി വരച്ചുകാട്ടിയവൻ..." 'ഒരു ഡസൻ അസ്സീസിമാർ റഷ്യയിൽ ഉണ്ടാകുകയാണെങ്കിൽ റഷ്യ മാനസാന്തരപ്പെട്ടുമായിരുന്നുവെന്ന്' പറഞ്ഞത് കമ്മ്യൂണിസ്റ്റ് നേതാവായ ലെനിനാണെന്ന് ഓർക്കണം.

ആരെയുംപോലെ ദരിദ്രനായി ജനിച്ചു. കുലീന കുടുംബത്തിൽ പട്ടുവ്യാപാരിയുടെ മകനായി ജനിച്ചുവെങ്കിലും ഒരജ്ഞാത ദർശനത്താൽ അമ്മ മകനെ ക്രിസ്തുവിനെപ്പോലെ കാലിത്തൊഴുത്തിൽവച്ച് ജന്മം നല്കി എന്നൊരു ഐതിഹ്യമുണ്ട്. ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ തന്റെ പ്രിയപ്പെട്ട അപ്പനെയും അമ്മയെയും സഹോദരങ്ങളെയും ഉപേക്ഷിച്ച് 'ദൈവമാണ് എന്റെ പിതാവ്' എന്ന് പ്രഖ്യാപിച്ച് ദൈവമാർഗം അതിന്റെ പൂർണതയിലും അക്ഷരാർഥത്തിലും സ്വീകരിച്ചു. ഇതുകണ്ട് കുപിതനായ പിതാവ് പീറ്റർ ബെർണാർഡ് ആക്രോശിച്ചു: "നീ ധരിച്ചിരിക്കുന്ന ഉടുപ്പ് എന്റേതാണ്, അത് മടക്കി നൽകുക". അസ്സീസിയാകട്ടെ എല്ലാവരുടെയും മുൻപിൽവച്ച് വസ്ത്രം ഊരി തന്റെ പിതാവിന് നൽകിക്കൊണ്ട് നഗ്നനായി ക്രിസ്തുപാതയിൽ നടന്നു. കൂടിനിന്ന ജനക്കൂട്ടം നഗ്നനായ അസ്സീസിയെക്കണ്ട് കണ്ണ് പൊത്തിയില്ല, തലകുനിച്ചില്ല. അതൊരു ആത്മീയ നിർവൃതിയുടെ പൂർണസമർപ്പണമായിരുന്നു. തന്റെ ജീവിതത്തിന്റെ സായാഹ്നത്തിൽ തന്റെ പ്രിയ ശിഷ്യനായ ലിയോയോട് തന്റെ ഉടുപ്പുമാറ്റാൻ ആവശ്യപ്പെടുന്നു. എനിക്ക് നഗ്നനായിവേണം ഭൂമിയോട് ചേരാൻ എന്നുപറഞ്ഞുകൊണ്ട് നഗ്നനായി മരിച്ചു.

അതെ, അസ്സീസി ക്രിസ്തുവിനുവേണ്ടി, ക്രിസ്തുവിനെപ്പോലെ നിസ്വനായി ക്രിസ്തുവിനൊപ്പം നടന്ന ഒരാൾ, ലാളിത്യത്തിലും ദാരിദ്ര്യത്തിലും. ദാരിദ്ര്യത്തെ വിശുദ്ധ ദാരിദ്ര്യം എന്നാണ് അസ്സീസി വിളിക്കുന്നത്. കയ്യിൽ ഒരുനാണയവും കരുതാതെ ജീവിച്ച ഫ്രാൻസിസിനെ വിശുദ്ധ ദാരിദ്ര്യത്തിന്റെ കോടീശ്വരൻ എന്നത്രേ കസൻദ്സാക്കിസ് വിളിക്കുന്നത്. അതെ, ധനമോഹമില്ലാത്തവനാണ് ധനികൻ. ധനമുണ്ടായിട്ടും ധനദാഹിയായി ഓടുന്നവനാണ് ദരിദ്രൻ. അപ്പവും വെണ്ണയും ഭക്ഷിച്ച്, പട്ടുവസ്ത്രങ്ങൾ ധരിച്ച് വളർന്ന കുബേര കുമാരനായ ഫ്രാൻസിസ് ഒരുദിവസം വഴിയിൽക്കണ്ട ഒരു യാചകന് തന്റെ വസ്ത്രങ്ങൾ അഴിച്ചുകൊടുത്ത് രാത്രിമുഴുവൻ കൊടുംതണുപ്പിൽ വിറച്ചുവിറങ്ങലിച്ചുനിന്നു. ദാരിദ്ര്യസ്നേഹവും ദരിദ്രരോടുള്ള സ്നേഹവും ഉപാസനയാക്കിയാണ് വി. ഫ്രാൻസിസ് വിശുദ്ധിയുടെ പടവുകൾ കയറിച്ചെന്നത്.

## ത്യാഗവും സ്നേഹവും

വേദനയെ അതിന്റെ അഗാധതയിൽ അറിയാത്ത ഒരാൾക്ക് ജീവിതത്തെ സമഗ്രമായി അറിയാൻ കഴിയില്ല. സഹനംകൊണ്ട് ജീവിതത്തിന് അർഥം നൽകിയവൻ. ശുദ്ധ സ്നേഹത്തിന്റെ മുമ്പിൽ ഏത് സഹനവും ഏറ്റെടുക്കാൻ തയ്യാറായവനാണ് ഫ്രാൻസിസ്. 'സഹനംപോരാ സഹനം പോരാ' എന്നതായിരുന്നു ഫ്രാൻസിസിന്റെ കരച്ചിൽ. ആധുനിക ലോകത്തിന് മനസ്സിലാകാത്ത ആത്മീയത. ഒരിക്കൽ തനിക്ക് ലഭിക്കുന്ന സഹനം കുറഞ്ഞുപോയി എന്നുതോന്നിയ ഫ്രാൻസിസ് ഒരു കുട്ട നിറയെ പഴങ്ങളുമായി തെരുവിലിറങ്ങി. കാണുന്ന കുട്ടികളോട് അവരെ മോഹിപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: ' എന്നെ കല്ലെറിയുക, ഒരു കല്ലെറിയുന്നവന് ഒരു പഴം, രണ്ട് കല്ലെറിയുന്നവന് രണ്ട് പഴം.' കിട്ടിയ അവസരം നന്നായി ഉപയോഗിച്ച കുട്ടികൾ എറിഞ്ഞ കല്ലുകളുടെ എണ്ണം പറഞ്ഞ് പഴങ്ങൾ വാങ്ങി മടങ്ങി. ശരീരം മുഴുവനും ക്രിസ്തു കണക്കെ മുറിവുകൾകൊണ്ട് മൂടിയ മേനിയുമായി സാൻദാമിയാനോയുടെ മല കയറുമ്പോൾ ഫ്രാൻസിസ് ദൈവസ്തുതികൾ ആലപിക്കുകയായിരുന്നു. ഇങ്ങനെ, എങ്ങനെ ഒരു മനുഷ്യന് കഴിയും എന്നത് ഒരു അദ്ഭുതവും വിസ്മയവുമാണ്.

## ശുദ്ധസ്നേഹം

സ്നേഹം ശീലിക്കുക എന്നത് ഫ്രാൻസിസിന്റെ മന്ത്രമാണ്. സഹനങ്ങളുടെ മധ്യേയും ഒരു താപസന് നൃത്തം ചെയ്യാനും പാട്ടുപാടാനും കഴിയുമെന്ന് അസ്സീസിയിലെ ഫ്രാൻസിസ് തെളിയിച്ചു. അതിന് കാരണമായി ഫ്രാൻസിസ് പറയുന്നത്: ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നതുകൊണ്ടാണ്. ദൈവം സ്നേഹമാകുന്നു. സ്നേഹം ആനന്ദമാണ്. സ്നേഹത്തിൽ കൊടുക്കൽ വാങ്ങലുകളില്ല, കടപ്പാടുകളുടെ വേലിക്കെട്ടുകളുമില്ല, സ്നേഹത്തിലെ തീവ്രമായ ഐക്യപ്പെടൽ മാത്രമേയുള്ളൂ. അവിടെ വേദന പങ്കുവയ്ക്കപ്പെടുന്നു, ശുദ്ധസ്നേഹം അഭ്യസിക്കുന്നു.

ദൈവസ്നേഹത്തിന്റെ കാര്യത്തിലും അതുതന്നെ; ഫ്രാൻസിസിന്റെ ദൈവത്തോടുള്ള പ്രാർഥന ഇങ്ങനെയായിരുന്നു: " ദൈവമേ, സ്വർഗത്തെ ആഗ്രഹിച്ചാണ് ഞാൻ അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ അങ്ങ് മാലാഖമാരെവിട്ട് അതിന്റെ വാതിലടപ്പിക്കുക, നരകത്തെ ഭയന്നാണ് അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ അങ്ങെന്നെ ആ നിത്യമായ അഗ്നിയിലേക്ക് എടുത്തെറിയുക. പക്ഷേ, ദൈവമേ, അങ്ങേയ്ക്കുവേണ്ടി, അങ്ങേയ്ക്കുവേണ്ടി മാത്രമാണ് ഞാനങ്ങയെ സ്നേഹിക്കുന്നതെങ്കിൽ ഇരുകരങ്ങളും നീട്ടി ഇവനെ സ്വീകരിക്കേണമേ... ശുദ്ധസ്നേഹം ശീലിക്കാൻ ഫ്രാൻസിസ് നമ്മെ പഠിപ്പിക്കുന്നു.

## പ്രണയത്തിന്റെ വഴിത്തിരിവ്

ഫേവറിനോ പ്രഭുവിന്റെ മകളാണ് ക്ലാര. ഫ്രാൻസിസിനെ അഗാധമായി സ്നേഹിച്ചവൾ, പ്രണയിച്ചവൾ.

കളിക്കൂട്ടുകാരിയും സുന്ദരിയുമായ ക്ലാരയുടെ പ്രണയത്തെ പരിപൂർണ്ണതയുടെ യാത്രയിൽ മറന്ന്, അല്ല മറക്കാതെ അവളെ മറ്റൊരു വിശുദ്ധ നക്ഷത്രമാക്കി മാറ്റി, ദേഹനിബദ്ധമായ പ്രണയത്തെ ആത്മനിബദ്ധമാക്കി. ഫ്രാൻസിസിന്റെ ദൈവപ്രണയവും പ്രപഞ്ചസ്നേഹവും കണ്ട് മതിമറന്ന ക്ലാര ഫ്രാൻസിസിൽനിന്നുതന്നെ താപസവസ്ത്രം സ്വീകരിച്ച് പൂർണ സന്യാസം സ്വീകരിച്ച് മറ്റൊരു വിശുദ്ധയായി.

## ലാളിത്യത്തിന്റെ രണ്ട് കഥകൾ

1. ആത്മീയ ദാനങ്ങൾ ലഭിച്ച, ആത്മീയ നിർവൃതിയുടെ പ്രണയം ആസ്വദിച്ച ക്ലാര തന്റെ ഗുരുവും കൂട്ടുകാരനുമായ അസ്സീസിക്ക് എന്തെങ്കിലും നൽകാൻ അതിയായി ആഗ്രഹിച്ചു; ക്ലാര ചോദിച്ചു: അങ്ങേയ്ക്കുവേണ്ടി ഞാൻ എന്താണ് നല്കേണ്ടത്? അസ്സീസി പറഞ്ഞു: നീ എനിക്കുവേണ്ടി ഒരു കുപ്പായം നെയ്തുതരിക. അതാകട്ടെ നീ തെരുവിലിറങ്ങി ദരിദ്രരിലും ഭിക്ഷക്കാരിലുംനിന്ന് ഓരോ കഷ്ണം യാചിച്ചു വാങ്ങണം, അതിൽനിന്നുവേണം കുപ്പായം ഉണ്ടാക്കാൻ. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ബസിലിക്കയിൽ നൂറിലധികം ദരിദ്രരിൽനിന്ന് യാചിച്ചു വാങ്ങി ഉണ്ടാക്കിയ ആ കുപ്പായം കണ്മുൻപിൽ കയ്യെത്തുംദൂരെ ഞാൻ ആദ്യം കണ്ടപ്പോൾ എന്റെ നെഞ്ചിലൂടെ കടന്നുപോയ മിന്നൽപിണർ ഈ അക്ഷരങ്ങളിലൂടെ വിവരിക്കുന്നതിനുമപ്പുറമാണ്.

2. അപമാനഭാരവും മാറ്റിനിർത്തലും ഏകാന്തതയും കൊച്ചാക്കലുംകൊണ്ട് അവശനായിപ്പോയ ഒരു കുഷ്ഠരോഗിയെ തെരുവിൽവച്ച് ഫ്രാൻസിസ് കണ്ടു. മൂക്ക് പകുതിയേയുള്ളൂ. ദ്രവിച്ചുപോയ മുഖം, വിരലുകൾ അറ്റുപോയിരിക്കുന്നു, മുഖം വിരൂപം, ചുണ്ട് വീർത്തിരിക്കുന്നു. കുഷ്ഠരോഗിയെ കണ്ടമാത്രയിൽ ഫ്രാൻസിസ് ഓടിച്ചെന്ന് അവന്റെ ചുണ്ടിൽ ചുംബിച്ചു, ചേർത്തുപിടിച്ച് അവനോടൊപ്പം കൂടെ നടന്നു. നടക്കുമ്പോൾ താൻ ക്രിസ്തുവിനെയാണ് ചുംബിച്ചത് എന്ന് തോന്നിപ്പോയ ഫ്രാൻസിസ് പറഞ്ഞു: കുഷ്ഠരോഗിയെയും മുടന്തനെയും പാപിയെയും ചുംബിച്ചാൽ അവരൊക്കെ ക്രിസ്തുവായിത്തീരും.

## പരിസ്ഥിതി ദർശനം

പരിസ്ഥിതിയുടെ മധ്യസ്ഥനാണ് ഫ്രാൻസിസ് അസ്സീസി. സർവജീവജാലങ്ങളെയും പുഷ്പലതാദികളെപ്പോലും സ്നേഹിച്ചവനും നോവിക്കാത്തവനുമാണ് ഫ്രാൻസിസ്. സൂര്യനെ സഹോദരനായും മരണത്തെ സഹോദരിയായും സ്വീകരിച്ചവൻ. ഫ്രാൻസിസിന്റെ സ്വരൂപംപോലും തോളിൽ പതിയിരിക്കുന്ന കിളികൾ, ശിരസ്സിലും ചുമലിലും പക്ഷികളെ ഏറ്റി പ്രിയ മൃഗങ്ങളാൽ വളയപ്പെട്ട ഒരു പുണ്യവാളൻ. ഈ പ്രകൃതിയെനോക്കി ആനന്ദനിർവൃതിയാൽ നിറഞ്ഞ ലിയോ സ്വർഗം എന്താണ് എന്ന് ചോദിച്ചപ്പോൾ "ഈ ഭൂമി മുഴുവൻ" എന്നാണ് ഫ്രാൻസിസ് നല്കിയ ഉത്തരം. സ്വച്ഛന്ദതാഴ്വരയെ നോക്കി പ്രകൃതി ലാവണ്യം ആനുഭവിച്ച് ധ്യാനത്തിലാണ്ട നിമിഷം അസ്സീസി എഴുതിയ പ്രാർഥനയാണ്: "ദൈവമേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.... " ഫ്രാൻസിസ് ആനന്ദിച്ച് ആലപിച്ച ആ സമാധാന പ്രാർഥന എഴുതിയത് ക്ലാരയുടെ മഠത്തിനടുത്തുള്ള പ്രകൃതിരമണീയമായ ഒരു സ്ഥലത്തുവച്ചാണ്. അവിടെ ധ്യാനത്തിൽ മുഴുകിയിരിക്കുന്ന അസ്സീസിയുടെ ഒരു രൂപം കണ്ട ഓർമ എന്റെ മനസ്സിൽനിന്നും വർഷങ്ങൾ കഴിഞ്ഞിട്ടും മാഞ്ഞിട്ടില്ല.

## മതാത്മകദർശനം

മറ്റ് മതസ്ഥരോട് അനുഭാവപൂർവം വർത്തിക്കുകയും മതാത്മക സമീപനം 800 വർഷങ്ങൾക്കുമുൻപ് സ്വീകരിക്കുകയും ചെയ്ത വിശുദ്ധനാണ് ഫ്രാൻസിസ്. മതത്തിന്റെ പേരിൽ പരസ്പരം കുതികൊടുക്കുന്ന ടുണീഷ്യയിലും മൊറോക്കോയിലും സ്പെയിനിലും സമാധാനത്തിന്റെ സന്ദേശവുമായി ഫ്രാൻസിസ് ശിഷ്യന്മാരെ അയച്ചു. തന്റെ ക്ഷീണത്തിന്റെയും രോഗത്തിന്റെയും മധ്യേ സിറിയായിലും ഈജിപ്തിലും സമാധാനം സ്ഥാപിക്കാൻ യാത്രചെയ്തു. സ്വന്തം ജീവൻ അപകടപ്പെട്ടാലും കുഴപ്പമില്ല എന്ന് കരുതി മുഹമ്മദീയ സുൽത്താന്റെ അരികിൽ സമാധാന സന്ദേശവുമായി എത്തി. മതങ്ങൾ തമ്മിലുള്ള ബന്ധം എക്കാലത്തെക്കാളും ഇക്കാലത്തും പ്രധാനമാണെന്ന് ഫ്രാൻസിസ് നമ്മെ ഓർമിപ്പിക്കുന്നു.

ഫ്രാൻസിസ് അസ്സീസിയെ ഇന്ന് പലരും പലപേരുകളിലാണ് വിളിക്കുന്നത്. അതവരുടെ അനുഭവങ്ങളുമായി ബന്ധമുണ്ട്. ദൈവത്തിന്റെ വികൃതി, നിസ്വൻ, God's Pauper, സ്വർഗത്തിലെ താപസൻ എന്നിങ്ങനെ. എല്ലാറ്റിനെയും സ്നേഹത്തിൽ കാച്ചിക്കുറുക്കുന്നതാണ് ശൈലി. പക്ഷികളെയും മൃഗങ്ങളെയും മനുഷ്യരെയും പ്രകൃതിയെയും മരണത്തെപ്പോലും. ക്രിസ്തു സ്നേഹിച്ചതിനെയെല്ലാം ഫ്രാൻസിസും സ്നേഹിച്ചു. ക്രിസ്തു ഉപേക്ഷിച്ചതിനെയെല്ലാം ഫ്രാൻസിസും ഉപേക്ഷിച്ചു. അതിനാലാണവൻ രണ്ടാം ക്രിസ്തുവായതും ക്രിസ്തു തന്റെ ഏറ്റവും വലിയ സമ്മാനമായി തന്റെ പഞ്ചക്ഷതങ്ങൾ മായാത്ത മുദ്രയായി ഫ്രാൻസിസിന്റെ ശരീരത്തിൽ പതിപ്പിച്ചതും. അതിൽനിന്നും ഇറ്റിററു വീഴുന്ന ചോര ക്രിസ്തുപ്രണയത്തിന്റേതായിരുന്നു. അതിനാൽ തനിക്കിഷ്ടപ്പെട്ടവനോട് യേശു പറഞ്ഞു: 'സഭയെ പടുത്തുയർത്തുക' അവൻ അത് പണിതുയർത്തി ജീവിതംകൊണ്ട് മനോഹരമാക്കി; ഫ്രാൻസിസ് അസ്സീസിയുടെ ഈ അനുഗ്രഹത്തിന്റെ വർഷത്തിൽ, ഇനി പണിതുയർത്തേണ്ടത് നമ്മുടെ ജീവിതങ്ങളെയാണ്...

•




•ലേഖനം



# നോമ്പ് - ചടങ്ങിൽനിന്നും ജീവിതത്തിലേക്കുള്ള മൗനയാത്ര

ഫാ. ഇമ്മാനുവൽ വൈ



കണ്ണുനീരുകൊണ്ടെഴുതുന്ന
പ്രാർഥനയും;
ഒഴിഞ്ഞ വയറിൽ ദൈവം
നിറയുന്ന നോമ്പും;
കൈ ഒഴിഞ്ഞാലും ഹൃദയം
നിറഞ്ഞിരിക്കുന്ന
ദാനധർമവുമൊക്കെ
നമ്മിലേക്ക് തിരിയാൻ
സഹായിക്കട്ടെ.



നോമ്പ് - സ്വയം ചുരുങ്ങി മറ്റുള്ളവർക്കായ് ഹൃദയം വിശാലമാക്കുന്ന ഒരു വിശുദ്ധ യാത്ര... വിശപ്പിനേക്കാൾ പ്രാർഥനയുടെ രുചിയും, ദാഹത്തെക്കാൾ കരുണയുടെ മാധുര്യവും നിറയുന്ന ഒരു വിശ്വാസപ്രയാണം... സ്വാർഥത ഉരുകി സ്നേഹമായി രൂപാന്തരപ്പെടുന്ന ദിനങ്ങൾ.... അഹന്തയുടെ ഇലകൾ പൊഴിച്ച്, ആത്മാവിൽ വസന്തം പൂക്കുന്ന കൃപയുടെ നാളുകൾ.... അധികമായുള്ളതൊക്കെ ഇല്ലാതാക്കി, മിതത്വം വേഷമിടുന്ന കാലം.... സഹനങ്ങളുടെ ഭാരം ചുമന്ന് വിശ്വാസത്തോടെയുള്ള കുരിശിലേക്കുള്ള മൗനയാത്ര.......

ഈ നോമ്പുകാലാനുഷ്ഠാനം ജീവിതത്തിന്റെ ഭാഗമാകുവാൻ സഹായിക്കുന്ന നാല് മന്ത്രങ്ങൾ ഉരുവിടാം.

ഒന്ന്, നോമ്പ് - ശരീര നിഷേധമല്ല; മനസ്സിന്റെ ശുദ്ധീകരണമാണ്. ആത്മാവിന്റെ ഭാരം കുറയ്ക്കുന്ന സ്നേഹസാധനയാണ് നോമ്പെന്ന് കവി വാക്യമുണ്ട്. ജോയേൽ പ്രവാചകൻ പറയുന്നതുപോലെ കീറേണ്ടത് വസ്ത്രമല്ല; ഹൃദയംതന്നെയാണ്. മുറിച്ചു മാറ്റേണ്ടത് കേടുബാധിച്ച മരമല്ല; കൊടും കേടുബാധിച്ച മനസാണെന്ന ബോധ്യമാണ് വേണ്ടത്. എന്താണ് നോമ്പെന്ന് കുട്ടി ചോദിക്കുമ്പോൾ അപ്പൻ കുരിശിനെ ചൂണ്ടിക്കൊണ്ടു പറയുമത്രെ; "സൗകര്യം വിട്ട് സ്നേഹം പഠിക്കാൻ" കുട്ടി അന്നു തൊട്ട് തന്റെ മിഠായി സഹോദരനു നൽകിത്തുടങ്ങി. നോമ്പ് അവിടെ തുടങ്ങുകയാണ്. ശരീരത്തെ ശിക്ഷിക്കുന്ന പ്രവർത്തിയാക്കാതെ ഹൃദയത്തെ മാറ്റുന്ന കൃപയായി കാണാൻ കഴിയട്ടെ.

രണ്ട്, നോമ്പ് - ഉപഭോഗ സംസ്കാരത്തിനെതിരായ പ്രതിഷേധമാണ്. നോമ്പിന്റെ ചൈതന്യത്തിൽനിന്നും ആത്മീയ സൗന്ദര്യത്തിൽനിന്നും, ഭൗതികതയിലേക്കുള്ള ഊന്നലുമാണ്. ദൈവഭയവും സഹാനുഭൂതിയും നിറയേണ്ടിടത്ത് ഭക്ഷണവും പാനീയവും ആഢംബരങ്ങളും നിറഞ്ഞു കവിയുന്നു. സ്വയം വിലയിരുത്തി അപരർക്ക് സഹായങ്ങൾ ചെയ്തും വചനപാരായണത്തിനും ആരാധനയ്ക്കും കൂടുതൽ സമയം കണ്ടെത്തിയും ഈ നഷ്ടപ്പെട്ടുപോയ ചൈതന്യത്തെ വീണ്ടെടുക്കാം. സുഖസൗകര്യങ്ങളോടുള്ള അകലം സ്വയം അറിയാനുള്ള ശ്രമമായിത്തീരാം.

മൂന്ന്, നോമ്പ് - പ്രകൃതിയോടുള്ള മിതത്വവും മനുഷ്യരോടുള്ള സ്നേഹവുമാണ്. വസന്തത്തിനു മുൻപ് മരങ്ങൾ ഇലപൊഴിക്കുന്നത് ദാരിദ്ര്യമല്ല; പുതിയ ജീവിതത്തിലേക്കുള്ള ഉണർവാണ്. അതോടൊപ്പം വേദനിക്കുന്ന മനുഷ്യരിലേക്കുള്ള ഹൃദയം തുറക്കലുമാണ്. "രണ്ട് നോമ്പുകൾ" എന്ന കവിതയുടെ ഇതിവൃത്തം ഇതാണ്: "ഒരാൾ വിശപ്പോടെ നോമ്പെടുത്തു. മറ്റൊരാൾ സ്നേഹത്തോടെ നോമ്പെടുത്തു. ആദ്യത്തെയാൾ ദിവസങ്ങൾ എണ്ണി. രണ്ടാമൻ മനുഷ്യരെ കണ്ടു. ദൈവം സ്വീകരിച്ചത് വിശപ്പല്ല; സ്നേഹമായിരുന്നു". പ്രകൃതിയോടു കാട്ടുന്ന മിതത്വഭാവവും മനുഷ്യരോടു കാണിക്കുന്ന സ്നേഹഭാവവും ദൈവത്തിലേക്കു നയിക്കുന്ന പുണ്യങ്ങളെന്ന് തിരിച്ചറിയാം.

നാല്, നോമ്പ് - സ്വയം തിരിച്ചറിയാനുള്ള സൗമ്യമായ മാർഗമാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പ പറയുന്നതുപോലെ വിശ്വാസവും വിവേകവും ചേർന്നുള്ള ആത്മപരിശോധനാമാർഗമാണത്. കാലത്തിന്റെ കഠിനതയെ മൗനത്തോടെ നേരിടുന്ന ആത്മനിയന്ത്രണമെന്ന് കവി പാടിയിട്ടുണ്ട്. ഒരു മതാചാരമായി കാണാതെ മാനവധർമമായി നോമ്പിനെ കാണണം. ആത്മനിയന്ത്രണത്തിനു പകരം മറ്റുള്ളവരെ വിമർശിക്കാനുള്ള അധികാരമായും സ്വന്തം നന്മകളുടെ പ്രദർശനമാർഗമായും നോമ്പ് മാറുന്നില്ലേയെന്ന സംശയം ബാക്കിയാവുന്നുണ്ട്. റീച്ചും റീലും അരങ്ങുവാഴുമ്പോൾ റിയൽ നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, നോമ്പിന് സ്വത്വം തിരികെയെടുക്കാൻ സാധിക്കും. നോമ്പ് അവസാനിച്ചു. വീട്ടിൽ ഭക്ഷണം നിറഞ്ഞു. അമ്മ പറഞ്ഞു: "നോമ്പു തീർന്നു." മകൻ ചോദിച്ചു: "അമ്മേ, നമ്മൾ മാറിയോ?" ആ ചോദ്യം മേശയിലിരുന്ന ഭക്ഷണത്തെക്കാൾ ഭാരമുള്ളതായിരുന്നു. കണ്ണുനീരുകൊണ്ടെഴുതുന്ന പ്രാർഥനയും; ഒഴിഞ്ഞ വയറിൽ ദൈവം നിറയുന്ന നോമ്പും; കൈ ഒഴിഞ്ഞാലും ഹൃദയം നിറഞ്ഞിരിക്കുന്ന ദാനധർമവുമൊക്കെ നമ്മിലേക്ക് തിരിയാൻ സഹായിക്കട്ടെ.

മഹാനായ വി. ബേസിൽ നോമ്പിനെപ്പറ്റി പറയുന്നത് ശ്രദ്ധേയമാണ്: "നോമ്പ് പ്രവാചകരെ ജനിപ്പിക്കുന്നു; ശക്തരായവരെ കൂടുതൽ ശക്തരാക്കുന്നു. നോമ്പ് ആത്മാവിന് സുരക്ഷാകവചവും ശരീരത്തിന് വിശ്വസ്ത സഹയാത്രികനുമാണ്. വീരന്മാർക്ക് ആയുധവും കായികതാരങ്ങൾക്ക് പരിശീലനശാലയുമാണ്. നോമ്പ് പരീക്ഷണങ്ങളെ അകറ്റുന്നു. ഭക്തിയിലേക്ക് അഭിഷേകം ചെയ്യുന്നു. ജാഗ്രതയുടെ കൂട്ടുകാരനും വിശുദ്ധ ജീവിതത്തിന്റെ ശില്പിയുമാണ്. നോമ്പ് യുദ്ധകാലത്ത് ധൈര്യത്തോടെ പോരാടുന്നു, സമാധാനകാലത്ത് നിശ്ശബ്ദത പഠിപ്പിക്കുന്നു." നിന്നോളമൊരു നിഴലുമെന്നെയലട്ടിയിട്ടില്ല; നിന്നോളമൊരു വസന്തവും എന്നിൽ വേരിട്ടിട്ടുമില്ല ദൈവമേ.... എന്ന പ്രാർഥനയോടെ നോമ്പനുഷ്ഠിക്കാം! •



# മാറുന്ന ലോകത്തിന്റെ ആവശ്യകതകളും പുരോഹിത – സന്യസ്തരുടെ ദൗത്യവും

റവ. ഡോ. സുജൻ അമൃതം



"ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് (AI) ലോകത്തിൽ, കല, പരസ്പര ബന്ധങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, നിയമം, അന്താരാഷ്ട്ര ബന്ധങ്ങൾ, ആരോഗ്യം, യുദ്ധങ്ങൾ എന്നിവയിലെല്ലാം വലിയ മാറ്റമാണ് കൊണ്ടുവന്നത്" _പോപ്പ് ഫ്രാൻസിസ്. 1956-ൽ ജോൺ മകാർത്തി എന്ന വ്യക്തിയിൽ നിന്നുമാണ് AI ആശയം തുടങ്ങുന്നത്. മനുഷ്യൻ തന്റെ ബുദ്ധി ഉപയോഗിച്ച് ചെയ്യുന്ന അതേ കാര്യങ്ങൾ (ഉദാ: കണക്ക്, അറിവുകൾ ക്രമമായി അവതരിപ്പിച്ച് തീരുമാനം എടുക്കുക) മെഷിൻ ഉപയോഗിച്ച് ചെയ്യുന്ന സംവിധാനത്തെയാണ് നിർമിത ബുദ്ധി (AI) എന്നു വിളിക്കുന്നത്. മാറിയ കാലത്തിനൊപ്പം (സോഷ്യൽ മീഡിയ, ഫെയ്സ്ബുക്, യൂട്യൂബ്, ഇൻസ്റ്റഗ്രാം, AI തുടങ്ങിയവ) സഞ്ചരിക്കേണ്ട പൗരോഹിത്യ/സന്യസ്ത ശുശ്രൂഷാ ജീവിതം എന്ത് എന്നതിനെക്കുറിച്ച് ഇവിടെ ഒരു വിചിന്തനം നടത്തുന്നു.

## എന്താണ് സഭയുടെയും പുരോഹിതരുടെയും സന്യസ്തരുടെയും പ്രഥമ ദൗത്യം?

"ദരിദ്രരെ സുവിശേഷം അറിയിക്കാൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" എന്ന് യേശു പറഞ്ഞു (ലൂക്കാ 4,18). അതുകൊണ്ട്, ദരിദ്രരെ ഉയർത്തുക, അവരുടെ വികസനത്തിൽ ശ്രദ്ധിക്കുക എന്നതാണ് എല്ലാവരുടെയും പ്രഥമ ദൗത്യം. കാരണം, "ദരിദ്രർ നിങ്ങളോടു കൂടെ എപ്പോഴും ഉണ്ടായിരിക്കും" (മത്തായി 26,11). ലോകത്തിൽ എപ്പോഴും ദരിദ്രരും ധനികരും ഉണ്ടായിരിക്കും എന്നതാണതിനർഥം! അതിനാൽത്തന്നെ, ദാരിദ്ര്യം കുറയ്ക്കുക എന്നത് ക്രിസ്തുശിഷ്യരുടെ മുഖ്യ ഉത്തരവാദിത്തമാണ്.



ആരാണ് ദരിദ്രർ? ആറുവിധം ദരിദ്രരെക്കുറിച്ച് ലെയോ പതിനാലാമൻ പാപ്പ തന്റെ 'ദിലെക്സി തെ' എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നുണ്ട്. സാമ്പത്തിക പരാധീനത ഉള്ളവർ; 2) ജാതി, നിറം, കുറ്റകൃത്യം തുടങ്ങി വിവിധ സാമൂഹിക കാരണങ്ങൾ കൊണ്ട് മാറ്റിനിർത്തപ്പെട്ടവർ; 3) ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ; 4) ധാർമിക-ആധ്യാത്മിക പാപ്പരത്തം അനുഭവിക്കുന്നവർ; 5) സ്വാതന്ത്ര്യം, സ്വത്വം, ജീവിതം തുടങ്ങി അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നവർ; 6) മനുഷ്യന്റെ അന്തസ്സിന് അവശ്യം വേണ്ട അടിസ്ഥാന ഘടകങ്ങൾ സംലഭ്യമല്ലാത്തവർ - ഉദാഹരണം: വിദ്യാഭ്യാസം, ആരോഗ്യം, സുരക്ഷിതത്വം എന്നിവ നിഷേധിക്കപ്പെട്ടവർ, കിരാതനിയമത്തിൻ കീഴിൽ ജീവിക്കേണ്ടി വരുന്നവർ.

“സഭ, തന്റെ അസ്തിത്വത്തിലും പ്രവർത്തനത്തിലും - അതായത് അവൾ പ്രഘോഷിക്കുമ്പോഴും, ആരാധന അർപ്പിക്കുമ്പോഴും, അവളുടെ ഉപവിപ്രവർത്തനങ്ങളിലും - ഏർപ്പെടുന്നത് മനുഷ്യന്റെ സമഗ്ര വികസനത്തിലാണ്" (പോപ്പ് ബെനെഡിക്ട്, സത്യത്തിൽ സ്നേഹം, 2025, no. 11). ഫ്രാൻസിസ് പാപ്പ ഇതുതന്നെ കുറച്ചു കൂടെ വ്യക്തമായി ആവർത്തിക്കുന്നു: "സഭ തന്റെ അസ്തിത്വത്തിലും പ്രവർത്തനത്തിലും വിളിക്കപ്പെട്ടിരിക്കുന്നത്, സുവിശേഷത്തിന്റെ വെളിച്ചത്തിൽ സമഗ്ര മനുഷ്യവികസനം പ്രോത്സാഹിപ്പിക്കാനാണ്. ഈ വികസനം സാധിക്കുന്നത് അനിതരസാധാരണമായ നന്മകളായ നീതി, സമാധാനം, സൃഷ്ടിയുടെ സംരക്ഷണം എന്നിവയിലൂടെയാണ്" (സമഗ്ര വികസന മന്ത്രാലയം സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള മോത്തു പ്രോപ്രിയോ, 2016, no. 11). ഇതിനർഥം, സഭയുടെ ഒരേയൊരു ലക്ഷ്യം സമഗ്ര മനുഷ്യവികസനമാണ് എന്നത്രേ. ആത്മീയതയും ഭൗതികതയും ഉൾക്കൊള്ളുന്ന സമഗ്രവികസനം. അതായത്, നീതി, സത്യം, സ്വാതന്ത്ര്യം, അഹിംസ, സമാധാനം, ആത്മീയം, തുടങ്ങിയ മൂല്യങ്ങളിലധിഷ്ഠിതമായ ഭൗതിക വികസനം. സഭയുടെയോ പുരോഹിതന്റെയോ അല്മായന്റെയോ ത്രിവിധ കടമകൾ നയിക്കുക, ആരാധിക്കുക, പ്രഘോഷിക്കുക എന്നിവയാണ്. അവർക്ക് ഒരേയൊരു ലക്ഷ്യമേ ഉള്ളൂ, ഏവർക്കും മേൽപറഞ്ഞ സമഗ്ര ആത്മീയ ഭൗതിക സുസ്ഥിതി. അതിനർഥം, സുവിശേഷ പ്രഘോഷണം വികസനത്തിന്, സഭാപ്രവർത്തനങ്ങൾ വികസനത്തിന്, കൂദാശകളും ആചാരാനുഷ്ഠാനങ്ങളും വികസനത്തിന്. സമർപ്പിത ജീവിതം നയിക്കുന്നവർ മനുഷ്യവികസനത്തിന്റെ പ്രായോജികരാണ് എന്ന വസ്തുത വത്തിക്കാൻ കൗൺസിലും വ്യക്തമാക്കുന്നു: "എല്ലാ മനുഷ്യരും ശ്രദ്ധിക്കേണ്ടത് എന്തെന്നാൽ, സുവിശേഷോപദേശങ്ങളായ ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നിവ ജീവിതത്തിൽ സ്വീകരിക്കുന്നതു വഴി, നാം വിലമതിക്കുന്ന ചില മൂല്യങ്ങളെ പരിത്യജിക്കേണ്ടി വരുമെങ്കിലും, മനുഷ്യ വ്യക്തികളുടെ യഥാർഥ വികസനത്തിൽ നിന്നും നമ്മെ ഒന്നും മാറ്റി നിർത്തുന്നില്ല എന്ന് മാത്രമല്ല, അതിന്റ സ്വഭാവത്തിൽ തന്നെ വികസനത്തിന് വളരെ ഉപകാരപ്രദവുമാണ്" (ലൂമെൻ ജൻസിയും, no. 46).

എല്ലാ ശാസ്ത്രങ്ങളും പഠനങ്ങളും അന്വേഷണങ്ങളും ബന്ധങ്ങളും വിശ്വാസങ്ങളും വിശ്വാസാചാരങ്ങളും പ്രാർഥനകളും രാഷ്ട്രീയ സാമൂഹിക സാമ്പത്തിക ഘടനകളും നിയമങ്ങളും പ്രവർത്തനങ്ങളും മതങ്ങളും തത്വശാസ്ത്രങ്ങളും ദൈവശാസ്ത്രങ്ങളും ചിന്തകളും വാക്കുകളും എഴുത്തുകളും സാഹിത്യങ്ങളും അറിവും ഒന്നിനു വേണ്ടി മാത്രം; ഒന്നേ ഒന്നിനുവേണ്ടി - മനുഷ്യന്റെ സമഗ്ര വികസനം. അതിനെ നാം ഓമനപ്പേരിട്ടു വിളിച്ചു - നീതി, സത്യം, അഹിംസ, സംസ്കാരം, സമാധാനം, മറ്റ് സമാനമായ മൂല്യങ്ങൾ. അന്ധകാര ശക്തികൾ എന്ന് നാം വിളിക്കുന്നത്, വികസനത്തിനെതിരേയുള്ള പ്രതിപ്രവർത്തനങ്ങളും പ്രത്യയശാസ്ത്രങ്ങളും രീതികളും സ്വഭാവങ്ങളുമൊക്കെയാണ്. പ്രതിപ്രവർത്തനങ്ങളെ നിരാകരിക്കാനുള്ള ബോധപൂർവകമായ ശ്രമങ്ങളെയാണ് മനുഷ്യൻ സംസ്കാരികത, സംസ്കാരം എന്നെല്ലാം വിളിച്ചത് – ഉദാഹരണം, ഹാരപ്പ, ഗ്രീക്ക്, പാശ്ചാത്യ സംസ്കാരങ്ങൾ.

## വികസനം അമർത്യസെന്നിന്റ കാഴ്ചപ്പാടിൽ

യേശു പറഞ്ഞു: “കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു” (ലൂക്കാ 4:18). വിമോചനം, സ്വാതന്ത്ര്യം എന്നീ മാർഗങ്ങളിലൂടെയാണ് ദരിദ്രരെ ഉയർത്തുന്നതും മനുഷ്യന്റെ സമഗ്ര വികസനം സാധിതമാക്കുന്നതും. ഇതേ കാഴ്ചപ്പാടാണ് അമർത്യസെന്നും മുന്നോട്ടുവയ്ക്കുന്നത്.

അമർത്യസെന്നിന് 1997ൽ സാമ്പത്തിക ശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിക്കൊടുത്തത് വികസനത്തെക്കുറിച്ചുള്ള ആധുനിക കാഴ്ചപ്പാട് അവതരിപ്പിച്ചതിനാണ്. വികസനമെന്നാൽ സ്വാതന്ത്ര്യമാണെന്നും സ്വാതന്ത്ര്യമെന്നാൽ വികസനമാണെന്നുമാണ് ആ ആശയം. ചുരുക്കത്തിൽ, മനുഷ്യന് കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം ലഭിച്ചാൽ അവനു സ്വാതന്ത്ര്യം ലഭിക്കുമെന്നും, ആ സ്വാതന്ത്ര്യം അവനു കൂടുതൽ അവസരം കൊടുക്കുമെന്നും, അതുവഴി മനുഷ്യവികസനം സാധ്യമാകുമെന്നുമർഥം. ഉദാഹരണം, സ്ത്രീക്ക് പുറത്ത് ജോലിക്കുപോകാൻ ലഭിക്കുന്ന സ്വാതന്ത്ര്യം അവളുടെ അവസരങ്ങൾ ഉപയോഗിക്കാൻ വഴിതെളിക്കും, അതുവഴി അവൾ വികസനം സാധ്യമാക്കും. കൊറോണക്കാലത്ത് മനുഷ്യന് കഴിവുകൾ പുറത്തെടുക്കാനുള്ള അവസരങ്ങൾക്ക് കൂച്ചുവിലങ്ങ് വീണു; പുറത്തിറങ്ങാനുള്ള സ്വാതന്ത്ര്യം ഭരണകൂടം നിയമംകൊണ്ടു തടഞ്ഞു. മനുഷ്യന്റെ വികസനം മുരടിച്ചു. കഴിവുകൾ അവസരങ്ങളായി ഉപയോഗിക്കാൻ ലഭിക്കുമ്പോഴാണ് സ്വാതന്ത്ര്യം എന്ന് പറയുന്നത്. അതാണ് വികസനത്തിലേക്കു നയിക്കുന്നത്. സ്ത്രീകൾക്ക് അയിത്തം കല്പിച്ചും ചിലർക്ക് ബോധപൂർവം ജാതിഭ്രഷ്ട് കല്പിച്ചും അവസരങ്ങൾ നിഷേധിച്ചപ്പോൾ, അവരുടെ വികസനത്തിനു തടസ്സം ഉണ്ടായി. കഴിവുകൾ വളർത്താനും പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം മനുഷ്യരെ വികസനത്തിലേക്ക് നയിക്കും എന്ന് അമർത്യസെൻ പറഞ്ഞു.

(തുടരും...)

• ലേഖനം



# സമൂഹം മുന്നേറാൻ പുതുമാതൃകകൾ തേടണം

ഡോ. ജോസഫ് ആന്റണി

ഇന്ത്യ 2027ൽ സ്വാതന്ത്ര്യത്തിന്റെ എൺപതാം വാർഷികം ആഘോഷിക്കാനൊരുങ്ങുമ്പോൾ, തിരുവനന്തപുരം അതിരൂപത രൂപീകരണത്തിന്റെ നവതിയിലേക്ക് കടക്കുകയാണ്. രാജ്യം സ്വാതന്ത്ര്യത്തിന്റെ എട്ടാംദശാബ്ദത്തിലും, തിരുവനന്തപുരം അതിരൂപത ഒൻപതാംദശാബ്ദത്തിലും പ്രവേശിക്കാനൊരുങ്ങുമ്പോൾ കേരളത്തിലെ പിന്നാക്ക-ന്യൂനപക്ഷ വിഭാഗമായ ലത്തീൻ കത്തോലിക്കർ സാമൂഹ്യമായും, സാമ്പത്തികമായും, രാഷ്ട്രീയമായും എവിടെ എത്തിനിൽക്കുന്നുവെന്നും, ഭാരതസ്വാതന്ത്ര്യം അവരുടെ ജീവിതങ്ങളെ എങ്ങനെ നിർണയിച്ചുവെന്നും പരിശോധിക്കുന്നത് ഉചിതമായിരിക്കും. അതോടൊപ്പം, കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ മുന്നോട്ടുള്ള സഞ്ചാരം എങ്ങനെ ആയിരിക്കണമെന്നും ചിന്തിക്കേണ്ട കാലമായിരിക്കുന്നു.



**കേരളത്തിലെ ജനസംഖ്യയുടെ രണ്ടുശതമാനത്തോളം വരുന്ന ലത്തീൻ കത്തോലിക്കാ വിഭാഗം സാമ്പത്തികമായും, അതിനാൽത്തന്നെ സാമൂഹ്യമായും ഏറെ പിന്നണിയിലാണ് ഇന്നും നിലകൊള്ളുന്നത്. അരികുവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങൾക്ക് പിന്തുണ നല്കുന്നതിൽനിന്നും ഭരണകൂടം പിറകോട്ട് പോയിക്കഴിഞ്ഞു. അങ്ങനെയുള്ള സാഹചര്യത്തിൽ ലത്തീൻ കത്തോലിക്കാ സമൂഹം സ്വയം മുന്നോട്ടുപോകുവാനുള്ള പരിശ്രമങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.**

● ● ● ●

## എന്താണ് രാഷ്ട്രത്തിന്റെയും ജനങ്ങളുടെയും സ്വാതന്ത്ര്യം?

'എന്താണ് ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യം' എന്ന ആലോചനയിൽനിന്നും, കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ അവസ്ഥയിലേക്കും, മുന്നോട്ടുള്ള സഞ്ചാരത്തിലേക്കും പോകാവുന്നതാണ്. ഒരു രാജ്യം സ്വതന്ത്രമാവുക എന്നുപറഞ്ഞാൽ, അതിന്റെ അർഥം, ആ രാജ്യത്തിന്റെ മുന്നോട്ടുള്ള സഞ്ചാരത്തിന്റെ പരിപൂർണനിയന്ത്രണം അന്നുമുതൽ ആ രാജ്യത്തിന്റെ കയ്യിലെത്തുന്നുവെന്നാണ്. ഒരു രാജ്യം, ആ രാജ്യത്തിന്റെ ആഭ്യന്തര-വൈദേശിക കാര്യങ്ങളിൽ സമ്പൂർണ നാഥനായി മാറുന്ന അവസ്ഥയാണ് സ്വാതന്ത്ര്യം. അന്നുമുതൽ ആ രാജ്യത്തിൽ എന്തുനടക്കണം, ആ രാജ്യം എങ്ങനെയാണ് മുന്നോട്ടുസഞ്ചരിക്കേണ്ടത്, എന്നെല്ലാമുള്ള കാര്യത്തിൽ അന്തിമതീരുമാനം കൈക്കൊള്ളുക ആ രാജ്യത്തിന്റെ രാഷ്ട്രീയ-ഭരണ നേതൃത്വമായിരിക്കും.

## ഒരു സ്വന്തന്ത്ര പരമാധികാരരാജ്യത്തിന്റെ സ്വാതന്ത്ര്യം അവിടുത്തെ ജനതയിൽ എങ്ങനെയാണ് പ്രതിഫലിക്കേണ്ടത്?

ആ രാജ്യത്തിന്റെ നിയമവ്യവസ്ഥയ്ക്കകത്തുനിന്നുകൊണ്ട്, ഭരണകൂടനിലപാടുകളുടെ പിന്തുണയോടെ, സ്വന്തം ജീവിതത്തെ മുന്നോട്ടുനയിക്കാൻ ജനങ്ങൾക്ക് ലഭിക്കുന്ന അവസരത്തിന്റെ പേരാണ്, വ്യക്തികളെസംബന്ധിച്ച് സ്വാതന്ത്ര്യം. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഒരു പൗരന്, ആ രാജ്യത്തെ സാമ്പത്തിക വിഭവങ്ങളുടെ ഗുണഫലം അനുഭവിച്ചുകൊണ്ട്, സ്വന്തം കഴിവുകളെ, വ്യക്തിയുടെയും സമൂഹത്തിന്റെയും ക്ഷേമത്തിനായി ഉപയോഗിക്കാനും, സാമൂഹ്യവിവേചനമില്ലാതെ അന്തസോടെ സമൂഹത്തിൽ ജീവിക്കാനുമുള്ള സാഹചര്യത്തെ ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം എന്നുവിളിക്കാം. ചുരുക്കത്തിൽ, സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ആ രാജ്യം സ്വീകരിക്കുന്ന രാഷ്ട്രീയ-സാമ്പത്തികനയങ്ങളാണ് അവിടത്തെ ജനങ്ങളുടെ ജീവിതത്തെ നിർണയിക്കുന്നത്.

## ക്ഷേമത്തിൽനിന്നും ക്ഷാമത്തിലേക്ക്

അത് തിരിച്ചറിഞ്ഞതുകൊണ്ടാണ്, ഉദാരവാദ സാമ്പത്തികനയങ്ങൾ സ്വീകരിച്ച സ്വതന്ത്ര ഇന്ത്യ, ജനങ്ങൾക്ക്, ജീവിതത്തിന്റെ സുപ്രധാനമേഖലകളിൽ സഹായങ്ങൾ നൽകുന്ന ജനക്ഷേമനയങ്ങൾ ആരംഭിച്ചത്. എന്നാൽ, സാമ്പത്തികനയങ്ങൾ, ഉദാരവാദസിദ്ധാന്തത്തിൽ അടിയുറച്ചതായതിനാൽ, ജനക്ഷേമനയങ്ങളിലൂടെ പിന്നാക്കംനിൽക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതങ്ങളെ അടിസ്ഥാനപരമായി ഉയർത്തുന്നതിൽ ഭരണകൂടം പരാജയപ്പെട്ടു. അതിന്റെ ഫലമായി പിന്നോക്ക വിഭാഗങ്ങൾ സമൂഹത്തിന്റെ അതിരുകളിൽത്തന്നെ കഴിയുമ്പോഴാണ്, പുത്തൻ സാമ്പത്തികനയങ്ങൾ രാജ്യത്ത് നടപ്പാക്കപ്പെട്ടത്. നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങളിൽനിന്നുപോലും ഭരണകൂടത്തെ പുറകോട്ടുവലിക്കുന്ന പുത്തൻസാമ്പത്തികനയങ്ങൾ, നേരത്തെതന്നെ ദുർബലരായിരുന്നവരുടെ ജീവിതങ്ങളെ കൂടുതൽ പ്രതിസന്ധിയിലാക്കി.

## അംബേദ്കറുടെ ദീർഘവീക്ഷണം

സ്വാതന്ത്ര്യം നേടിയശേഷവും ഇന്ത്യയിലെ പിന്നാക്ക ജനവിഭാഗങ്ങൾ നേരിടാൻ സാധ്യതയുള്ള അപകടം മുൻകൂട്ടിക്കാണാൻ കഴിഞ്ഞ വ്യക്തിയാണ്, ഭരണഘടനാ ശില്പികളിൽ പ്രമുഖനായ ഡോ. ബി.ആർ. അംബേദ്കർ. നൂറ്റാണ്ടുകൾകൊണ്ട് ഉറച്ചുപോയ ജാതി-ജന്മി വ്യവസ്ഥയിൽ അധിഷ്ഠിതമായ ഭാരതത്തിന്റെ സാമൂഹ്യഘടനയിൽനിന്നും മുറിവേറ്റതും കയ്പേറിയതുമായ അനുഭവങ്ങൾ ഏറെയുണ്ടായിരുന്നതിനാൽ, ജനാധിപത്യം ഇന്ത്യയുടെ തൊലിപ്പുറത്തുമാത്രമേയുള്ളുവെന്ന്, 1948ൽതന്നെ അംബേദ്കർ പരസ്യമായി പ്രഖ്യാപിച്ചു. ഇന്ത്യയുടെ ഭരണഘടന ഔപചാരികമായി, ഭരണഘടനാ അസംബ്ലി അംഗീകരിക്കുന്നതിന് തൊട്ടുമുൻപ്, 1949 നവംബർ 25ന് നടത്തിയ പ്രസംഗത്തിൽ, അത് ഒന്നുകൂടി അദ്ദേഹം ഊന്നിപ്പറയുകയുംചെയ്തു. ഭരണഘടന നിലവിൽവരുന്നെങ്കിലും, ജനങ്ങൾക്ക് രാഷ്ട്രീയസ്വാതന്ത്ര്യം ആസ്വദിക്കാൻ കഴിയുന്ന അളവിൽ, സാമൂഹ്യ - സാമ്പത്തിക സ്വാതന്ത്ര്യം ലഭ്യമാകുമോ എന്ന സന്ദേഹമാണ് പ്രസിദ്ധമായ പ്രസംഗത്തിലൂടെ അദ്ദേഹം പങ്കുവച്ചത്. അംബേദ്കറുടെ ആശങ്ക പ്രവചനസ്വഭാവമുള്ളതായിരുന്നുവെന്ന്, ഇന്ത്യയിലെ സാധാരണക്കാരുടെ ഇന്നത്തെജീവിതങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും ജീവിതങ്ങളെ ഉയർത്തിക്കൊണ്ടുവരാനുള്ള പിന്തുണ ലഭിക്കാത്ത ഇന്ത്യയിലെ ഒരു സമൂഹമാണ് കേരളത്തിലെ ലത്തീൻ കത്തോലിക്കാ വിഭാഗം. കേരളത്തിലെ ജനസംഖ്യയുടെ രണ്ടുശതമാനത്തോളം വരുന്ന ആ വിഭാഗം സാമ്പത്തികമായും, അതിനാൽത്തന്നെ സാമൂഹ്യമായും ഏറെ പിന്നണിയിലാണ്



**തിരുവനന്തപുരം അതിരൂപത നവതിയിലേക്ക് കടക്കുമ്പോൾ, തിരുവനന്തപുരത്തെ മാത്രമല്ല, കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും, അവരെ സമൂഹത്തിന്റെ സുപ്രധാന ചാലകശക്തിയാക്കാനുമുള്ള കർമപദ്ധതികൾ ആവിഷ്കരിക്കയും അവ ഫലപ്രാപ്തിയിലെത്തുന്നെന്ന് ഉറപ്പുവരുത്തുകയും ചെയ്യാൻ കഴിയണം.**

ഇന്നും നിലകൊള്ളുന്നത്. അരികുവൽക്കരിക്കപ്പെട്ട ലത്തീൻ കത്തോലിക്കരെപ്പോലുള്ള ജനസമൂഹങ്ങൾക്ക് പിന്തുണ നല്കുന്നതിൽനിന്നും ഭരണകൂടം പിറകോട്ട് പോയിക്കഴിഞ്ഞു. നിലവിലുള്ള സാമ്പത്തിക രാഷ്ട്രീയ പരിതാപാവസ്ഥയിൽ ഭരണകൂടത്തിന്റെ പിന്തുണ പ്രതീക്ഷിക്കാവുന്നതുമല്ല. അങ്ങനെയുള്ള സാഹചര്യത്തിൽ ലത്തീൻ കത്തോലിക്കാ സമൂഹം സ്വയം മുന്നോട്ടുപോകുവാനുള്ള പരിശ്രമങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

## സാമൂഹ്യവികസന സങ്കല്പനങ്ങൾ

ജനസമൂഹങ്ങളുടെ സ്വയം ശാക്തീകരണത്തിന് സ്വീകരിക്കാവുന്ന നിരവധി മാർഗങ്ങൾ സാമൂഹ്യപണ്ഡിതന്മാർ മുന്നോട്ടുവച്ചിട്ടുണ്ട്. അത്തരം ഒരു മാതൃക പ്രയോഗിച്ച് വിജയിച്ചവരാണ് അമേരിക്കൻ ജനസംഖ്യയുടെ 2.5 ശതമാനം വരുന്ന യഹൂദ ജനവിഭാഗം. ഇന്ന് അവർ അമേരിക്കൻ രാഷ്ട്രീയത്തിലെയും സാമ്പത്തികവ്യവസ്ഥയുടെയും നിർണായകഘടകമായി മാറിയത്, അവർ സ്വീകരിച്ച സാമൂഹ്യവികസന മാതൃകയിലൂടെയാണ്. അവരുടെ വളർച്ച പരിശോധിച്ചാൽ നാല് മേഖലകളിൽ അവർ ശ്രദ്ധയോടെ പ്രവർത്തിച്ചതായി കാണുവാൻകഴിയും. അവയെ നാല് സങ്കല്പനങ്ങളായി വേർതിരിക്കാം. സോഷ്യൽ ക്യാപ്പിറ്റൽ, ഇക്കണോമിക് ക്യാപ്പിറ്റൽ, പൊളിറ്റിക്കൽ ക്യാപ്പിറ്റൽ, കൾച്ചറൽ ക്യാപ്പിറ്റൽ, എന്നിവയാണവ.

പൊതുലക്ഷ്യം മുന്നിൽവച്ചുകൊണ്ട്, വേർതിരിവുകളെല്ലാം മറന്ന്, യഹൂദസമൂഹത്തിന്റെ സംഘടനാപരമായ കൂട്ടായ്മയിലൂടെ ഉണ്ടായിവന്ന ഐക്യവും സഹകരണവും സൃഷ്ടിച്ചതാണ് സോഷ്യൽ ക്യാപ്പിറ്റൽ അഥവാ സാമൂഹ്യ മൂലധനം. പരസ്പരവിശ്വാസത്തിലൂന്നിയ നിരന്തരമായ സഹകരണത്തിലൂടെ രൂപപ്പെടുന്ന ആശയങ്ങളിലൂടെ പുതിയ സാമ്പത്തിക കർമപദ്ധതികൾ രൂപപ്പെട്ടു. അമേരിക്കയിലെ യഹൂദസമൂഹത്തിന്റെ വികസനത്തിൽ ഈ മാതൃക ശക്തമായി പ്രവർത്തിച്ചു. സാമൂഹ്യമായ കൂട്ടായ്മകളിലൂടെ വിദ്യാഭ്യാസപരമായും, സാമ്പത്തികമായും യഹൂദസമൂഹം വിജയിച്ചു. ഈ വളർച്ച അവരുടെ ശാക്തീകരണത്തിന് ഉതകുന്ന രാഷ്ട്രീയ മൂലധനമായി (Political Capital) മാറി. സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ വളർച്ച, യഹൂദ സമൂഹത്തെ അമേരിക്കയിലെ സുപ്രധാന സാംസ്കാരികസാന്നിധ്യമാക്കിമാറ്റി. അമേരിക്കൻ രാഷ്ട്രീയത്തെയും സാമ്പത്തിക-സാമൂഹ്യജീവിതത്തെയും നിർണായകമായി സ്വാധീനിക്കുന്ന ജനസമൂഹമാണ് ഇന്ന് അമേരിക്കയിലെ യഹൂദവിഭാഗം.

ഇത് പടിപടിയായുള്ള, കൃത്യമായ പദ്ധതിയുടെ അടിസ്ഥാനത്തിൽ വളർന്നുവന്ന ഒരു സമൂഹത്തിന്റെ കഥയാണ്. മേൽ സൂചിപ്പിച്ച നാല് സങ്കല്പനങ്ങൾ മുന്നോട്ടുവയ്ക്കുന്നത് സാമൂഹ്യവളർച്ചയ്ക്കുള്ള ഒരു മാതൃകയാണ്. അവയെ നമ്മുടെ സാഹചര്യങ്ങൾക്കനുസരിച്ച് പ്രയോഗവൽക്കരിക്കാവുന്നതാണ്. അല്ലാതെ, നമ്മൾ സ്ഥിരമായി ചെയ്യുന്നവ ആവർത്തിച്ചുകൊണ്ട്, വ്യത്യസ്തമായ ഫലം പ്രതീക്ഷിക്കരുത്. വ്യത്യസ്തമായ, ഗുണപരമായ മാറ്റം ഉണ്ടാകണമെങ്കിൽ നമ്മുടെ സമീപനങ്ങളിലും പ്രവർത്തനങ്ങളിലും നിർണായകമായ മാറ്റം ഉണ്ടാകണം.

തിരുവനന്തപുരം അതിരൂപത നവതിയിലേക്ക് കടക്കുമ്പോൾ, തിരുവനന്തപുരത്തെ മാത്രമല്ല, കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും, അവരെ സമൂഹത്തിന്റെ സുപ്രധാന ചാലകശക്തിയാക്കാനുമുള്ള കർമപദ്ധതികൾ ആവിഷ്കരിക്കയും അവ ഫലപ്രാപ്തിയിലെത്തുന്നെന്ന് ഉറപ്പുവരുത്തുകയും ചെയ്യാൻ കഴിയണം. അതിന് കേരളത്തിലെ ലത്തീൻ കത്തോലിക്കാ വിഭാഗത്തിലെ ആത്മീയ-അല്മായ നേതൃത്വങ്ങൾ കൂട്ടായി പരിശ്രമിക്കണം. എങ്കിൽ മാത്രമേ നമ്മുടെ ജനസമൂഹങ്ങളോട് നീതിപുലർത്തിയെന്നു പറയാനാവൂ. അതിനു ആത്മീയനേതൃത്വവും അല്മായ നേതൃത്വവും ഒരുമിച്ചുപ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ●

•കാനോൻ നിയമം



# ദമ്പതികളുടെ വേർപെടുത്തൽ

ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

വിവാഹം സ്ത്രീയും പുരുഷനും തമ്മിലുള്ള പവിത്രമായ ബന്ധമാണ്. കത്തോലിക്കാസഭയുടെ ദർശനത്തിന്റെയും വിശ്വാസത്തിന്റെയും വെളിച്ചത്തിൽ വിവാഹത്തിന്റെ പവിത്രതയുടെ അടിസ്ഥാനം, 'ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്തരുത്' (മത്താ. 19:6) എന്ന യേശുവിന്റെ പ്രബോധനമാണ്. സഭാദർശനത്തിൽ സാധുവായ എല്ലാ വിവാഹബന്ധങ്ങളും പാവനമാണ്; എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച രണ്ടു വ്യക്തികൾ തമ്മിലുള്ള സാധുവായ വിവാഹം ഒരു കൂദാശയാണ്. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1141 പ്രകാരം, കൗദാശികമായി നടത്തപ്പെട്ടതും ലൈംഗികസംയോഗം വഴി പൂർണമാക്കപ്പെട്ടതുമായ വിവാഹബന്ധം, മരണമൊഴികെ, മറ്റൊരു കാരണത്താലും വേർപെടുത്താൻ പാടുള്ളതല്ല.

സഭാകോടതികളുടെ ഒരു പ്രധാന ദൗത്യം വിവാഹത്തിന്റെ സാധുത ചോദ്യം ചെയ്തുകൊണ്ടുള്ള അപേക്ഷകളിന്മേൽ സഭാപരമായ നീതി നിർവഹണ തീർപ്പുനല്കുകയാണ്. അതിനതീതമായ സാഹചര്യങ്ങളിൽ ദമ്പതികളുടെ വേർപെടുത്തൽ വിവരിക്കുകയാണ് CIC 1141-1155. അതനുസരിച്ച് ദമ്പതികൾ തമ്മിലുള്ള വേർപിരിയൽ രണ്ടുതരത്തിലാകാം:

1. ദാമ്പത്യബന്ധത്തിൽനിന്നുള്ള വേർപെടുത്തൽ (CIC 1141-1150);

2. ദാമ്പത്യബന്ധം സംരക്ഷിച്ചുകൊണ്ടുള്ള (നിലനിർത്തിക്കൊണ്ടുള്ള) വേർപെടുത്തൽ (CIC 1151-1155).

1. ദാമ്പത്യബന്ധത്തിൽ നിന്നുള്ള വേർപെടുത്തൽ (Dissolution of Bond)

ദാമ്പത്യബന്ധം തുടരാൻ കഴിയാത്ത രണ്ടു പ്രത്യേക സാഹചര്യങ്ങളിൽ വിവാഹബന്ധം വേർപെടുത്തിക്കിട്ടാൻവേണ്ടി ദമ്പതികളുടെയോ അവരിലൊരാളുടെയോ അപേക്ഷയിന്മേൽ പ്രത്യേക സാഹചര്യം ഉറപ്പാക്കിയശേഷമാണ് ദാമ്പത്യബന്ധത്തിൽ നിന്നുള്ള വിടുതൽ നല്കുന്നത്. ഈ രണ്ടു സാഹചര്യങ്ങളിലും രണ്ടുതരം പ്രിവിലേജ് (ആനുകൂല്യങ്ങൾ) അനുസരിച്ചാണ് വേർപെടുത്തുന്നത്:

(i) പട്രൈൻ പ്രിവിലേജ്. സഭാപരമായി ആഘോഷിച്ച വിവാഹബന്ധം ലൈംഗിക സംയോഗത്താൽ പൂർണമാക്കപ്പെടാത്ത സാഹചര്യത്തിൽ പാപ്പാ അനുവദിക്കുന്ന ദാമ്പത്യബന്ധ വേർപെടുത്തൽ. ദമ്പതികൾ തമ്മിൽ ലൈംഗികബന്ധം നടന്നിട്ടില്ലെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ ഉറപ്പുവരുത്തിയശേഷം രൂപതാകോടതികൾ കൈമാറുന്ന തെളിവുകളുടെയും കണ്ടെത്തലുകളുടെയും വെളിച്ചത്തിൽ പാപ്പയാണ് ദാമ്പത്യബന്ധത്തിൽനിന്നുള്ള വേർപെടുത്തൽ അനുവദിക്കുന്നത്.

(ii). പൗളൈൻ പ്രിവിലേജ്. ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ലാത്ത രണ്ടു വ്യക്തികൾ തമ്മിലുള്ള വിവാഹത്തിന്റെ കാര്യത്തിൽ, ഒരാൾ ജ്ഞാനസ്നാനം സ്വീകരിക്കുകയും ജ്ഞാനസ്നാനം സ്വീകരിക്കാത്ത വ്യക്തി പിരിഞ്ഞുപോവുകയോ, സ്രഷ്ടാവിനോടുള്ള ദൂഷണം കൂടാതെ ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തിയുമായി സമാധാനപരമായി ഒന്നിച്ചുജീവിക്കാൻ വൈമനസ്യം കാണിക്കുന്നതിന്റെപേരിൽ വിവാഹബന്ധം തകരുകയോ ചെയ്യുന്നതുമൂലം ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തി സഭാപരമായി പുതിയ വിവാഹബന്ധത്തിൽ പ്രവേശിക്കുമ്പോൾ ആദ്യവിവാഹബന്ധം നിയമത്താൽത്തന്നെ വേർപിരിയുന്നു.

പൗളൈൻ പ്രിവിലേജ് അനുസരിച്ച് പുതിയ വിവാഹത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ജ്ഞാനസ്നാനം സ്വീകരിക്കാത്ത വ്യക്തിയോട് താഴെപ്പറയുന്ന രണ്ടുകാര്യങ്ങൾ ചോദിച്ചിരിക്കേണ്ടതാണ് ((interpellation):

(a) ആ വ്യക്തി ജ്ഞാനസ്നാനം സ്വീകരിക്കാൻ ആഗ്രഹിക്കുന്നുണ്ടോ?;

(b) സ്രഷ്ടാവിനോടുള്ള ദൂഷണം കൂടാതെ, ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തിയുമായി സമാധാനപരമായി ഒന്നിച്ചു ജീവിക്കാനെങ്കിലും സന്നദ്ധമാണോ?

ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തിയുടെ പ്രാദേശിക സഭാധികാരിയുടെ അനുവാദം തേടാതെ മുകളിൽ സൂചിപ്പിച്ച രണ്ടുകാര്യങ്ങളിലുള്ള ചോദ്യംചെയ്യൽ ഒഴിവാക്കാൻ പാടില്ലാത്തതാണ്.

2. ദാമ്പത്യബന്ധം സംരക്ഷിച്ചുകൊണ്ടുള്ള വേർപെടുത്തൽ (Seperation while the Bond remains)

ജീവിതപങ്കാളി വ്യഭിചാരംചെയ്തു എന്ന് അറിഞ്ഞശേഷം നിർദോഷിയായ പങ്കാളി താഴെപ്പറയുന്ന രണ്ടു തീരുമാനങ്ങൾ എടുത്താൽ ചുമതലപ്പെട്ട സഭാധികാരിയെ സമീപിച്ച് ദാമ്പത്യജീവിതം വേർപെടുത്തിക്കിട്ടാനുള്ള അപേക്ഷ സമർപ്പിക്കാനുള്ള അവകാശമുണ്ട്:

(i) വ്യഭിചാരിയായ ജീവിതപങ്കാളിയുമായുള്ള ദാമ്പത്യബന്ധം വേർപെടുത്താൻ ആഗ്രഹിക്കുന്നില്ല;

(ii) വ്യഭിചാരിയായ ജീവിതപങ്കാളിയുമായി ഒരുമിച്ചുള്ള ദാമ്പത്യജീവിതം ആഗ്രഹിക്കുന്നില്ല.

ഈ സാഹചര്യത്തിൽ ദാമ്പത്യജീവിതം വേർപിരിഞ്ഞ് ജീവിക്കാൻ ദമ്പതികളെ അനുവദിക്കുമ്പോൾ സന്താനങ്ങളുടെ ഉപജീവനത്തിനും വിദ്യാഭ്യാസത്തിനുംവേണ്ട സംവിധാനം ഉണ്ടെന്ന് സഭാധികാരി ഉറപ്പാക്കണം. •



•ലേഖനം



# മക്കളും മാതാപിതാക്കളും

ഫാ. ഫിൽസൺ ഫ്രാൻസിസ്



'Love is the first ingradient in the relief of suffering'

St. Padre Pio

സ്നേഹവും നന്ദിയും ഇല്ലാതായിക്കൊണ്ടിരിക്കുന്ന ലോകത്ത് ഇവയെല്ലാം നിയമനിഷ്ഠയാൽ നടപ്പിലാക്കേണ്ടിവരുന്നു. ഈ വർഷം ആദ്യം കേട്ട കൗതുക വാർത്തകളിലൊന്ന് തെലുങ്കാനയിൽ നിന്നുമായിരുന്നു. തെലുങ്കാനാ മുഖ്യമന്ത്രി രേവന്ത് റെഡ്ഡി മുന്നോട്ടുവച്ച ഒരു നിയമമാണ് വാർത്തയായത്. മാതാപിതാക്കളെ പരിഗണിക്കുകയോ പരിചരിക്കുകയോ ചെയ്യാത്ത സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും 10% മുതൽ 15% വരെ കുറയ്ക്കാനും ആ തുക മാതാപിതാക്കൾക്ക് ചെലവിനായ് അയച്ചുകൊടുക്കാനും നിർദ്ദേശിക്കുന്നതാണ് നിയമം. കേരളത്തിൽ വളരെ വേഗത്തിൽ ഇടപെടാവുന്ന ജാഗ്രതാ സമിതികൾ പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ നേതൃത്വത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ജീവിതബന്ധങ്ങളുടെ കഥയെഴുതി മുന്നോട്ടുപോകുമ്പോൾ ഇടപെടലിന്റെ തൂലികയിൽ സ്നേഹത്തിന്റെ മഷി വറ്റിപ്പോകുമ്പോഴാണ് പിന്നെയത് നിയമങ്ങൾകൊണ്ട് എഴുതിത്തുടങ്ങേണ്ടിവരുന്നത്.

പത്തു കല്പനകൾ ദൈവം നൽകിയതും അങ്ങനെതന്നെ. സ്നേഹരാഹിത്യത്താൽ ഹൃദയം ശിലയായ് മാറിയപ്പോൾ ശിലമേൽ ദൈവം സൃഷ്ടികർമത്തിനുപയോഗിച്ച അതേ വിരലുകളാൽ നിയമമെഴുതി നൽകി. അതിൽ ആദ്യത്തെ മൂന്നെണ്ണം ദൈവത്തോടുള്ള സ്നേഹക്കുറവ് പരിഹരിക്കാനായിരുന്നെങ്കിൽ പിന്നെയുള്ള ഏഴെണ്ണം മനുഷ്യന് മനുഷ്യരോടുള്ള സ്നേഹക്കുറവിന്റെ പരിഹാരത്തിനായിരുന്നു. അതിൽ ഒന്നാം സ്ഥാനം മാതാപിതാക്കളോടുള്ള സ്നേഹാദരവുകളെപ്പറ്റിയാണ്.

നിയമങ്ങൾ ഒന്നും ഇല്ലാതെയാക്കുവാനല്ല പൂർത്തിയാക്കുവാനാണ് ദൈവം മനുഷ്യനായ് അവതരിച്ചത്. അങ്ങനെ മനുഷ്യപുത്രൻ നമുക്കായ് നിയമമനുസരണത്തിന്റെ മാതൃകയായി ജീവിച്ചു.

4 വർഷങ്ങൾക്കു മുൻപ് കൊല്ലം രൂപതയിലെ അഴീക്കൽ ദൈവാലയം പുനരുദ്ധരിച്ച് ആശീർവാദത്തിന് ഒരുങ്ങുമ്പോൾ അവിട

ത്തെ അന്നത്തെ വികാരിയായിരുന്ന ഞാൻ കൊല്ലം മെത്രാനോട് ഒരു പുതിയതരം രൂപം സ്ഥാപിക്കുന്നതിന് അനുമതി ചോദിച്ചു. അന്നുവരെ മറ്റൊരു ദൈവാലയത്തിലും സ്ഥാപിക്കാത്ത ഒരു രൂപം. യുവാവായ യേശുനാഥൻ തന്റെ മാതാപിതാക്കളെ ചേർത്തുപിടിച്ചുനിൽക്കുന്ന ഒരു തിരുക്കുടുംബ രൂപം. വി. യൗസേപ്പിതാവും പരിശുദ്ധ മറിയവും ചേർന്ന് ഉണ്ണിയേശുവിനെയോ ബാലനായ യേശുവിനെയോ ചേർത്തുപിടിച്ചരിക്കുന്ന രൂപങ്ങളായിരുന്നു മറ്റെല്ലാ ദൈവാലയങ്ങളിലും സ്ഥാപിച്ചിരുന്നത്. ഇത്തരത്തിൽ വ്യത്യസ്തമായ ഒരു രൂപം സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണെന്ന് മെത്രാൻ ചോദിച്ചു.



സാധാരണ തിരുക്കുടുംബ രൂപങ്ങളിലും ചിത്രങ്ങളിലും ഒരു കുഞ്ഞിനെ പരിചരിക്കുന്ന സ്നേഹമുള്ള മാതാപിതാക്കളാണ് അവതരിപ്പിക്കപ്പെടുന്നതെങ്കിൽ ഈ രൂപത്തിൽ യുവാവായ മകൻ മാതാപിതാക്കന്മാരെ ചേർത്തുപിടിച്ചിരിക്കുന്നതായി അവതരിപ്പിക്കുന്നു. അതായത് യുവാവായ യേശു തന്റെ മാതാപിതാക്കളെ സ്നേഹത്തോടെ പരിഗണിക്കുകയും പരിചരിക്കുകയും ചെയ്തിരുന്നു എന്നത് ക്രിസ്തുവിനെ സ്നേഹിക്കുകയും അനുകരിക്കുകയും ചെയ്യാനാഗ്രഹിക്കുന്ന ഏതൊരാൾക്കും മാതൃകയാണ്. മുപ്പതാം വയസ്സിൽ യേശുനാഥൻ പരസ്യജീവിതത്തിന് ഇറങ്ങുന്നതിനുമുൻപ് യൗസേപ്പിതാവ് ഇഹലോകവാസം വെടിഞ്ഞു എന്ന് പാരമ്പര്യങ്ങൾ പറയുമ്പോൾ അതുവരെയും മരണനേരത്തും നാഥൻ ഒരു ഉത്തമ പുത്രന്റെ പരിചരണവുമായി അരികിലുണ്ടായിരുന്നു എന്നതാണ് യൗസേപ്പിതാവിനെ ഭാഗ്യമരണത്തിന്റെ മധ്യസ്ഥനാക്കുന്നത്. സത്യത്തിൽ മക്കളുടെ സ്നേഹവും പരിചരണവും കിട്ടി മരിക്കാനാവുക എന്നതുതന്നെയാണ് "ഭാഗ്യമരണം" എന്നു പറയുന്നത്. നിർഭാഗ്യവാന്മാരാണ് ഇന്ന് ഏറിയപങ്ക് മാതാപിതാക്കളും.

പരസ്യജീവിതത്തിലായിരിക്കുമ്പോഴും നാഥന് തന്റെ അമ്മയുടെ കാര്യങ്ങളിൽ ശ്രദ്ധയുണ്ടായിരുന്നു. താൻ മരിച്ചുകഴിഞ്ഞാലും അമ്മയെ ശുശ്രൂഷകളും പരിചരണവും സ്നേഹവും കിട്ടുന്ന സുരക്ഷിത കരങ്ങളിലേൽപിക്കണം എന്ന ശ്രദ്ധയാണ് കുരിശിൽക്കിടന്ന് അവിടുന്ന് പ്രകടിപ്പിക്കുന്നത്. തന്റെ ഇഷ്ടശിഷ്യന് അമ്മയെ ഏല്പിച്ചുനല്കി. താൻ മരിച്ചാലും അമ്മ സുരക്ഷിതയായിരിക്കണമെന്ന മകന്റെ ആത്മാർഥ സ്നേഹം മനുഷ്യർക്കുള്ള വലിയ സന്ദേശവും മാതൃകയുമാണ്.

പത്രോസിന്റെ അമ്മായിയമ്മയുടെ പനി സുഖപ്പെടുത്തുന്നതും, ഒരു വിധവയുടെ ഏകസന്താനം മരിച്ചു അടക്കം ചെയ്യാൻ കൊണ്ടുപോകുംവഴി ഉയിർപ്പിച്ചു നൽകുന്നതുമെല്ലാം യേശുനാഥന്റെ മാതാപിതാക്കളോടുള്ള സ്നേഹത്തിന്റെ വ്യത്യസ്ത പാഠങ്ങളായി നാം സ്വീകരിക്കണം. വിധവയുടെ ചില്ലിക്കാശിനെ നാഥൻ അഭിനന്ദിച്ചതും മകൾ മരിച്ച ജായ്റോസിനെ അവിടുന്ന് പരിഗണിച്ചതും മുതിർന്നവരോടുള്ള സ്നേഹാദരവിന്റെ ഭാഗമായി കാണാനാവും.

നിത്യജീവൻ അവകാശമാക്കാൻ നിയമങ്ങൾ അനുസരിക്കണം എന്ന് നാഥൻ പറയുന്ന ഭാഗത്ത് നിയമങ്ങൾ ഏതെല്ലാം എന്ന ചോദ്യത്തിന് നാഥൻ മറുപടി പറയുന്നത് ശ്രദ്ധേയമാണ്: കൊല്ലരുത് , വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം നല്കരുത്.... ഈ "അരുതുകൾ" പറഞ്ഞശേഷം ചെയ്യേണ്ട രണ്ടു കാര്യങ്ങൾ അവിടുന്നു പറയുന്നത് ശ്രദ്ധിക്കുക:" പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക, നിന്നെപ്പോലെ നിന്റെ അയല്ക്കാരനെ സ്നേഹിക്കുക" (മത്താ. 19:19).

മാതാപിതാക്കളോട് ശ്രദ്ധയും പരിഗണനയുമില്ലാതെ ഉയർന്ന വരുമാനവും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളുടെ നിലവാരവും, ജീവിത ഉത്തരവാദിത്തങ്ങളിൽനിന്നുള്ള സ്വാതന്ത്ര്യവും ലക്ഷ്യംവച്ച് യുവജനങ്ങൾ വിദേശരാജ്യങ്ങളിലേയ്ക്ക് കുടിയേറുമ്പോൾ നമ്മുടെ ഭവനങ്ങൾ എല്ലാം വൃദ്ധസദനങ്ങളായി മാറുകയാണെന്ന് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ പരാമർശം മാധ്യമങ്ങൾ ഏറ്റെടുത്തിരുന്നു. ഇത് ഒരു യാഥാർഥ്യമാണ്.

മക്കൾ മെച്ചപ്പെട്ട ജീവിത നിലവാരത്തിലേക്ക് ഉയരുന്നത് മാതാപിതാക്കൾക്ക് സന്തോഷമുള്ള വസ്തുതയാണ്. അവർ അത് ആഗ്രഹിക്കുന്നു. അതിനാൽതന്നെ അതിന് തടസ്സംനിൽക്കുന്നുമില്ല. പക്ഷേ, ഈ കുടിയേറിപ്പോകുന്ന മക്കളാരും പിന്നെ തിരികെ വരാൻ ആഗ്രഹിക്കുന്നില്ല. മാതാപിതാക്കൾ അന്ത്യദിനത്തോട് അടുത്തെന്ന് അറിഞ്ഞാൽപ്പോലും പലരും കാണാൻ ആഗ്രഹിക്കുന്നില്ല. മരിച്ചാൽ മൃതസംസ്കാരത്തിനു വരുന്നതിനുള്ള ചിലവുകൾ കണക്കുകൂട്ടി നാട്ടിൽ വരാതെ ഓൺലൈനായ് മൃതസംസ്കാരത്തിൽ പങ്കുചേരുന്നു.

ഞാൻ മുൻപ് വികാരിയായി സേവനം ചെയ്ത ഇടവകയിൽ സ്വന്തം പിതാവിന്റെ അന്ത്യദിനങ്ങൾ കണക്കാക്കി വിദേശത്തുനിന്നും ലീവെടുത്ത് എത്തിയതാണ് ഒരു മകൻ. ഇത്രാം തീയതി അപ്പൻ മരിച്ചാൽ ഇത്രാം തീയതി മൃതസംസ്കാരവും ഇത്രാം തീയതി ഏഴാംദിന ദിവ്യബലിയും കഴിഞ്ഞ് ഇത്രാം തീയതി മടക്കയാത്ര എന്നതായിരുന്നു പദ്ധതി. പക്ഷേ, പിതാവ് മരിക്കുന്നില്ല. ദൈവത്തിന്റെ സമയത്തെ മകൻ ഡോക്ടറുടെ സഹായത്തോടെ തന്റെ പദ്ധതിയനുസരിച്ച് തിരുത്തി, നിശ്ചയിച്ച തിയതികളിൽ ക്രമീകരിച്ച് എല്ലാം പൂർത്തിയാക്കി തിരികെ പോയി. അവന്റെ കടമ അവൻ നിറവേറ്റി. യേശുനാഥന്റെ വാക്കുകൾ ഓർക്കാം: " എന്നാൽ, ഒരുവൻ പിതാവിനോടോ മാതാവിനോടോ നിങ്ങൾക്ക് എന്നിൽനിന്നു ലഭിക്കേണ്ടത് കൊർബ്ബാൻ - അതായത് വഴിപാട് - ആണ് എന്നു പറഞ്ഞാൽമതി എന്നു നിങ്ങൾ പറയുന്നു" (മർക്കോ. 7:11).

ഒപ്പമിരിക്കാൻ, ഒന്നു തലോടാൻ, ഒരുമ്മ നൽകാൻ, ഒരിറ്റ് ചോറ് വാരിക്കൊടുക്കാൻ മക്കൾ മാതാപിതാക്കൾക്ക് അരികിലില്ലെങ്കിൽ അവരെ നോക്കി നമുക്കീ വചനം ഉരുവിടാം: "ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്തു പ്രയോജനം?" (മർക്കോ. 8:36).

ആ മക്കൾ അവരുടെ വാർധക്യം എത്തുമ്പോൾ ഓമനിച്ചവരെപ്പറ്റി ഓർത്തെടുക്കാൻ ഒന്നുമില്ലാതെ ഒടുങ്ങേണ്ടിവരുമെന്ന് ഓർമിക്കുക.

•

• കഥ



# കാലാന്തരം

## എം. ജോൺസൺ റോച്ച്

മത്ത്യാസ്, തന്റെ ഭാര്യയും കൊച്ചുമോൾ ലിസിയുമൊത്ത് തന്റെ ബന്ധുവായ ജെയിംസിന്റെ മകളുടെ കല്യാണത്തിനായി പുറപ്പെട്ടു. ബസ്സ്റ്റോപ്പിലേക്കുള്ള യാത്രയ്ക്കിടയിൽ മാലാഖയുടെ രൂപഭംഗിയുള്ള, ഒരു പൂമ്പാറ്റയെപ്പോലെ തുള്ളിക്കളിക്കുന്ന രണ്ടാം ക്ലാസുകാരി തന്റെ കൊച്ചുമകൾ ലിസിയുടെ കൈ മത്ത്യാസ് പതിവുപോലെ പിടിച്ചു നടക്കാൻ ശ്രമിച്ചു. ലിസിമോൾ അപ്പൂപ്പന്റെ കൈ തട്ടിമാറ്റി, പരവേശത്തോടെ പരുന്ത് റാഞ്ചിയെടുക്കാനെത്തുമ്പോൾ പ്രാണഭയത്താൽ തള്ളക്കോഴിയുടെ ചിറകുനുള്ളിൽ ഒളിക്കുന്ന  കോഴിക്കുഞ്ഞിനെപ്പോലെ അവളുടെ അമ്മൂമ്മയുടെ അടുക്കലേക്ക് ചെന്നണഞ്ഞു. ഇത് മത്ത്യാസിന്റെ മനസ്സിൽ സൂചികൊണ്ടുകുത്തിയതുപോലൊരു മുറിവ് ഉണ്ടാക്കി.

ബസ് കയറുമ്പോൾ മത്ത്യാസിന്റെ കൈപിടിച്ച് ബസ്സിൽ കയറാറുള്ള ലിസിമോൾ, മത്ത്യാസിനെ ശ്രദ്ധിക്കാതെ ബസ്സിൽ കയറുകയും മത്ത്യാസിന്റെ അടുത്തിരിക്കാൻ വെമ്പൽകാട്ടുന്ന അവൾ, അവളുടെ അമ്മൂമ്മയുടെ അടുത്തിരിക്കുകയും ചെയ്തതോടെ മത്ത്യാസിന്റെ മനസ്സിൽ കാർമേഘങ്ങൾ നിറഞ്ഞു.

അപ്പോഴാണ് ഇക്കഴിഞ്ഞ രണ്ടു ദിവസങ്ങളിലും തന്റെ കൊച്ചുമോളിൽ വന്ന മാറ്റങ്ങൾ ഒരു പ്രവാഹം കണക്കെ മത്ത്യാസിന്റെ മനസ്സിലേക്ക് ഒഴുകി എത്തിയത്.

സ്കൂൾവാനിൽ കയറ്റിയയ്ക്കാൻ  താൻ കൂടെ ചെല്ലണമെന്ന് നിർബന്ധം



പിടിക്കുന്ന കൊച്ചുമകൾ ഇക്കഴിഞ്ഞ രണ്ടുദിവസങ്ങളിലും തന്നെ അവഗണിച്ചുകൊണ്ട് ഒറ്റയ്ക്ക് വീട്ടിൽനിന്ന് ഇറങ്ങിപ്പോവുകയാണുണ്ടായത്. തന്റെ കൂടെയേ ഉറങ്ങൂയെന്ന് ശാഠ്യം പിടിക്കുന്നവൾ ഇക്കഴിഞ്ഞ രണ്ടു ദിവസങ്ങളിലും അവളുടെ അമ്മയോടൊപ്പമാണ് അന്തിയുറങ്ങിയത്.

എന്തുപറ്റി തന്റെ കൊച്ചു മോൾക്ക്? തന്നിൽ അവൾ അർപ്പിച്ചിരുന്ന സുരക്ഷിതത്വം അവളുടെ കുഞ്ഞുമനസ്സിൽനിന്ന് എവിടെവെച്ച്, എങ്ങനെ നഷ്ടമായതെന്നോർത്ത് മത്ത്യാസിന്റെ മനസ്സ് കലുഷിതമായി.

വിവാഹ ചടങ്ങുകളിൽ ശ്രദ്ധിക്കാതെയും സദ്യ ആസ്വാദിക്കാതെയും പരിചയക്കാരോടെല്ലാം യാന്ത്രികമായി ഇടപെട്ടും കലങ്ങിയ ചിന്തയും മനസ്സുമായി മത്ത്യാസ് നീങ്ങിക്കൊണ്ടേയിരുന്നു.

വീട്ടിലെത്തിയ സഹധർമ്മിണിയോടു മത്ത്യാസ് ചോദിച്ചു: " കൊച്ചുമകൾ എന്താ തന്നോട് ഒരകൽച്ച പാലിക്കുന്നത്?"

വെട്ടൊന്ന് കണ്ടം രണ്ട് എന്ന ഉത്തരമാണ് മത്ത്യാസിന്റെ ഭാര്യയിൽ നിന്ന് പുറപ്പെട്ടത്. "ഓരോ അപ്പൂപ്പന്മാർ കൊച്ചുമക്കളോടു കാണിക്കുന്ന ക്രൂരതകൾ പത്രത്തിൽ കാണാറില്ലേ?"

മത്ത്യാസ് ഇടിവെട്ടേറ്റവനെപ്പോലെ പകച്ചുനിന്നുപോയി. മുപ്പത്തിയഞ്ചുവർഷം തന്നോടൊപ്പം ജീവിതം പങ്കിട്ട, തന്നെ പൂർണമായി മനസ്സിലാക്കിയ ഭാര്യയുടെ വാക്കുകൾ അയാളെ അസ്തപ്രജ്ഞനാക്കി. തിരിച്ചൊന്നും പറയാതെ വിഷണ്ണനായി നിന്നു.

തന്റെ ഭർത്താവിന്റെ ഭാവമാറ്റവും ചേതനയറ്റ നിൽപ്പും കണ്ടപ്പോൾ ഭാര്യ, മത്ത്യാസിനെ സമാശ്വസിപ്പിക്കനെന്നോണം പറഞ്ഞു: "അപ്പൂപ്പനോടു കൂടുതൽ അടുപ്പം കാണിക്കരുതെന്ന് ഞാനല്ല അവളുടെ അമ്മയാണ് കുട്ടിയോടു പറഞ്ഞത്."

ആ വാക്കുകൾ ഇടിവെട്ടേറ്റവനെ പാമ്പുകടിച്ചതുപോലെ മത്ത്യാസിനു അനുഭവപ്പെട്ടു. താൻ ഓമനിച്ചു വളർത്തിയ, തന്നെ അറിയാവുന്ന തന്റെ മകൾക്ക്, കൊച്ചുമകളെ തന്നിൽനിന്ന് അകറ്റിനിറുത്താൻ എങ്ങനെ കഴിയുന്നു?

മത്ത്യാസിന്റെ ചിന്തയും മനസ്സും ശരീരവും അടിപതറി. തന്റെ ഭാര്യയും മകളും അപരിചിതരായ രണ്ടു സ്ത്രീകളെപ്പോലെ പെട്ടെന്നയാൾക്ക് തോന്നി. "അമ്മ അച്ഛനോട് പറയുന്നത് കേട്ടുനിന്ന കൊച്ചുമകളാണ് എന്നോട് വന്നു പറഞ്ഞത്."

ഭാര്യ തുടർന്നു: "ഞാൻ മകളോട് ചോദിച്ചു. അപ്പോൾ അവൾ പറഞ്ഞു, ഞാനങ്ങനെയൊന്നും ഉദ്ദേശിച്ചല്ല പറഞ്ഞത്. കഴിഞ്ഞയാഴ്ച സ്കൂളിലെ കൗൺസിലിംഗ് സമയത്ത് അപ്പൂപ്പന്മാരെല്ലാം അത്ര നല്ലവരല്ലെന്നും അവരുമായുള്ള അടുപ്പം കൂടുതൽ പാടില്ലെന്നും കൗൺസിലർ പറഞ്ഞതായി മോള് എന്നോട് വന്നുപറഞ്ഞു. നിന്റെ അപ്പൂപ്പൻ അങ്ങനെയൊരാളല്ലെന്ന് ഞാനവൾക്ക് മറുപടി കൊടുത്തു. ഒരാണുങ്ങളോടും കൂടുതൽ അടുപ്പം വേണ്ടന്നേ അവളോട് ഞാൻ പറഞ്ഞുള്ളൂ. അവളുടെ ക്ലാസ് ടീച്ചറും അവളുടെ കൂട്ടുകാരി നിർമലയും അപ്പൂപ്പൻമാരെല്ലാം കുഴപ്പക്കാരാണെന്നാണ് രണ്ടു ദിവസങ്ങൾക്ക് മുൻപ് അവളെ പഠിപ്പിച്ചു വിട്ടിരിക്കുന്നത്. അതുകൊണ്ടാണ് കൊച്ചുമോൾ അപ്പൂപ്പനോട് കൂടുതൽ അടുപ്പം കാണിക്കാതിരിക്കുന്നത്."

തന്റെ ഓരത്തിരുന്ന് കഥകളും അനുഭവങ്ങളും ജീവിതവും അഭ്യസിക്കേണ്ട തന്റെ കൊച്ചുമകൾ തന്നെ ഭയപ്പാടോടെ കാണുന്നു. തന്നെ സംശയത്തോടെ വീക്ഷിക്കുന്നു. മാറിയ ലോകാവസ്ഥ മനസ്സിലാക്കാനാവാതെ, ഉൾക്കൊള്ളാനാവാതെ പതറിയ മനസ്സും അനിയന്ത്രിതമായ ഹൃദയമിടിപ്പും വിയർത്ത ശരീരവുമായി മത്ത്യാസ് ചാരുകസേരയിൽ ചെന്നമർന്നു.

•




വിദ്യാഭ്യാസശുശ്രൂഷ
തിരുവനന്തപുരം അതിരൂപത

# സ്റ്റുഡൻസ് ഫോറം യോഗസഹായി

**ഫെബ്രുവരി 2026**

തയ്യാറാക്കിയത്: സ്റ്റുഡൻസ് ഫോറം റിസോഴ്സ് ടീം



> **പ്രാർഥനാ ഗാനം**
> **പ്രാർഥന** (എല്ലാവരും ഏറ്റുചൊല്ലുന്നു)

കരുണയുള്ള ദൈവമേ, ഞങ്ങൾക്ക് ശരിയായ വിവേചന ബുദ്ധിയും വ്യക്തമായ കരിയർ ലക്ഷ്യബോധവും നല്കേണമേ. ഞങ്ങളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് ആത്മവിശ്വാസത്തോടെയും ധൈര്യത്തോടെയും നല്ല ഭാവിയിലേക്ക് മുന്നേറാൻ ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് അങ്ങയോട് ഞങ്ങൾ പ്രാർഥിക്കുന്നു.

1സ്വർഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രീത്വസ്തുതി

> **സ്വാഗതം** (പ്രസിഡൻറ്)
> **റിപ്പോർട്ട്** (സെക്രട്ടറി)
> **ഹാജർ** (സെക്രട്ടറി)
> **അധ്യക്ഷപ്രസംഗം** (പ്രസിഡൻറ്)

പ്രിയപ്പെട്ട കൂട്ടുകാരേ ഈ മാസത്തെ ചിന്താവിഷയം 'കരിയർ & ലക്ഷ്യബോധം'

ജീവിതത്തിൽ ഓരോ വ്യക്തിക്കും ഒരു ലക്ഷ്യവും അതിലേക്ക് എത്താനുള്ള കരിയറും ഉണ്ടാകണം. ലക്ഷ്യമില്ലാത്ത ജീവിതം ദിശയില്ലാത്ത കപ്പൽ പോലെയാണ്. ലക്ഷ്യബോധത്തോടെ കരിയർ തിരഞ്ഞെടുക്കുന്നവർ വിജയം ഉറപ്പായും നേടും. ചെറുപ്പത്തിലെ കരിയറിനെക്കുറിച്ച് ചിന്തിക്കുന്നത് നല്ലൊരു തുടക്കമാണ്. ഉയർന്ന ചിന്ത, ഉയർന്ന സ്വപ്നം, മികച്ച ആസൂത്രണം ഇവയാൽ ലോകത്തിലെ ഏറ്റവും മികച്ചത് നിങ്ങൾക്ക് കയ്യടക്കാം. നഷ്ടബോധം, പരാജയം, നിഷേധാത്മക ചിന്തകൾ ഇവയ്ക്ക് ഒരു നിമിഷംപോലും മനസ്സിൽ ഇടം കൊടുക്കരുത്. അവവിജയത്തിന്റെ ശത്രുക്കളാണ്. ലക്ഷ്യം ഉയർന്നതാണെങ്കിൽ, ഉറച്ചതാണെങ്കിൽ, ത്രീവ്രമാണെങ്കിൽ, വിജയിക്കാനൊരു വാശിയുണ്ടെങ്കിൽ, വെട്ടിപ്പിടിക്കാൻ നിങ്ങൾക്ക് മുൻപിൽ ഈ ലോകമുണ്ടാകും. ലക്ഷ്യം യാഥാർഥ്യബോധമുള്ളതായിരിക്കണം. ഒരു സമയത്ത് ഒരു ലക്ഷ്യത്തിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കണം. ലക്ഷ്യം മനുഷ്യനന്മയ്ക്ക് ഉതകുന്നതായിരിക്കണം. അത് മൂല്യങ്ങളുടെ അടിത്തറയിൽ നിലയുറപ്പിക്കുന്നതാകണം.

## ലക്ഷ്യം നിർവചിക്കൽ

> എന്തു പഠിക്കണം?

നമുക്ക് താല്പര്യമുള്ള മേഖല ഏതാണെന്ന് കണ്ടെത്തണം. വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഐടി, ടീച്ചിംഗ്, സിവിൽ സർവീസ്, CA, ഏവിയേഷൻ, മറൈൻ എന്നിങ്ങനെയുള്ള മേഖലകളിൽനിന്ന് നമുക്ക് യോജിച്ച ഒരു ഉപവിഭാഗം തിരഞ്ഞെടുക്കണം.

## കരിയർ ആസൂത്രണം

> സ്വയം തിരിച്ചറിയൽ: ഈ ഘട്ടത്തിൽ സ്വയം ചോദിക്കേണ്ട ചോദ്യങ്ങൾ ഇവയാണ്:

> ഞാൻ എന്താണ്?

> എനിക്ക് എന്തായിത്തീരണം?

> എന്റെ കഴിവുകളും മികവുകളും എന്താണ്?

> എന്റെ മുൻഗണനകൾ ഏവ?

## കണ്ടെത്തൽ:

നമുക്ക് താല്പര്യമുള്ള തൊഴിൽ മേഖലകളെ കണ്ടെത്തുന്ന ഘട്ടമാണിത്.

> എനിക്ക് താല്പര്യമുള്ള തൊഴിലുകൾ ഏവ?

> അവയ്ക്കുള്ള താല്പര്യവും വൈദഗ്ധ്യവും എനിക്കുണ്ടോ? അഥവാ അവ ആർജ്ജിക്കുവാൻ കഴിയുമോ?

ഈ ചോദ്യങ്ങളെ ആഴത്തിൽ വിശകലനം ചെയ്തുവേണം ഒരു തീരുമാനത്തിലെത്താൻ.

## തീരുമാനങ്ങൾ എടുക്കൽ:

നിരവധി സാധ്യതകളിൽനിന്നു നിങ്ങൾക്ക് ഏറ്റവും അനുയോജ്യമായ മേഖല ഏതെന്ന് കണ്ടെത്തുന്നത് വളരെ ശ്രദ്ധയോടെ വേണം

> ആ മേഖലയിൽ പ്രവേശിക്കാനുള്ള തയ്യാറെടുപ്പുകൾ എന്തെല്ലാമാണ്?

> നമ്മുടെ പരിമിതികളും കുറവുകളും എങ്ങനെ നികത്താം.

> എവിടെ പരിശീലിപ്പിക്കണം.

ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം.

## തീരുമാനങ്ങൾ നടപ്പിലാക്കൽ:


> എന്തെല്ലാമാണ് നിങ്ങൾ തിരഞ്ഞെടുത്ത വഴിയിലെത്താൻ ചെയ്യേണ്ടത്?

> എങ്ങനെ മുൻപോട്ടു പോകണം?

> ആരാണ് നിങ്ങളെ സഹായിക്കുക?

> മാർഗതടസ്സങ്ങൾ എങ്ങനെ ഇല്ലാതാക്കാം?

ഈ ചോദ്യങ്ങൾ വളരെ പ്രസക്തമാണ്. മികച്ച പരിശീലനം നേടുക, തൊഴിലിനാവശ്യമായ വൈദഗ്ധ്യം സ്വായത്തമാക്കുക, തൊഴിലിനാവശ്യമായ ആശയവിനിമയശേഷി കൈവരിക്കുക എന്നിവ നിങ്ങളുടെ കർമമേഖലയിലേക്കുള്ള വഴി തുറക്കും. ലോകം ധ്രുതഗതിയിൽ മാറ്റങ്ങൾക്ക് വിധേയമാവുന്നതുകൊണ്ട് തൊഴിൽ മേഖലകളിലും തൊഴിൽശേഷികളിലും അതിന്റെ പ്രതിഫലനങ്ങളുണ്ടാവും. അതുകൊണ്ട് ആശയവിനിമയശേഷി, വിശകലനശേഷി. അടിസ്ഥാനപരമായ ഗണിതബോധം, സോഷ്യൽ





ഇന്റലിജൻസ്, ജീവിക്കുന്ന ലോകത്തെക്കുറിച്ചുള്ള അറിവുകൾ എന്നിവ നേടാനും പുതുക്കാനും ശ്രമിക്കേണ്ടിവരും. പുതിയ സാങ്കേതിക വിദ്യകളും രീതികളും പഠിക്കാനും അവയോട് പൊരുത്തപ്പെട്ടു വാനുമുള്ള ശേഷിയായിരിക്കും ഒരു ഉദ്യോഗാർഥിയുടെ ഭാവി നിശ്ചയിക്കുക.

എപ്പോഴും ലക്ഷ്യത്തെക്കുറിച്ച് മാത്രം- വിജയത്തെക്കുറിച്ച് മാത്രം ചിന്തിക്കുക. നിങ്ങളുടെ ചിന്തകളെ വിശ്വാസംകൊണ്ട് ബോധമനസ്സിനെ ബോധ്യപ്പെടുത്തുമ്പോൾ, ഉപബോധമനസ്സ് നിങ്ങളുടെ ആഗ്രഹങ്ങളെല്ലാം സാധിച്ചു തരുന്നു. 'I can do it' എന്നു ആവർത്തിച്ച് പറയുക. നിഷേധാത്മക ചിന്തകളെ തത്സമയം ക്രിയാത്മക ചിന്തകൾകൊണ്ട് മാറ്റിസ്ഥാപിക്കുക. ക്രിയാത്മക മനോഭാവമാണ് ഒരാളെ വിജയിപ്പിക്കുന്നത്. ജീവിതത്തെപ്പറ്റി വിശാലമായ വീക്ഷണം ആർജിക്കണം. ആത്മവിശ്വാസം, ക്രിയാത്മക മനോഭാവം, സ്വയം മതിപ്പ്, ഇച്ഛാശക്തി ഇവ വളർത്തിക്കൊണ്ടിരിക്കുക. പ്രാർഥന വഴി ശുഭാപ്തി വിശ്വാസം വളർത്തുക. ഞാനിത് ചെയ്യും; ഞാനിത് വിശ്വസിക്കുന്നു- ഇതൊരു മുദ്രാവാക്യമാക്കുക. വിജയിച്ച ആളുകളുമായി നിരന്തരം ബന്ധം പുലർത്തുക. ക്ഷമയോടെയുള്ള പരിശ്രമം തുടരുക. കാത്തിരിക്കുക, കാലം തികയുമ്പോൾ, ലക്ഷ്യം സഫലമാവുകതന്നെ ചെയ്യും

## പൊതു ചർച്ച ചോദ്യങ്ങൾ

> കരിയർ തിരഞ്ഞെടുക്കുന്നതിലും ലക്ഷ്യം കൈവരിക്കുന്നതിലും മാതാപിതാക്കളുടെ പങ്ക്?

> ഒരു കോടിയുടെ സമ്പാദ്യം നഷ്ടമായാലത് നേടാം, എന്നാൽ ഒരു നിമിഷം നഷ്ടമായാൽ അത് നേടാനാകുമോ; ജീവിതത്തിൽ കരിയർ സ്വന്തമാക്കുവാൻ സമയബോധത്തിന്റെ പ്രസക്തി?

> ഇന്നത്തെ വിദ്യാഭ്യാസനയം പൂർണമായും തൊഴിലധിഷ്ഠിതമാണോ?

**വായന പരിശീലനം** (ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)

**പ്രസംഗ പരിശീലനം** (അഞ്ചുപേർ 2 മിനിറ്റു വീതം)
വിഷയം:

**> ലക്ഷ്യമുള്ള ജീവിതം - വിജയത്തിലേക്കുള്ള ആദ്യപടി**

**> ഇന്നത്തെ പഠനം - നാളത്തെ കരിയർ**

**ക്വിസ് മത്സരം**

**> ഭാവിയിൽ ആരാകാൻ ആഗ്രഹിക്കുന്നു?**

**> ഈ കരിയർ തിരഞ്ഞെടുക്കാൻ നിന്നെ പ്രേരിപ്പിച്ചത് എന്താണ് ?**

**> ലക്ഷ്യം നേടാൻ ഇപ്പോൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം?**

**> ദിവസേന പഠിക്കാൻ എത്ര സമയം മാറ്റിവയ്ക്കുന്നു.**

**> പഠിച്ചതെല്ലാം ഓർക്കാൻ ഏതു മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു.**

**> പരീക്ഷയ്ക്കുമുമ്പ് ആത്മവിശ്വാസം നിലനിർത്താൻ എന്തുചെയ്യും?**

**> ലക്ഷ്യംനേടാൻ ഏറ്റവും ആവശ്യമായ ഗുണം ഏവ?**

**> പഠനത്തിൽ ശ്രദ്ധ കൂട്ടാൻ ഒരുപാട് സഹായിക്കുന്ന ഒരു ശീലം പറയുക?**

**> ശക്തികളും കഴിവുകളും ഏവ?**

**> ഭാവിയിൽ ആകാൻ ആഗ്രഹിക്കുന്ന ജോലി എന്താണ്?**

**> മറ്റ് മത്സരങ്ങൾ** (ഉപന്യാസം, കവിത, കഥ)

**> ജന്മദിനാശംസകൾ/അഭിനന്ദനങ്ങൾ**

**> തൊഴിൽ പഠന മത്സര മേഖലയെ പരിചയപ്പെടുത്തൽ** (വൈസ് പ്രസിഡൻറ്)

**> സ്കോളർഷിപ്പ്/ പ്രവേശന പരീക്ഷകളെ പരിചയപ്പെടുത്തൽ** (ട്രഷറർ)

**> വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ** (ഇടവക/ഫൊറോന/രൂപത)

> ചർച്ച:

## 'കുറുക്കുവഴി (വിശുദ്ധ കൊച്ചുത്രേസ്യായുടെ ആധ്യാത്മികത)'

സ്നേഹത്തിന്റെ ദിവ്യമായ ചൂളയിലേക്ക് നയിക്കുന്ന ഏക വഴി എനിക്കു ചൂണ്ടിക്കാണിക്കുവാൻ യേശു ഉദ്യമിക്കുന്നു. ആ വഴിയാകട്ടെ ആത്മസമർപ്പണത്തിന്റേതാണ്. തന്റെ പിതാവിന്റെ കരങ്ങളിൽ ഭയം കൂടാതെ ഉറങ്ങുന്ന ശിശുവിന്റെ ഉറപ്പേറിയ വിശ്വാസമാണത്. ശലോമോന്റെ അധരങ്ങൾ വഴി പരിശുദ്ധാത്മാവ് പറഞ്ഞിട്ടുണ്ട്. ചെറിയവനായവൻ എന്റെ അടുക്കൽ വരട്ടെ. വേറൊരിടത്ത് സ്നേഹത്തിന്റെ ഈ അരൂചി പ്രഖ്യാപിച്ചിട്ടുണ്ട്. ചെറിയവനോട് കാരുണ്യം കാണിക്കപ്പെടുന്നു. പരിശുദ്ധാത്മാവാൽ പ്രചോദിതനായി ഏശയ്യാ അവസാന കാലത്തെക്കുറിച്ച് പറയുന്നു: ഒരിടയനെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുകയും കുഞ്ഞാടുകളെ കൈയിലെടുത്ത് നെഞ്ചത്ത് ചേർത്ത് വഹിക്കുകയും ചെയ്യും.

ഈ തെളിവുകൾ പോരാഞ്ഞിട്ടെന്നപോലെ, നിത്യതയിലേയ്ക്ക് ദൈവനിവേശത്താൽ തന്റെ ദൃഷ്ടികൾ നയിച്ച ഈ പ്രവാചകൻതന്നെ വീണ്ടും പ്രസ്താവിക്കുന്നു. ഞാൻ നിങ്ങളെ പാർശ്വത്തിൽ എടുത്തുകൊണ്ട് നടക്കുകയും മുഴംകാലിന്മേലിരുത്തി ലാളിക്കുകയും ചെയ്യും. അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. **എന്റേതുപോലെ ദുർബലവും പുണ്യത്തിൽ അപൂർണതയുള്ളതുമായ ആത്മാക്കൾ ഞാൻ കരുതുന്നതുപോലെ കരുതുന്നുവെങ്കിൽ സ്നേഹമാകുന്ന പർവതത്തിന്റെ കൊടുമുടിയിലെത്തുവാൻ സാധിക്കുകയില്ലല്ലോ എന്നു വിചാരിച്ച് നിരാശപ്പെടുകയില്ല. ഈശോ പ്രവൃത്തികളെയല്ല, കൃതജ്ഞതയേയും ആത്മസമർപ്പണത്തേയുമാണ് പരിഗണിക്കുക**

**> നന്ദി**

**> മാതാവിനോടുള്ള ഗാനം**

•

# തിരുവനന്തപുരം അതിരൂപത നവതി ആഘോഷിക്കാനൊരുങ്ങുമ്പോൾ

ഇഗ്നേഷ്യസ് തോമസ്



"അജപാലകരുടെ നിത്യരാജൻ നമ്മുടെ വിനീതത്വത്തിൽ നിക്ഷേപിച്ചിരിക്കുന്നതും അഖില ക്രിസ്തീയ ലോകത്തിന്റെയും ആധിപത്യം നമുക്ക് പ്രദാനംചെയ്യുന്നതുമായ പരമ പ്രേഷിത സ്ഥാനം, തങ്ങളുടെ പരിപാലനത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന കർത്താവിന്റെ ആട്ടിൻകൂട്ടത്തെ ആരോഗ്യകരമായി മേയിക്കുകയും നയിക്കുകയും ഭരിക്കുകയും ചെയ്യുന്നതിനുവേണ്ടി, ഇന്നേദിനം താങ്കളുടെ ഭരണത്തിലിരിക്കുന്ന കൊല്ലം രൂപതയുടെ ഒരുഭാഗം വേർതിരിച്ച് അതിൽനിന്നും ലത്തീൻക്രമമനുസരിക്കുന്ന കത്തോലിക്കർക്കായി തിരുവനന്തപുരം ലത്തീൻ രൂപത എന്ന അഭിധാനത്തിൽ ഒരു രൂപത സ്ഥാപിക്കുകയും നമ്മുടെ അഭിവന്ദ്യരായ സഹോദരരും വേദപ്രചാരസംഘത്തിന്റെ നേതാക്കന്മാരുമായ കർദിനാളന്മാരുമായി ആലോചിച്ചുകൊണ്ട് താങ്കളുടെ ഭരണത്തിൽ അതിനെ ഭരമേല്പിക്കുന്നതിനും തീരുമാനിച്ചു". 1937-ാമാണ്ട് ജൂലൈമാസം ഒന്നാം തീയതി 11-ാം പീയൂസ് പാപ്പ തിരുവനന്തപുരം രൂപത സ്ഥാപിച്ചുകൊണ്ട് 'ഇൻ ഓറ മലബാറിക്ക' എന്ന തിരുവെഴുത്തിലൂടെ കേരള സഭാചരിത്രത്തിൽ പുതിയൊരു അധ്യായത്തിന് തുടക്കംകുറിച്ചു.

കേരള ചരിത്രത്തിലാകട്ടെ നിർണായക സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച അവസരമായിരുന്നു ആ വർഷം. ക്ഷേത്ര പ്രവേശന വിളംബരത്തിനു പിന്നാലെ അവർണരെ മഹാത്മാഗാന്ധി ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി ക്ഷേത്രദർശനം നടത്തിയത് മഹാസംഭവമായി വർണിക്കപ്പെടുന്ന അവസരം; തിരുവിതാംകൂറിലെ ജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരമൊരുക്കിക്കൊണ്ട് ദിവാൻ സി.പി. രാമസ്വാമി അയ്യർ പ്രഥമ വൈസ് ചാൻസിലറായി തിരുവിതാംകൂർ സർവകലാശാല സ്ഥാപിതമായ വർഷം; സോഷ്യലിസ്റ്റ് ആശയങ്ങൾ അടിസ്ഥാനമാക്കി തൊഴിലാളി പ്രസ്ഥാനങ്ങൾ സജീവമാകുകയും








അഖിലകേരള വിദ്യാർഥി കോൺഫറൻസ്, ഐക്യകേരളം എന്ന ശക്തമായ ആശയം മുന്നോട്ടുവച്ച് പ്രവർത്തനങ്ങളുമായി മുന്നോട്ടുവന്ന സന്ദർഭം! തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകരിക്കുന്നതിന് കൂടിയാലോചനകളും ചർച്ചകളും നടന്നിരുന്ന അക്കാലഘട്ടത്തിൽ ആനി മസ്ക്രീനും നഗരത്തിലെ പ്രമുഖന്മാരുംചേർന്ന് തിരുവിതാംകൂറിലെ രാഷ്ട്രീയ മണ്ഡലം സജീവമാക്കാനൊരുങ്ങുന്ന അവസരം. പ്രക്ഷുബ്ധമായ രാഷ്ട്രീയ സാമൂഹ്യ അന്തരീക്ഷം നിലനില്ക്കുമ്പോഴാണ് തിരുവനന്തപുരം രൂപത ജന്മംകൊണ്ടത്.

## നവജാതയായ രൂപതയും വിദേശിയനായ മെത്രാനും

തെക്കൻ തിരുവിതാംകൂറിൽ ഊർജിതമായ മിഷൻ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ ബിഷപ് ബെൻസിഗറിന്റെ ശുപാർശയനുസരിച്ച് രൂപംകൊണ്ട തിരുവനന്തപുരം രൂപതയ്ക്ക് നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടിവന്നു. മാതൃരൂപതയായ കൊല്ലം രൂപതക്ക് തദ്ദേശവാസിയായ ഡോ. ജെറോം ഫെർണാണ്ടസിനെ മെത്രാനായി ലഭിച്ചപ്പോൾ ബെൽജിയം ഫ്ളാൻഡെഴ്സ് കർമലീത്താ പ്രോവിൻസ് അംഗമായ ഡോ. വിൻസന്റ് വിക്ടർ ദെരേരെയെയാണ് മെത്രാനായി നവരൂപതയ്ക്ക് ലഭിച്ചത്. കർമലീത്താ സന്യാസ വൈദികർ മിഷൻ കേന്ദ്രങ്ങളിൽ പ്രവർത്തിക്കാൻ യൂറോപ്പിൽനിന്ന് വരുന്നത് ഏറെക്കുറെ നിലച്ചമട്ടായിരുന്നു. കൂടാതെ മിഷനുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം യൂറോപ്പിൽനിന്ന് വരുന്നത് അക്കാലത്ത് ലഭിക്കാതെ വന്നു. പുതിയതായി രൂപംകൊണ്ട തിരുവനന്തപുരം രൂപതയ്ക്ക് മാതൃരൂപതയിൽനിന്ന് ലഭിച്ച ആസ്തികളും സ്വത്തുക്കളും പരിമിതമായിരുന്നു.

തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, ചിറയിൻകീഴ് താലൂക്കുകളും മാമ്പള്ളി മുതൽ തുമ്പവരെയുള്ള തീരപ്രദേശങ്ങളും ചേർന്നതായിരുന്നു പുതിയതായി ജന്മംകൊണ്ട രൂപതയിൽ ഉൾപ്പെട്ടിരുന്ന ഭൂപ്രദേശങ്ങൾ. 1937-ൽ രൂപംകൊണ്ട പുതിയ രൂപതയുടെ ഏകദേശ സ്ഥിതിവിവര കണക്കുകൾ ഇപ്രകാരമായിരുന്നു.

| | |
|---|---|
| വൈദികർ താമസമുള്ള ഇടവകകളുടെ എണ്ണം | 28 |
| മറ്റ് ഇടവകകൾ | 108 |
| പ്രൈമറി വിദ്യാലയങ്ങൾ | 43 |
| മിഡിൽ സ്കൂൾ | 08 |
| ഹൈസ്കൂൾ | 02 |
| അധ്യാപകർ | 212 |
| വൈദികർ | 45 |
| കന്യാസ്ത്രീകൾ | 91 |
| ജനസംഖ്യ | 91,000 |

നവജാതയായ രൂപതയ്ക്ക് നേരിടേണ്ടിവന്ന ബാലാരിഷ്ടതകളെക്കുറിച്ച് അക്കാലത്തെ രൂപതാമുഖപത്രമായ സൊഡാലിസ്റ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലേഖനത്തിൽ ഇങ്ങനെ പറയുന്നു: "ഈ രൂപതയിലെ 12 ഇടവകകൾക്കുമാത്രമേ സ്വന്തം കാലിൽ നിൽക്കാൻ ശേഷിയുള്ളൂ. മറ്റ് സ്ഥലങ്ങളെല്ലാം മിഷൻ സ്റ്റേഷനുകളാണ്. ഇവിടെയെല്ലാം ധാരാളം കാര്യങ്ങൾ ചെയ്യാൻ വമ്പിച്ച ധനം ആവശ്യമുണ്ട്". ഈ മിഷൻ സ്ഥലങ്ങളിലുള്ള ജനങ്ങൾ ദരിദ്രരും അജ്ഞരും നിരക്ഷരരുമാണ്. അതിനാൽ വൈദികർ ഇവർക്ക് നിയമ സാങ്കേതിക ഭരണകാര്യങ്ങൾക്ക് നേതൃത്വം നല്കേണ്ടിവരുന്നു. സുവിശേഷം പ്രസംഗിക്കുക, രോഗികളെ ശുശ്രൂഷിക്കുക, വിദ്യാഭ്യാസാവശ്യങ്ങൾ നിർവഹിച്ചു നല്കുക തുടങ്ങിയ ഭാരിച്ച ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു നടത്തേണ്ടിവരുന്നു. ഇടവകകളിലുള്ള പ്രൈമറി വിദ്യാലയങ്ങൾ ജനങ്ങളുടെ പൂർണ വിദ്യാഭ്യാസാവശ്യങ്ങൾ നിവർത്തിക്കാൻ പോന്നതല്ല, പുതിയ സ്കൂളുകളും കെട്ടിടങ്ങളും പണിയുന്നതിന് സാമ്പത്തിക ഞെരുക്കംമൂലം രൂപതയ്ക്ക് കഴിയുന്നില്ല".

സാമ്പത്തിക ഞെരുക്കത്തിൽനിന്ന് കരകയറാനായി പാങ്ങോട് കാർമൽ ഹിൽ ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചുവന്ന ബെൻസിഗർ പിതാവിനെയുംകൂട്ടി വിൻസന്റ് ദെരേര പിതാവ് യൂറോപ്യൻ നാടുകളിൽ പര്യടനംനടത്തി. ബെൻസിഗർ പിതാവ് വിവിധ യൂറോപ്യൻ രാജ്യങ്ങളിലുണ്ടായിരുന്ന സുഹൃത്തുക്കളെയും ഉപകാരികളെയും സമീപിച്ചു. തന്റെ കുടുംബാംഗങ്ങളിൽനിന്നുപോലും സാമ്പത്തിക സഹായം സ്വീകരിച്ചുകൊണ്ട് സാമാന്യം ഭേദപ്പെട്ട തുക കണ്ടെത്തി നല്കി. 1939-ൽ പൊട്ടിപ്പുറപ്പെട്ട രണ്ടാം ലോക മഹായുദ്ധവും തുടർന്ന് ബെൽജിയം നിഷ്പക്ഷതയുടെ ഭേദനവും ബെൽജിയം ഫ്രാങ്കിന്റെ മൂല്യശോഷണവും രൂപതയെ വല്ലാത്തൊരു സാമ്പത്തികപ്രതിസന്ധിയിലേക്ക്നയിച്ചു.

(തുടരും)

● ലേഖനം



# വേരും ഇലയും

ലിറ്റി ലൂസിയ സൈമൺ

**ദമ്പതികൾ വേരും ഇലയും പോലെയാണ്. വേരുകൾ നിശ്ശബ്ദമായി മണ്ണിനടിയിൽ വൃക്ഷത്തെ മണ്ണോട്ടു ബന്ധിപ്പിച്ചു സുരക്ഷിതമാക്കുന്നു. ഇലകൾ ആകാശത്തെ മുഖാമുഖം ദർശിച്ച് ഊർജം സംഭരിക്കുന്നു. വേര് ജലവും ഇല ഭക്ഷണവും നൽകി വൃക്ഷത്തിന്റെ ജീവൻ നിലനിർത്തുന്നു. ഓരോന്നും തന്റേതായ കർത്തവ്യം നിർവഹിക്കുമ്പോഴും ഒരുമയുടെ അദൃശ്യനൂൽ അവയെ ബന്ധിപ്പിക്കുന്നു.**



"... and then they married and lived happily forever... "

രാജകുമാരന്റെയും രാജകുമാരിയുടെയും കഥ പറഞ്ഞവസാനിപ്പിച്ച്, വാത്സല്യത്തോടെ ഞാൻ കുഞ്ഞുമകളെ നോക്കി. സാധാരണ കഥ കേട്ടുകഴിയുമ്പോൾ കാണാറുള്ള നിഷ്കളങ്കമായ പുഞ്ചിരിക്കു പകരം സംശയത്തിന്റെ ചുളിവുകൾവീണ മുഖത്തോടെ അവൾ ചോദിച്ചു; " അമ്മേ, അപ്പോൾ അന്നുമുതൽ പിന്നീടൊരിക്കലും രാജകുമാരനും രാജകുമാരിയും വഴക്ക് കൂടിയിട്ടേയില്ലേ? "

ശരിയാണല്ലോ ആ ചോദ്യം!! ഒരുപാട് ചിന്തിപ്പിച്ച ഒരു ചോദ്യം... എത്രയോ വർഷങ്ങളായി കുഞ്ഞുങ്ങളെ നാം പറഞ്ഞു പഠിക്കുന്ന ഒരു 'tag line' ആണത്. മനുഷ്യബന്ധങ്ങളുടെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളിലൂടെ കടന്നുപോയിട്ടും അറിയാതെ ആവർത്തിക്കുന്ന ഒരു കുഞ്ഞു കള്ളംപറച്ചിൽ...

ദൈവമായ കർത്താവ് അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അവനു ചേർന്ന ഇണയെ ഞാൻ നൽകും (ഉൽപത്തി 2 : 18). പ്രണയവും അതിന്റെ പൂർത്തീകരണമായ വിവാഹവും സാമൂഹിക ജീവിതത്തിന്റെ അതിപ്രധാനമായ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ്. ഇന്നും ആ കാഴ്ചപ്പാടിന് വലിയ മാറ്റമില്ലെങ്കിലും പ്രണയത്തെയും ദാമ്പത്യബന്ധത്തെയും കുറിച്ചുള്ള സങ്കൽപ്പങ്ങൾക്ക് പുതിയ മാനങ്ങൾ കൈവന്നിരിക്കുന്നു. അവയുടെ ശരിതെറ്റുകൾ നിർണയിക്കുക എന്നത് തികച്ചും വ്യക്തിപരമാണെങ്കിലും, "Breakup" കളുടേയും "divorce cases" ന്റെയും എണ്ണം കൂടിവരുന്ന ഈ സാഹചര്യത്തിൽ, അവയ്ക്ക് നിദാനമെന്ന് തോന്നിയ ചില കാരണങ്ങൾ ഇവിടെ കുറിക്കട്ടെ.

"പൂർണ സ്വതന്ത്ര ഇച്ഛാശക്തി" (Absolute free will) മനുഷ്യന്റെ അടിസ്ഥാന സഹജവാസനയാണ്. എന്നാൽ, ഈ വാസന ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ഏറെ ബുദ്ധിമുട്ടാണ് എന്നത് ഒരു യാഥാർഥ്യമാണ്. പ്രത്യേകിച്ച്, മനുഷ്യബന്ധങ്ങളിൽ. ഉദാഹരണത്തിന്, ഒരു കുഞ്ഞിനെ ഉദരത്തിൽ സംവഹിക്കുമ്പോൾ അമ്മയ്ക്ക് തന്റെ സൗകര്യത്തിന് ശരീരത്തെ ചലിപ്പിക്കാൻ പരിമിതികൾ ഉണ്ടാവുന്നു. പല ഇഷ്ടങ്ങളും ശീലങ്ങളും ത്യജിക്കേണ്ടി വരുന്നു. ഇത്തരം പരിമിതികൾ സന്തോഷത്തോടെ ഉൾക്കൊള്ളാൻ തയ്യാറാകുമ്പോഴാണ് അനുഗ്രഹീതമായ ഒരു ബന്ധം രൂപപ്പെടുന്നത്.

മനുഷ്യൻ മറ്റ് ജീവജാലങ്ങളിൽനിന്ന് വളരെ വ്യത്യസ്തനാണ്. ഓരോ ജീവജാലവും അവയുടെ തനതായ ജീവിതശൈലി പിന്തുടരുന്നവരാണ്. കാരണം അവയുടെ ചിന്തകൾക്ക് പരിധികളുണ്ട്. അതിനാൽതന്നെ ഒരു സമൂഹമായി ജീവിക്കുന്നതിൽ അവയ്ക്ക് മനുഷ്യനോളം ബുദ്ധിമുട്ടില്ല. എന്നാൽ, ചിന്തകൾക്കും സ്വപ്നങ്ങൾക്കും അതിരുകൾ ഇല്ലാത്ത മനുഷ്യർ ഒന്നിച്ചു ജീവിക്കുമ്പോൾ, വ്യക്തിതാല്പര്യങ്ങൾ സാമൂഹിക ഐക്യത്തെ ഹനിക്കാതിരിക്കാൻ നിയമത്തിന്റെ പിൻബലം അത്യാവശ്യമാണ്. നിയമങ്ങളും കീഴ്‌വഴക്കങ്ങളും മനുഷ്യനെ സംരക്ഷിക്കാൻ വേണ്ടിയാണ് രൂപകല്പന ചെയ്തിരിക്കുന്നത്. എന്നാൽ കാലത്തിനനുസരിച്ച് ഭേദഗതി വരുത്താത്ത നിയമങ്ങൾ വ്യക്തിതാല്പര്യങ്ങളെ നിയന്ത്രിക്കുന്നവയായി മാറാറുണ്ട്. മുൻപ്, വിവാഹം എന്നത് രണ്ടു വ്യക്തികൾ തമ്മിലുള്ള ഒന്നാകൽ എന്നതിലുപരി, രണ്ടു കുടുംബങ്ങൾ തമ്മിലുള്ള ഒത്തുചേരൽ ആയി കണക്കാക്കപ്പെട്ടിരുന്നു. അതിനാൽ മക്കൾക്ക് ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ അവരുടെ താല്പര്യത്തെക്കാൾ കുടുംബത്തിന്റെ അന്തസ്സിനും സാമ്പത്തിക ഭദ്രതയ്ക്കും സംസ്കാരസമന്വയത്തിനും പ്രാധാന്യം നൽകിയിരുന്നു.

എന്നാൽ ഇന്ന്, ലോകം വ്യക്തികേന്ദ്രീകൃതമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഇണയെ കണ്ടെത്തൽ കൂടുതലും വ്യക്തിപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായി മാറിയിരിക്കുന്നു. രണ്ടു രീതിക്കും അതിന്റേതായ ഗുണവും ദോഷവും ഉണ്ട്. ഒരു വ്യക്തിയുടെ 'quality of life' നിർണയിക്കുന്നതിൽ ജീവിതപങ്കാളിയുടെ സ്വാധീനം വളരെ പ്രധാനപ്പെട്ടതാണ്. അതിനാൽ പരസ്പരം നന്നായി മനസ്സിലാക്കി വേണം ആ തിരഞ്ഞെടുപ്പ് നടത്താൻ. ഈയിടെ ഒരു സുഹൃത്ത് തമാശ രൂപത്തിൽ പറഞ്ഞതിങ്ങനെയാണ്, "എന്റെ പെണ്ണുകാണലും വിവാഹത്തിന് സമ്മതം മൂളലും ഒരു മണിക്കൂർകൊണ്ട് കഴിഞ്ഞു. എന്നാൽ അതിനുശേഷം കല്യാണസാരി തിരഞ്ഞെടുക്കാൻ അഞ്ചു മണിക്കൂറെടുത്തു!" ഇതുപോലുള്ള 'Arranged marriages' എല്ലാം പരാജയം എന്നോ 'Love marriages' എല്ലാം വിജയം എന്നോ പറയാനാവില്ല. അത് ആ തിരഞ്ഞെടുപ്പിന്റെ മികവ് പോലിരിക്കും. ബാഹ്യസൗന്ദര്യം മാത്രം നോക്കിയോ വൈകാരികമായ സ്വാധീനത്തിൽപെട്ടോ തിരഞ്ഞെടുപ്പ് നടത്താതെ ഒരു വ്യക്തിയുടെ വൈകാരിക പക്വത, സാമൂഹിക പ്രതിബദ്ധത, പ്രതിസന്ധികളിൽ വെളിപ്പെടുന്ന ആത്മധൈര്യം, അധ്വാനശീലം, പരസ്പര ബഹുമാനത്തിന് നൽകുന്ന പ്രാധാന്യം മുതലായ മൂല്യങ്ങൾകൂടി കണക്കിലെടുക്കണം എന്ന് മാത്രം. ഈ രീതിയിൽ ഒരാൾ ജീവിതപങ്കാളിയെ സ്വയം തിരഞ്ഞെടുക്കാൻ തീരുമാനിക്കുമ്പോൾ, അവർ തമ്മിലുള്ള 'compatibility' ബോധ്യപ്പെട്ടാൽ, സമ്പത്തിന്റെയും സംസ്കാരത്തിന്റെയും വിശ്വാസങ്ങളുടെയും പേരിൽ അവരെ അകറ്റാൻ ശ്രമിക്കുന്നത് നിർഭാഗ്യകരമാണ്

എല്ലാ നിയമങ്ങളും കീഴ്‌വഴക്കങ്ങളും എല്ലാക്കാലത്തും നിലനിൽക്കണമെന്നില്ല. കുറേക്കാലം പാലിച്ചിരുന്നതുകൊണ്ടുമാത്രം അവയൊക്കെ ശരിയാണെന്നു ശഠിക്കാനുമാകില്ല. ശൈശവവിവാഹവും സതിയും ദേവദാസി സമ്പ്രദായവുമൊക്കെ ഒരു കാലത്ത് പൊതുസമൂഹം അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തിരുന്നു എന്നത് ഇന്ന് ഒരു ഞെട്ടലോടും അതീവവേദനയോടുംകൂടിയേ ഓർക്കാനാകൂ. നിയമം തെറ്റെന്നു അനുശാസിക്കുന്ന സ്ത്രീധന സമ്പ്രദായം ഇന്നും ശക്തമായി നമ്മുടെ സമൂഹത്തിൽ വിനാശം വിതയ്ക്കുന്നു എന്നത് നമുക്ക് മുന്നിലെ വലിയ വെല്ലുവിളിയാണ്.

സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിയും സാമ്പത്തിക സ്വാതന്ത്ര്യവും ലിംഗസമത്വത്തിൽ ഏറെ പുരോഗമിക്കാൻ നമ്മേ സഹായിച്ചു എന്നത് പ്രശംസനീയം തന്നെ. ഇതിന്റെ പിൻബലത്തിൽ പക്വതയോടെ സ്വതന്ത്രമായി തീരുമാനങ്ങൾ എടുക്കാൻ സ്ത്രീകൾക്ക് സാധിക്കുന്നുണ്ടെങ്കിലും ചിലപ്പോഴൊക്കെ ലിംഗസമത്വ ചർച്ചകൾ അധികാരവാദങ്ങൾക്കും സംഘർഷങ്ങൾക്കും വഴിമാറുന്നു. ഇത് ദാമ്പത്യജീവി

തത്തെ പലപ്പോഴും സാരമായി ബാധിക്കുന്നു.

വിജയകരമായ പ്രണയത്തിനും ദാമ്പത്യത്തിനും പിന്നിൽ പ്രതിബദ്ധതയ്ക്കും മികച്ച ആശയവിനിമയത്തിനും quality time നും വലിയ സ്ഥാനമുണ്ട്. സാങ്കേതികവിദ്യയുടെ മുന്നേറ്റം പുതിയകാലത്തെ പ്രണയത്തിനും ദാമ്പത്യബന്ധത്തിനും ഊട്ടും പാവും നൽകുന്നു, പ്രത്യേകിച്ച്, long distance relationship ൽ. എന്നാൽ മറുവശത്ത്, അതിന്റെ അതിപ്രസരം ബന്ധങ്ങളിൽ അപകടകരമായ വിള്ളലുകൾ സൃഷ്ടിക്കുന്നു. അടുത്തിരിക്കുന്ന പങ്കാളിയെ അവഗണിച്ച് ഫോണിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും (Phubbing), നേരിട്ട് ആശയവിനിമയം നടത്താതെ സോഷ്യൽ മീഡിയയിൽ ലൈക്കുകളും കമന്റുകളും മാത്രം നൽകി പങ്കാളിയുടെ ചുറ്റും സാന്നിധ്യം നിലനിർത്തുന്നതും (Orbiting), പങ്കാളിയുടെ സാന്നിധ്യം അവഗണിച്ച് എപ്പോഴും ഫോണിൽ മോശം വാർത്തകൾ തുടർച്ചയായി സ്ക്രോൾ ചെയ്യുന്നതും (Doomscrolling), സോഷ്യൽ മീഡിയയിൽ കാണുന്ന മറ്റുള്ളവരുടെ ജീവിതവും സ്വന്തം ജീവിതവുമായി താരതമ്യം ചെയ്ത് നിരാശപ്പെടുന്നതും (Comparison Culture), പ്രതിബദ്ധത തെല്ലുമില്ലാതെ ചെറിയ സന്ദേശങ്ങളിലൂടെമാത്രം പങ്കാളിക്ക് പ്രതീക്ഷയും നിരാശയും ഒരുപോലെ നൽകുന്നതുമൊക്കെ (Breadcrumbing) പവിത്രമായ സ്നേഹബന്ധത്തെ ഇല്ലാതാക്കാനേ വഴിയൊരുക്കുകയുള്ളൂ. ഇത്തരം പ്രവണതകൾ ബോധപൂർവം അവഗണിച്ചേ മതിയാവൂ.




ഇന്ന് നാം ലോകത്തെ മുഴുവൻ, അതിന്റെ എല്ലാ സാംസ്കാരിക വൈവിധ്യത്തോടുംകൂടി മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും, അവയിൽ പലതിനെയും അനുകരിക്കുകയും ചെയ്യുന്നവരാണ്. Living together, വിവാഹപൂർവ/ വിവാഹേതര ബന്ധങ്ങളൊക്കെ ഇന്ന് നിയമത്തിന്റെ പിൻബലത്തോടെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി കഴിഞ്ഞു. എത്രയൊക്കെ glorify ചെയ്യാൻ ശ്രമിച്ചാലും, നിയമത്തിന്റെ സംരക്ഷണം ലഭിച്ചാലും, അവയൊന്നും തന്നെ വൈവാഹിക ജീവിതത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമാവാൻ സാധിക്കില്ല. അതുമാത്രമല്ല, ഇത്തരം ബന്ധങ്ങളുടെ ആഴവും ഉറപ്പും സ്വീകാര്യതയും ആത്മധൈര്യത്തേക്കാളേറെ ആശങ്കയും അനിശ്ചിതത്വവുമാണ് ബാക്കിവെയ്ക്കുന്നതെന്ന് പലരുടെയും അനുഭവത്തിൽ നിന്ന് വ്യക്തവുമാണ്.

ലോകമെത്ര മാറിയാലും, നാം കൈവിടാൻ പാടില്ലാത്ത ചില മൂല്യങ്ങളുണ്ട് -പരസ്പര ബഹുമാനം, നിസ്വാർഥത, സമാനഭാവം, ക്ഷമയോടുകൂടിയുള്ള ആശയവിനിമയം തുടങ്ങിയവ ബോധപൂർവം നാം ശീലിച്ചാൽ പക്വതയോടെ, വെല്ലുവിളികളെ തരണം ചെയ്ത് വൈവാഹിക ജീവിതത്തെ വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. വ്യക്തിതാല്പര്യങ്ങൾക്കൊപ്പം പ്രതിബദ്ധതയ്ക്കും ഉത്തരവാദിത്തത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ശക്തമായ പ്രണയവും അതിന്റെ പൂർത്തീകരണമായ ദാമ്പത്യബന്ധവും ദൃഢമാക്കാൻ കഴിയും.

ദമ്പതികൾ വേരും ഇലയും പോലെയാണ്. വേരുകൾ നിശ്ശബ്ദമായി മണ്ണിനടിയിൽ വൃക്ഷത്തെ മണ്ണോടു ബന്ധിപ്പിച്ചു സുരക്ഷിതമാക്കുന്നു. ഇലകൾ ആകാശത്തെ മുഖാമുഖം ദർശിച്ച് ഊർജം സംഭരിക്കുന്നു. വേര് ജലവും ഇല ഭക്ഷണവും നൽകി വൃക്ഷത്തിന്റെ ജീവൻ നിലനിർത്തുന്നു. ഓരോന്നും തന്റേതായ കർത്തവ്യം നിർവഹിക്കുമ്പോഴും ഒരുമയുടെ അദൃശ്യനൂൽ അവയെ ബന്ധിപ്പിക്കുന്നു. ദാമ്പത്യജീവിതവും ഇതുപോലെതന്നെ - വ്യത്യസ്തതകൾ അകലം സൃഷ്ടിക്കുമ്പോഴും പരസ്പര ബഹുമാനവും ഉത്തരവാദിത്തബോധവും അവരിലൂടെ കുടുംബത്തിന് ജീവനും വെളിച്ചവും പകരുന്നു.


രാജകുമാരന്റെയും രാജകുമാരിയുടെയും സ്നേഹത്തിന്റെ കഥ എന്റെ കുഞ്ഞുമകളോട് ഞാനിങ്ങനെ പറഞ്ഞവസാനിപ്പിച്ചു. "...and then they married, faced challenges together and with mutual respect lived happily forever". •

•കവിത



# പാപാനന്തരം

ഗ്ലേവിയസ് അലക്സാണ്ടർ



മരത്തിനും
മൃഗത്തിനുമില്ലാത്ത നാണം
മനുഷ്യനെന്തിനാണ്?
പാപാനന്തരമാണ്
നാണമുണ്ടായതെന്നാണ് വേദം.
പാപബോധമില്ലാത്തവർക്കെങ്ങനെ
നാണ ബോധമുണ്ടായെന്നത്
വാദ വിഷയവും.
മരത്തിന്റെ ഉടുമുണ്ടൂരിയത്രേ
മനുഷ്യനവന്റെ ആദ്യ നാണത്തിന്
ശിരോവസ്ത്രമിട്ടത്!
മറയില്ലാതെ ഭോഗവും
മതമില്ലാതെ കരുണയും ശീലിച്ച
മരങ്ങളെയും നാൽക്കാലികളെയും കൊന്ന്
വെറുപ്പ് കുപ്പായങ്ങൾ തുന്നുന്നവരുടെ
വസ്ത്രത്തേക്കാൾ മ്ളേച്ഛമായത് എന്തുണ്ട്?
പുറം കറകളലക്കാനെന്തെളുപ്പം
ആയാസമേറയല്ലോ അകക്കറകളകറ്റാൻ.
നഗ്നതപോലെ  നഗ്നമായ സത്യം വേറെന്തുണ്ട്?
കുരിശിന്റെ നഗ്നതയോളം അപാരത ആഴിക്കില്ല.
ആ നഗ്നതയുടെ കണ്ണാടിയിൽ
ഞാനെന്നെ കാണുന്നു,
കൈക്കുമ്പിളിൽ കണ്ണീരുപോലെ
തെളിഞ്ഞ ജലം കോരി കുടിക്കുന്നു.
കുരിശിൻ തണലിൽ നിൽക്കുമ്പോൾ
എനിക്കും എന്റെ മേലങ്കി നഷ്ടമായി.
എന്റെ നഗ്നത ആയുധമാണെന്നു
ഞാൻ തിരിച്ചറിയുകയും
വസ്ത്രധാരികളുടെ തുറിച്ച നഗ്നത
തുറന്നുകാട്ടുകയും ചെയ്യുന്നു.




# ഒഴികഴിവുകൾ ഒഴിവാക്കാം

ഫാ. തോമസ് പാട്ടത്തിൽചിറ CMF



വഴിയോരങ്ങളിൽ വിശന്നുവലഞ്ഞവരെയും, ഇടനാഴികളിൽ ഇടറിവീണവരെയും, കൂരിരുളിൽകഴിഞ്ഞ കുരുടരെയും, ദീനരെയും ദരിദ്രരെയും കൊണ്ട് നിറഞ്ഞ ഒരു വിശാലമായ വിരുന്നുശാല ഓർമയില്ലേ? (ലൂക്കാ 14:16-24). അവിടെ ഒരുക്കപ്പെട്ട വിഭവസമൃദ്ധമായ വിരുന്നിലേക്ക് ആതിഥേയനാൽ കാലേക്കൂട്ടി വിളിക്കപ്പെട്ട വളരെപ്പേരുണ്ടായിരുന്നു. സദ്യയ്ക്ക് സമയമായപ്പോൾ വീട്ടുവേലക്കാർ ചെന്ന് അവരെയൊക്കെ വീണ്ടും ക്ഷണിക്കുന്നുണ്ട്. മുൻകൂറുള്ള ക്ഷണനത്തിനുപുറമെ ഒരു ഓർമിപ്പിക്കൽകൂടി. പക്ഷേ, പലർക്കും വരാതിരിക്കാൻ പല ഒഴികഴിവുകളുമുണ്ടായിരുന്നു. തങ്ങളെ ക്ഷണിച്ചവന്റെ കരുതലും ഓർമയും അവർ തഴഞ്ഞു. പരിഗണിച്ചവനെ അവഗണിച്ചു. അവർക്ക് വിരുന്നിനേക്കാൾ വലുത് അവരുടെ വ്യക്തിപരമായ ആവശ്യങ്ങളായിരുന്നു. വാസ്തവത്തിൽ, വിരുന്നിനു വിലകല്പിച്ചിരുന്നെങ്കിൽ താത്ക്കാലികമായെങ്കിലും ഒഴിവാക്കാമായിരുന്ന ഒഴികഴിവുകളായിരുന്നു അവയിൽ പലതും. ജീവിതവ്യാപാരങ്ങളുടെ മുൻഗണനാനിർണ്ണയത്തിൽ അവർക്കു പിണഞ്ഞ പാളിച്ചയാണ് ഒരു മഹാവിരുന്നിന്റെ മധുരാസ്വാദനത്തിൽനിന്ന് അവരെ അകറ്റിനിർത്തിയത്.

സുവിശേഷകഥയിലെ ആ വിരുന്ന് കത്തോലിക്കാവിശ്വാസികളായ നമ്മുടെ സ്വർഗീയവിരുന്നിന്റെ മുന്നാസ്വാദനമായ വിശുദ്ധ കുർബാനയായി കണക്കാക്കാം. അനുദിനം അനേകായിരം ബലിപീഠങ്ങളിൽ അർപ്പിക്കപ്പെടുന്ന ബലമേകുന്ന ബലി. മന്നിന്റെ മോചകനായ ക്രിസ്തുവിന്റെ മോക്ഷദായകങ്ങളായ മാംസരക്ത



ങ്ങൾതന്നെയാണ് അതിവിശിഷ്ട ആത്മീയ വിരുന്നായ വിശുദ്ധ കുർബാനയിലെ വിഭവങ്ങൾ. വിഭജിച്ചുവിളമ്പി നല്കപ്പെടുന്ന ദൈവസ്നേഹത്തിന്റെ ഈ ദിവ്യവിരുന്ന് അനുഭവിക്കാനുള്ള ആർദ്രക്ഷണം ലഭിച്ചിട്ടുള്ളവരാണ് നാമെല്ലാവരും. എന്നാൽ, പ്രസ്തുത ക്ഷണത്തോട് നമുക്കുള്ള പ്രതികരണം എങ്ങനെയുള്ളതാണ്? പരിശുദ്ധ കുർബാനയോട് നമുക്കുള്ള ആഭിമുഖ്യം എന്താണ്? അതിലുള്ള ആദ്യന്തവും ആവശ്യമായ യോഗ്യതയോടെയുമുള്ള പങ്കാളിത്തത്തിന് വേണ്ടത്ര പ്രാധാന്യം നാം കൊടുക്കാറുണ്ടോ? അതോ, ഒഴികഴിവുകൾ പറഞ്ഞ് നാം അത് ഒഴിവാക്കാറുണ്ടോ?

ക്ഷണിക്കപ്പെട്ടിട്ടും മുടന്തൻന്യായങ്ങൾ മൊഴിഞ്ഞ് ഒഴിഞ്ഞുമാറിയ അനേകംപേരുടെ മൂന്നു പ്രതിനിധികളിൽ ഒന്നാമന് പ്രധാനം താൻ വിലയ്ക്കുവാങ്ങിയ കണ്ടമായിരുന്നു. അതു കാണാൻ പോകണമത്രേ. വിത്തുവിതച്ചു വിളവുകൊയ്യുന്ന വയൽ അയാളുടെ ശാരീരികമായ താത്പര്യങ്ങളുടെ (Physical Concerns) പ്രതീകമായി കണക്കാക്കാം. കൃഷിയിടത്തിലും കളപ്പുരയിലും അമിതമായി ആശ്രയം നിക്ഷേപിച്ച അയാളുടെ ഹൃദയവും അവിടെയൊക്കെത്തന്നെയായിരുന്നു. ഭൗതിക മോഹങ്ങളുടെ അന്ധകാരം അയാളുടെ ആത്മീയബോധ്യങ്ങളെ ആവരണംചെയ്തു. ആകയാൽ, വിരുന്നിന്റെ ദൈവികത മനസ്സിലാക്കാൻ അയാൾക്ക് കഴിഞ്ഞില്ല. സമയവും സാഹചര്യവുമുണ്ടെങ്കിലും ജോലിത്തിരക്ക്, യാത്രാക്ഷീണം, ജലദോഷം, ഉറക്കസുഖം, മടി, മഴ, മഞ്ഞ്, ചൂട്, പാചകം, വീടുമോടിയാക്കൽ, വഴിദൂരം, വാഹനതകരാറ്, വെള്ളക്കെട്ട്, നടപ്പുക്ലേശം, ശാരിരികവ്യായാമം, ജിം, ഷോപ്പിംങ്, തിരുക്കർമങ്ങളുടെ സമയദൈർഘ്യം, പള്ളിയിലെ കസേരക്കുറവ് എന്നിങ്ങനെയുള്ള കാരണങ്ങളുടെപേരിൽ നാം ദിവ്യബലി മുടക്കുമ്പോൾ ഒഴിഞ്ഞുമാറിയ ഒന്നാമനെ നമ്മുടെ പ്രതിനിധിയായി നാം അംഗീകരിക്കുകയാണ്.

ഒഴിഞ്ഞുമാറിയ രണ്ടാമന് പ്രധാനം താൻ കാശുകൊടുത്തു കൊണ്ടുവന്ന കാളകളെ പരീക്ഷിച്ചുനോക്കലായിരുന്നു. പരീക്ഷണവും പരിശീലനവുമൊക്കെ അയാളുടെ ബൗദ്ധികമായ താത്പര്യങ്ങളുടെ(Intellectual Concerns) പ്രതീകമായി കണക്കാക്കാം. അയാൾക്ക് വിരുന്നിനേക്കാൾ വലുത് തന്റെ ബൗദ്ധികവും വിജ്ഞാനപരവുമായ കാര്യങ്ങളായിരുന്നു. യുക്തിയിലും സർഗസിദ്ധികളിലും അധികമായി അഭിമാനം നിക്ഷേപിച്ച അയാളുടെ ഹൃദയവും അവിടെയൊക്കെത്തന്നെയായിരുന്നു. അറിവിന്റെ അഹങ്കാരം അയാളുടെ ആത്മീയനേത്രങ്ങളെ അന്ധമാക്കി. ആകയാൽ, വിരുന്നിന്റെ വിശുദ്ധി തിരിച്ചറിയാൻ അയാൾക്ക് കഴിഞ്ഞില്ല. സമയവും സാഹചര്യവുമുണ്ടെങ്കിലും പരീക്ഷ, മത്സരങ്ങൾ, സ്പെഷ്യൽ ക്ലാസ്, കോച്ചിംങ്, ട്യൂഷൻ, ഇൻറർവ്യൂ, മീറ്റിംങ്, നിരീശ്വരചിന്ത, യുക്തിവാദം, സഭാവിരോധം, ദുർവാശി തുടങ്ങിയവ കാരണങ്ങളാക്കി നാം കുർബാനയ്ക്ക് പള്ളിയിൽ പോകാതിരിക്കുമ്പോൾ ഒഴിഞ്ഞുമാറിയ രണ്ടാമനെ നമ്മുടെ പ്രതിനിധിയായി നാം അവരോധിക്കുകയാണ്.

ഒഴിഞ്ഞുമാറിയ മൂന്നാമന് പ്രധാനം തന്റെ കല്യാണവും അനുബന്ധ ചടങ്ങുകളും ആഘോഷങ്ങളുമായിരുന്നു. അതൊക്കെ അയാളുടെ ബന്ധുത്വപരമായ താത്പര്യങ്ങളുടെ (Relational Concerns) പ്രതീകമായി കണക്കാക്കാം. അയാൾക്ക് വിരുന്നിനേക്കാൾ വലുത് തന്റെ ബന്ധുത്വപരവും സാമൂഹികവുമായ കാര്യങ്ങളായിരുന്നു. ബന്ധങ്ങളുടെയും പ്രതിബദ്ധതകളുടെയും ചങ്ങല അയാളെ ബന്ധിതനാക്കി. ആകയാൽ, വിരുന്നിന്റെ വൈശിഷ്ട്യം ഗ്രഹിക്കാൻ അയാൾക്ക് കഴിഞ്ഞില്ല. സമയവും സാഹചര്യവുമുണ്ടെങ്കിലും വിനോദയാത്ര, സിനിമ, മാമ്മോദീസാ, മനസ്സമ്മതം, വിവാഹം, സൽക്കാരം, അതിഥികൾ, അയൽക്കൂട്ടം, ബന്ധുസന്ദർശനം മുതലായവ കാരണങ്ങളാക്കി നാം വിശുദ്ധബലി വേണ്ടെന്നുവയ്ക്കുമ്പോൾ ഒഴിഞ്ഞുമാറിയ മൂന്നാമനെ നമ്മുടെ പ്രതിനിധിയായി നാം ആദരിക്കുകയാണ്.

കർത്താവ് പറഞ്ഞ കഥയിലെ വിരുന്ന് ആത്മീയമായ താത്പര്യങ്ങളുടെ(Spiritual Concerns) പ്രതീകമാണ്. അത് ആസ്വദിക്കാനുള്ള അസുലഭഭാഗ്യം കിട്ടിയ സകലരും സംതൃപ്തരും സന്തോഷനിർഭരരുമായി. അവരെപ്പോലെ അനുഗ്രഹീതരാകാൻ വിശുദ്ധ കുർബാനയാകുന്ന വാഴ്ത്തപ്പെട്ട വിരുന്നിൽ വിശ്വാസികളായ നാമും സജീവമായി സംബന്ധിക്കണം. ദിവസവും ദിവ്യബലിയിൽ പങ്കുചേരുന്ന അനേകരുണ്ട്. അവരിൽ ഒരാളാകാൻ സാധിക്കുന്നില്ലെങ്കിലും ഞായറാഴ്ചയിലെയും കടമുള്ളദിവസത്തിലെയും മുഴുവൻകുർബാന മുടക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. സുഹൃത്തേ, ദൈവാലയമാകുന്ന ദിവ്യവിരുന്നുശാല എത്രമാത്രം ദീപാലംകൃതമായിരുന്നാലും അതിനുള്ളിൽ നിന്റെ സാന്നിധ്യമില്ലാതെവരുമ്പോൾ നീ നില്ക്കേണ്ടയിടത്ത് ഇരുളായിരിക്കും. നീയുണ്ടെങ്കിലേ അവിടം പ്രഭാപൂരിതമാകൂ. ഓർക്കണം, ആത്മീയ കാര്യങ്ങളിൽ കണ്ടെത്തേണ്ടത് വഴികളാണ്, ഒഴികഴിവുകളല്ല. വിശ്വാസപരമായ കാര്യങ്ങളിൽ നല്ല നിലപാടുകളും തെറ്റില്ലാത്ത തീരുമാനങ്ങളും എടുത്തുകൊണ്ട് വലിയ നോമ്പിന്റെ നാളുകൾ സമ്പന്നമാക്കാം. •

> ദിവസവും ദിവ്യബലിയിൽ പങ്കുചേരുന്ന അനേകരുണ്ട്. അവരിൽ ഒരാളാകാൻ സാധിക്കുന്നില്ലെങ്കിലും ഞായറാഴ്ചയിലെയും കടമുള്ള ദിവസത്തിലെയും മുഴുവൻ ദിവ്യബലി മുടക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. ആത്മീയകാര്യങ്ങളിൽ കണ്ടെത്തേണ്ടത് വഴികളാണ്, ഒഴികഴിവുകളല്ല.

ടാക്കീസ്




# മലയാള സിനിമയിലെ ദൈവം

(സർവ്വം മായ എന്ന സിനിമയെക്കുറിച്ച്)

സുനിൽ സി.ഇ.



അന്തർലീനമോ ഗുപ്തമോ ആയ കഥാഭാഗങ്ങളായി തിരിച്ചുകൊണ്ടേ ദൈവഭാവങ്ങളെ ദൃശ്യപ്പെടുത്താനാവുകയുള്ളൂ. കാരണം ഒരു ലോജിക്കൽ ഗോഡ് മനുഷ്യഭാവനയ്ക്ക് ഒരിക്കലും പിടിതരികയില്ല. ദൈവം പ്രമേയ സിനിമകൾ നേർസന്ദേശവാഹികൾ ആയിക്കൊള്ളണമില്ല. പലപ്പോഴും വിശ്വാസ സമൂഹത്തിനുവേണ്ടി ചമയ്ക്കപ്പെടുന്ന ഭാഷ്യങ്ങളോ വ്യാഖ്യാനങ്ങളോ വെറും അഭിപ്രായങ്ങളോ ഒക്കെയായി ദൈവഭാവനകൾ ഒളിച്ചുവയ്ക്കപ്പെടുകയാണ് പതിവ്. ഇത്തരത്തിൽ ദൈവഭാവനയെ ആവിഷ്കരിക്കാൻ നായികാ -നായകന്മാരുടെ സ്വഭാവചെയ്തിവിശേഷങ്ങളെ സമൂഹരൂപകങ്ങളായി അവതരിപ്പിക്കാറുണ്ട്. പ്രകടവും നിർലജ്ജവുമായ ആത്മീയാഖ്യാനങ്ങളോ ദൈവസമൂഹ സമസ്യാനിരൂപണങ്ങളോ സിനിമയിൽ പ്രമേയമായി വന്നുകൂടെന്നുമില്ല. ഒരു കഥാപാത്രത്തെ മൊത്തത്തിൽ ആത്മീയതയുടെ പ്രതീകമായി ചുരുക്കിയെടുത്ത് ദൈവബോധത്തിന് വിശാലമാനം വിരിച്ചെടുത്ത് കൗശലരൂപകം ചമയ്ക്കാനും മലയാള സിനിമയിലെ ദൈവാരോപിത സങ്കല്പങ്ങൾ ശ്രദ്ധവയ്ക്കാറുണ്ട്. ഈവിധം സമൂഹം കഥാപാത്രം എന്ന വ്യക്തിയിലേയ്ക്ക് ചുരുങ്ങുന്നതിന്റെ പതിന്മടങ്ങ് വേഗതയിൽ തിരിച്ച് വ്യക്തിയിൽനിന്നും അതേവേഗത്തിൽ സമൂഹത്തിലേക്ക് വ്യപികുന്നതിന്റെയും ആശയപ്രദാന പദ്ധതിയാണ് അഖിൽ സത്യൻ സംവിധാനം നിർവഹിച്ച 'സർവ്വം മായ' എന്ന സിനിമയുടെ പ്രമേയപരിസരം. ഒരു പ്രത്യേകതരം ടെംപ്ലേറ്റ് ഉപയോഗിച്ച് 'പാച്ചുവും അദ്ഭുതവിളക്കും' എന്ന സിനിമ ഒരുക്കിയ അഖിൽ ശരിക്കും ഫ്ളെക്സിബിലിസ കാലത്തിലെ നവീന സത്യൻ അന്തിക്കാടായി മാറുന്നത് സർവ്വം മായ എന്ന സിനിമയിലൂടെയാണ്.

പുരോഗമനങ്ങളെ ഉൾക്കൊള്ളാൻ ഭീതി ഉള്ള ഒരു മനുഷ്യൻ ഇപ്പോഴും മലയാളിയിൽ തിങ്ങിപ്പാർക്കുന്നുണ്ട്. അറുപതുകളിലെ മലയാള സിനിമയിലെ സാമൂഹികമാറ്റങ്ങളുടെ മുൻപിൽ കരയണോ ചിരിക്കണോ എന്നറിയാതെ വിറങ്ങലിച്ചുനിൽക്കുന്ന സാമൂഹിക കെട്ടുപാടുകൾക്കു മധ്യേ സ്വാധീനം ചെലുത്താനും ഈശ്വരനുണ്ടോ എന്ന ചോദ്യത്തെ ജ്ഞാനന്യൂനതകൾ കൊണ്ടുതന്നെ മറികടക്കാനും 'സർവ്വം മായ' സഹായിക്കുന്നു. ദൈവബോധത്തെ ഒരു ലളിത വിജ്ഞാനരൂപമാക്കി ചിത്രീകരിക്കാൻ ഈ സിനിമ നടത്തുന്ന ശ്രമങ്ങളെ പക്ഷേ പ്രവേശക ദൃശ്യഖണ്ഡങ്ങളിൽ നമുക്ക് വായിച്ചെടുക്കാനാവില്ല. ദൈവത്തെപ്പറ്റിയുള്ള നൊൾസ്റ്റാജിയ പുറപ്പെടുവിക്കുന്ന ശ്ലാഘാകീർത്തനങ്ങൾ ഒന്നുംതന്നെ ആത്മീയ പലായനോന്മുഖ സ്വഭാവത്തിന്റെ പൊരുൾ അലിയിച്ചെടുക്കാൻ ആദ്യദൃശ്യഖണ്ഡങ്ങളിൽ ശ്രമിക്കുന്നില്ലായെന്നതും ശ്രദ്ധേയമാണ്.

## സർവ്വം മായ - ഒരു ആത്മീയ വായന

സർവ്വം മായയുടെ പ്രാരംഭ ദൃശ്യഖണ്ഡങ്ങൾ ഒരു പുരോഗമന സിനിമയുടെ പ്രതീതിയാണ് നൽകുന്നത്. ആചാരങ്ങളാൽ കെട്ടിയെടുക്കപ്പെട്ട ആത്മീയ ക്രിയകളെയും അതിനു പിന്നിലെ വ്യവസായത്തെയും, അതിൽ അന്തർലീനമായിരിക്കുന്ന യുക്തിരാഹിത്യത്തെയും പരിഹസിച്ചുകൊണ്ടാണ് സിനിമയുടെ ആദ്യദൃശ്യതാളുകൾ പ്രേക്ഷകന്റെ കണ്ണ് തള്ളിത്തുറക്കുന്നത്. പക്ഷേ ക്രമേണ അത് ഒരു നിരീശ്വരവാദിയെ വിശ്വാസിയാക്കി മാറ്റാനുള്ള ഉപപദ്ധതിയായി മാറുന്നു. ഇതിലെ പ്രസംഗകനായ പ്രേതം ആത്മീയ സന്മാർഗപാഠങ്ങൾ വിതരണം ചെയ്യുന്ന പ്രതീകാർഥമായി മാറുകയാണ്. നമുക്കു പരിചിതമായ പ്രേതങ്ങളുടെ പ്ലേബുക്കിനെ പിന്തുടരാത്തതുകൊണ്ടുതന്നെ 'സർവ്വം മായ' ആത്മീയാഖ്യാനങ്ങളുടെ പുതിയ സങ്കേതമായി മാറുന്നു. പുതിയ മലയാളിയുടെ സൈക്ക് തേടുന്ന വിനോദോപാധിയുടെ മേന്മ അനുസരിച്ചാണ് ഇതിലെ ദൃശ്യാധ്യായങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഒരു ഘട്ടത്തിൽ ദൈവം എന്ന സത്തയുടെ നഷ്ടപ്പെടലിന്റെ പരിവേദനം വിപരീതോർജം സ്വീകരിച്ച് സാകല്യം നേടുന്നതാണ് നാം കാണുന്നത്. നമ്മുടെ പതിവ് പ്രേതസിനിമകളുടെ പ്രമേയങ്ങൾ വാരിവിളമ്പിയ വിരോധാഭാസങ്ങളെയും അതിന്റെ ചരടുകളെയും ഒറ്റയടിക്ക് പൊട്ടിച്ച്, ഒറ്റ കാൽവയ്പ്പിൽ അതിൽനിന്നും പുറത്തുകടക്കാനും ഒരു ശരാശരി ദൈവവിശ്വാസിയെ സിനിമ സഹായിക്കുകയാണ് ചെയ്യുന്നത്.

**നമ്മുടെ പതിവ് പ്രേത സിനിമകളുടെ പ്രമേയങ്ങൾ വാരിവിളമ്പിയ വിരോധാഭാസങ്ങളെയും അതിന്റെ ചരടുകളെയും ഒറ്റയടിക്ക് പൊട്ടിച്ച്, ഒറ്റ കാൽവയ്പ്പിൽ അതിൽ നിന്നും പുറത്തുകടക്കാനും ഒരു ശരാശരി ദൈവവിശ്വാസിയെ സിനിമ സഹായിക്കുകയാണ് ചെയ്യുന്നത്.**

ഇതിലെ കേന്ദ്ര കഥാപാത്രമായ പ്രഭേന്ദുവിന്റേത് (നിവിൻ പോളി) ഒരു സാമ്പ്രദായിക പൂജാരി കുടുംബമാണ്. പ്രഭേന്ദുവിന്റെ അച്ഛൻ നീലകണ്ഠൻ നമ്പൂതിരിയും ജ്യേഷ്ഠനും അതിപ്രശസ്തരായ പൂജാരിമാരാണ്. പക്ഷേ പ്രഭേന്ദു പൂണൂലൊക്കെ പൊട്ടിച്ചെറിഞ്ഞ് പാന്റ്സും ധരിച്ച് ഗിറ്റാറിസ്റ്റായി കീർത്തിയാർജിക്കാൻ മരണപ്പാച്ചിലിലാണ്. ഒരു പ്രത്യേക ഘട്ടത്തിൽ പ്രഭേന്ദുവിന് നാട്ടിലേക്ക്, വീട്ടിലേക്ക് മടങ്ങിയെത്തേണ്ടി വരുന്നു. വീണ്ടും പൂണൂല് അണിയേണ്ടി വരുന്നു. പൂജകളിൽ വ്യാപൃതനാകേണ്ടി വരുന്നു. ഇതിനിടയിലാണ് അയാളുടെ ജീവിതത്തിലേക്ക് ഒരു അസാധാരണ സാന്നിധ്യം കടന്നുവരുന്നത്. ഇവിടെ നാം തത്ത്വത്തിൽ പ്രേതം എന്ന് മുദ്രപ്പെടുത്തുന്ന കഥാപാത്രം മനുഷ്യനെപ്പോലെ ഭയപ്പെടുന്ന ഒരു സ്വത്വമായിത്തീരുന്നു. അങ്ങനെ പ്രേതത്തിനുമുമ്പിലും ഒരു ലോജിക്കൽ ഗോഡ് രൂപമെടുക്കുന്നു. സംസ്ഥാപനത്തോടും സംഹിതകളോടും സാമൂഹിക ചിട്ടകളോടും പൊരുതുന്ന ഒരു ദൈവത്തെയാണ് സിനിമ പ്രതിനിധാനപ്പെടുത്തുന്നത്. സമൂഹവൈകല്യങ്ങൾ പൊളിച്ചുനീക്കാൻ പ്രേതത്തെക്കാൾ വിക്രമശാലിയായ ഒരു ദൈവത്തെ സിനിമ സ്ഥലപ്പെടുത്തുന്നു. •



## വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2026 മാർച്ച് മാസത്തെ ഉപയോഗത്തിനായ് അതിരൂപത ബിസിസി കമ്മിഷൻ തയ്യാറാക്കിയത്

# "സ്നേഹത്തിന്റെ ഭാഷ സഹനം തന്നെയാണ്: ക്രിസ്തു"

1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം
2. ആമുഖം

നമ്മുടെ ആത്മവിശുദ്ധീകരണത്തിലൂടെ ജീവിതത്തെ നവീകരിക്കുവാൻ ഓരോ തപസുകാലവും നമ്മെ ഓർമിപ്പിക്കുന്നു. ഇതിന് സഹായകമാകുംവിധം ദൈവം ഈ ദിനങ്ങളിൽ നൽകുന്ന ചില പ്രത്യേകതകളിലേക്ക് നമുക്ക് കണ്ണോടിക്കാം.

### നോമ്പുകാലം

വിശുദ്ധ നോമ്പുകാലം ആത്മീയമായ ഒരുക്കത്തിന്റെയും പശ്ചാത്താപത്തിന്റെയും കാലമാണ്. നോമ്പുകാലം കേവലം ബാഹ്യമായ അനുഷ്ഠാനമല്ല, മറിച്ച് ഹൃദയത്തിന്റെ ആഴമായ മാറ്റത്തിനുള്ള (Metanoia) സമയമാണ്. ഉപവാസം, പ്രാർഥന, ദാനധർമം എന്നിവയിലൂടെയും അനുരഞ്ജന കൂദാശയിലൂടെയും മിശിഹായുടെ പീഡകളെ ധ്യാനിച്ചുകൊണ്ടും, കുരിശിന്റെ വഴിയിലൂടെയും, ലളിതമായ ജീവിതരീതികളിലൂടെയും ആഡംബരങ്ങൾ ഒഴിവാക്കി പാവപ്പെട്ടവരെ സഹായിക്കുന്നതിലൂടെയും മറ്റുള്ളവരോട് ക്ഷമിക്കുന്നതിലൂടെയും അർഥപൂർണമായ ഒരു നോമ്പാചരണം നടത്താൻ നമുക്ക് കഴിയട്ടെ. മിശിഹായോടുള്ള സ്നേഹത്തിൽ വളരാനും അവിടത്തെ പുനരുത്ഥാനത്തിന്റെ സന്തോഷത്തിനായി ഒരുങ്ങാനും നമുക്ക് ഏവർക്കും കഴിയട്ടെ എന്ന് പ്രാർഥിക്കാം.

### വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ

തിരുസഭയുടെ രക്ഷാകര ചരിത്രത്തിൽ നിശ്ശബ്ദവും എന്നാൽ ഏറെ നിർണായകമായ പങ്കുവഹിച്ച ഒരാളാണ് വിശുദ്ധ യൗസേപ്പിതാവ്. മാർച്ച് 19 വിശുദ്ധ യൗസേപ്പിന്റെ തിരുനാളായി തിരുസഭ ആചരിക്കുന്നു. ദൈവഹിതം പൂർണമായും ശിരസാവഹിച്ചുകൊണ്ട് മുന്നേറിയ വിശുദ്ധ യൗസേപ്പിതാവ് സകല വിശ്വാസികളുടെയും കാവൽക്കാരനായി മാറി. വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതം വെളിപ്പെടുത്തുന്നത് ദൈവഹിതത്തിന് മുന്നിൽ സ്വയം ശൂന്യനാകുന്ന ഒരാൾക്ക് മാത്രമേ രക്ഷാകര പദ്ധതിയുടെ ഭാഗമാകാൻ കഴിയൂ എന്നാണ്.





### മംഗളവാർത്ത തിരുനാൾ

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് ഗബ്രിയേൽ ദൂതൻ മറിയത്തിന് നൽകിയ അറിയിപ്പിനെയാണ് മംഗളവാർത്ത (Annunciation) എന്ന് വിളിക്കുന്നത്. ക്രൈസ്തവ വിശ്വാസപ്രകാരം മനുഷ്യചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിമിഷങ്ങളിൽ ഒന്നാണിത്. മംഗളവാർത്തയുടെ ഏറ്റവും വലിയ പ്രത്യേകത മറിയത്തിന്റെ സ്വതന്ത്രമായ സമ്മതമാണ്. 'ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' എന്ന് അവൾ പറഞ്ഞ നിമിഷം (ഈ സമ്മതത്തെ ലാറ്റിൻ ഭാഷയിൽ 'ഫിയാത്ത്' (Fiat) എന്ന് വിളിക്കുന്നു) ദൈവപുത്രൻ മറിയത്തിന്റെ ഉദരത്തിൽ മനുഷ്യനായി അവതരിച്ചു.

നമുക്ക് മാതാവിന്റെയും യൗസേപ്പിതാവിന്റെയും മാതൃക ഉൾക്കൊണ്ട് ദൈവതിരുമുമ്പിൽ ഈ തപസ്സുകാലത്തെ സമർപ്പിക്കാം.

3. യേശുവിനെ ക്ഷണിക്കൽ
4. ദൈവവചന പാരായണം:
   **മർക്കോ. 15:15-20, 33-37**
5. വചനഭാഗം പങ്കുവയ്ക്കൽ
6. നിശ്ശബ്ദധ്യാനം
7. വചനാനുഭവം പങ്കുവയ്ക്കൽ
8. വചനവിചിന്തനം

പ്രിയമുള്ളവരേ,

സ്നേഹത്തിന് സഹനം എന്നു കൂടി അർഥം ഉണ്ടെന്ന് ലോകം തിരിച്ചറിഞ്ഞ പുണ്യദിനങ്ങൾ ആണ് വിശുദ്ധ വാര ദിനങ്ങൾ. സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ലെന്ന് പറഞ്ഞുകൊണ്ട് യേശുനാഥൻ കാൽവരിയിൽ മരക്കുരിശിൽ ബലിയായിത്തീർന്നു. വിത്ത് വിതയ്ക്കുവാൻ നിലം ഉഴുതുമറിച്ച് ചാല് കീറിയതുപോലെ ശരീരം മുഴുവൻ പിളർക്കപ്പെട്ട് യേശു നിൽക്കുന്നു. ആ മുറിപ്പാടുകൾ നമ്മെ ആർദ്രമായ ക്രിസ്തു സ്നേഹത്തിലേക്ക് നയിക്കുന്നു. ഈശോയുടെ പീഡാസഹന കുരിശ് മരണത്തിൽ നാം കാണുന്ന ചില പ്രതീകങ്ങളെ നമുക്ക് ധ്യാനപൂർവം മനസ്സിലാക്കാം.

1. യേശു: ഏശയ്യായുടെ സഹനദാസൻ. (ഏശയ്യാ 50:5,6) പറയുന്ന കർത്താവിന്റെ ദാസനായി എതിർക്കാതെ, പരിഭവം കാണിക്കാതെ ആത്മസമർപ്പണത്തിന്റെ മൂർത്തിഭാവമായി യേശുനാഥൻ നിൽക്കുന്നു.
2. പെസഹാ കുഞ്ഞാടായ യേശു: (പ



റപ്പാട് 12:46, സംഖ്യ 9:12) പെസഹാ കുഞ്ഞാടിന്റെ എല്ലുകൾ/ അസ്ഥികൾ ഒന്നും ഒടിയരുത്. (യോഹന്നാൻ 19:36) അസ്ഥികൾ ഒന്നും ഒടിയാതെ കളങ്കമില്ലാത്ത ബലിയർപ്പിച്ച ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു.

3. ഹിസോപ്പ് ചെടി: (പുറപ്പാട് 12:21, ലേവ്യർ 14:4,6, സങ്കീർത്തനം 51:7) ഹിസോപ്പ് ചെടി കൊണ്ട് കുഞ്ഞാടിന്റെ രക്തം കട്ടിളപ്പടിയിൽ തേച്ചുപിടിപ്പിക്കുന്നു. (യോഹന്നാൻ 19:29,30) ഹിസോപ്പ് ചെടിയിൽ വച്ചുകെട്ടിയ നീർപ്പഞ്ഞി നുകർന്നിട്ട് എല്ലാം പൂർത്തിയായി എന്ന് യേശു വിളിച്ചു പറയുന്നു. രക്തവും വെള്ളവും തളിച്ച് ശുദ്ധീകരിക്കുവാൻ പഴയനിയമത്തിൽ ഉപയോഗിക്കുന്ന ഹിസോപ്പ് ചെടി പെസഹാ കുഞ്ഞാടിന്റെ ബലിയിലും പ്രതീകമായി നിലകൊള്ളുന്നു.

4. നടുവേ കീറിപ്പോയ തിരശ്ശീല: (പുറപ്പാട് 26:33) വിശുദ്ധ സ്ഥലത്തെ വേർതിരിക്കുന്ന തിരശ്ശീല. (ലേവ്യർ 16:2) അഹറോൻപോലും ഈ തിരശ്ശീല മറികടന്ന് വിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കരുത്. അങ്ങനെ പ്രവേശിച്ചാൽ മരിക്കും. യേശുനാഥൻ, മനുഷ്യരെ ദൈവത്തിൽനിന്ന് വേർതിരിക്കുന്ന ഈ തിരശ്ശീല മാറ്റിക്കളഞ്ഞു. മനുഷ്യന് ദൈവത്തിലേക്ക് കടന്നുചെല്ലുവാൻ ഇനി തടസ്സങ്ങൾ ഇല്ല.

5. രക്തവും വെള്ളവും: യേശുവിന്റെ പാർശ്വത്തിൽ നിന്ന് ഒഴുകിയ വെള്ളവും രക്തവും ജ്ഞാനസ്നാനത്തിന്റെ നീരുറവയെയും ദിവ്യകാരുണ്യത്തിന്റെ നിറവിനെയും സൂചിപ്പിക്കുന്നു. ഈ ജലത്താലും രക്തത്താലും നാം ശുദ്ധീകരിക്കപ്പെടുന്നു.

6. പുതിയ ആദമായി യേശുനാഥൻ: പൂർവപിതാവായ ആദത്തിന്റെ നെഞ്ചിൽനിന്ന് ഹവ്വ രൂപപ്പെട്ടതുപോലെ ക്രിസ്തുവിന്റെ നെഞ്ചിൽനിന്ന് സഭ രൂപംകൊണ്ടു. ക്രിസ്തു മണവാളനും സഭ അവന്റെ മണവാട്ടിയും.

7. തുന്നൽകൂടാതെ നെയ്ത അങ്കി: (ലേവ്യർ 21:10) പ്രധാന പുരോഹിതന്റെ വസ്ത്രം ഒരു മുഴുനീളൻ അങ്കിയാണ്. ക്രിസ്തു കാൽവരിയിൽ സത്യമായും ബലിയർപ്പകനായ പ്രധാന പുരോഹിതനായി നിൽക്കുന്നു.

8. കുരിശ്: ക്രിസ്തുവിന്റെ അനന്തമായ പരിധികളില്ലാത്ത സ്നേഹത്തെ വിളിച്ചോതുന്ന കുരിശുമരം.

9. മുൾക്കിരീടം, ആണി, കച്ച: ക്രിസ്തുവിന്റെ സഹനത്തിന്റെയും അവഹേളനത്തിന്റെയും എല്ലാം സൂചനകൾ നൽകുന്ന ഈ പ്രതീകങ്ങൾ.

10. അന്ധകാരം: ലോകത്തിന്റെ പ്രകാശമായവൻ കണ്ണടച്ചപ്പോൾ ലോകം ഇരുട്ടായി മാറി. ക്രിസ്തു ലോകത്തിന്റെ പ്രകാശമാണ് എന്ന സത്യം ഈ പ്രപഞ്ചംപോലും ഉറക്കെ പ്രഖ്യാപിക്കുന്നു.

ഈ പ്രതീകങ്ങളെ ധ്യാനപൂർവം മനസ്സിലാക്കി ക്രിസ്തുവിന്റെ പീഡാസഹനങ്ങളോട് ഈ തപസ്സുകാലദിനങ്ങളിൽ നമുക്കും ചേർന്ന് നിൽക്കാം. (ഈ ആശയങ്ങളുടെ സഹായത്തോടെ ബി.സി.സി യോഗത്തിൽ വിചിന്തനം ചെയ്യാവുന്നതാണ്.)

(വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

**1. യേശുവിന്റെ പീഡാസഹനങ്ങളെ വ്യക്തിപരമായി അനുഭവിക്കുവാനും അനുകരിക്കുവാനും നമുക്ക് എന്ത് ചെയ്യാൻ കഴിയും?**

**a) കുടുംബത്തിനുള്ളിൽ**

**b) കുടുംബയൂണിറ്റിൽ**

**9. ദൗത്യമേറ്റെടുക്കൽ**
**10. സ്വയം പ്രേരിതപ്രാർഥന**
**11. കർത്തൃപ്രാർഥന**
**12. സമാപനപ്രാർഥന**

## രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)
2. വരവ് ചെലവ് അവതരണം;
3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം
(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)
4. ചർച്ചയും പങ്കുവയ്ക്കലും;
5. ഹാജർ
6. രഹസ്യപ്പിരിവ്
7. അറിയിപ്പുകൾ
8. നന്ദി
9. സമാപനഗീതം

# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക,
സഭാവാർത്തകൾക്കായി ന്യൂസ് പോർട്ടൽ
സന്ദർശിക്കുക
www.archtvmnews.com

## 2026 വിശുദ്ധ ഫ്രാൻസിസ് അസ്സീസി വർഷം; പൂർണദണ്ഡവിമോചനം അനുവദിച്ച് അപ്പസ്തോലിക പെനിറ്റെൻഷ്യറി



അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ മരണത്തിന്റെ എണ്ണൂറാം വാർഷികത്തിൽ, പൂർണദണ്ഡവിമോചനസാധ്യത അനുവദിച്ച് റോമൻ കൂരിയയുടെ അപ്പസ്തോലിക പെനിറ്റെൻഷ്യറി. വിശുദ്ധന്റെ മരണവുമായി ബന്ധപ്പെട്ട് ലെയോ പതിനാലാമൻ പാപ്പാ, 2025-ലെ പ്രത്യാശയുടെ ജൂബിലിയുടെ അവസാനത്തിൽ, 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ നീളുന്ന "പ്രത്യേക ഫ്രാൻസിസ്കൻ വർഷവും" പ്രഖ്യാപിച്ചു. ക്രിസ്തുവിന്റെ ജ്ഞാനസ്നാനതിരുനാൾ ആഘോഷിച്ചതിന് തലേന്ന്, ജനുവരി പത്താം തീയതിയാണ് പെനിറ്റെൻഷ്യറി ഇത്തരമൊരു ഡിക്രി പുറത്തുവിട്ടത്.

പതിവ് നിബന്ധനകൾക്ക് വിധേയമായിരിക്കും തങ്ങൾക്കുവേണ്ടിത്തന്നെയോ, ശുദ്ധീകരണസ്ഥലത്തുള്ള മരണമടഞ്ഞവർക്ക് വേണ്ടിയോ പൂർണദണ്ഡവിമോചനം നേടാനാകുക. കൗദാശിക കുമ്പസാരം, വിശുദ്ധ കുർബാന സ്വീകരണം, പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾ അനുസരിച്ചുള്ള പ്രാർഥന എന്നിവയാണ് പ്രധാനമായി പൂർണദണ്ഡവിമോചനത്തിനുള്ള നിബന്ധനകൾ.

ഫ്രാൻസിസ്കൻ സഭാംഗങ്ങൾക്കും, മറ്റുള്ള സമർപ്പിതർക്കും സാധാരണ എല്ലാ വിശ്വാസികൾക്കും നേടാനാകുന്ന ഈ ദണ്ഡവിമോചനത്തിന്റെ ഭാഗമായി, ഫ്രാൻസിസ്കൻ ദേവാലയങ്ങളിലോ, വിശുദ്ധന്റെ നാമധേയത്തിലുള്ളതോ, അതുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും ദേവാലയത്തിലോ, ഫ്രാൻസിസ്കൻ വർഷത്തിന്റെ ഭാഗമായുള്ള തീർഥാടനം നടത്തുകയും, ഭക്തികൃത്യങ്ങൾ ചെയ്യുകയും, ഫ്രാൻസിസ് അസ്സീസിയെപ്പോലെ ആളുകളിൽ മറ്റുള്ളവരുടെ നേർക്കുള്ള കരുണ വർദ്ധിക്കുന്നതിനുവേണ്ടി പ്രാർഥിക്കുകയും, സ്വർഗസ്ഥനായ പിതാവേ, വിശ്വാസപ്രമാണം, പരിശുദ്ധ അമ്മയുടെ പ്രാർഥനാഭ്യർഥന, വിശുദ്ധ ഫ്രാൻസിസ് അസ്സീസി, വിശുദ്ധ ക്ലെയർ, ഫ്രാൻസിസ്കൻ കുടുംബത്തിലെ വിശുദ്ധർ എന്നിവരോടുള്ള അപേക്ഷ, തുടങ്ങിയവയും ഡിക്രി അനുശാസിക്കുന്നുണ്ട്. വയോധികരും, രോഗികളും, അവരെ ശുശ്രൂഷിക്കുന്നവരും, ഗൗരവതരമായ കാരണങ്ങളാൽ പുറത്തിറങ്ങാൻ സാധിക്കാത്തവരുമായ ആളുകൾക്കും, പാപങ്ങളിൽനിന്ന് ഒഴിഞ്ഞുമാറിയും, പതിവായുള്ള മൂന്ന് നിബന്ധനകൾ കഴിയുന്നവർക്കും വേഗം ചെയ്യാനുള്ള തീരുമാനമെടുത്തു. ആധ്യാത്മികമായി ഫ്രാൻസിസ്കൻ വർഷത്തിലെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുന്നവർക്കും, പൂർണദണ്ഡവിമോചനം നേടാനാകും.

## സിനർജി; 26 മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ AI കോൺക്ലേവ് സംഘടിപ്പിച്ചു



കഴക്കൂട്ടം: കഴക്കൂട്ടം മരിയൻ എഞ്ചിനീയറിംഗ് കോളേജിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, 2026 ജനുവരി 17 ന് "പയനിയറിംഗ് എഞ്ചിനീയറിംഗ് & മെഡിക്കൽ ഫ്രോണ്ടിയേഴ്സ്" എന്ന വിഷയത്തിൽ AI കോൺക്ലേവ് 'SYNERGY 26' സംഘടിപ്പിച്ചു. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സിസ തോമസ് കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. ആരോഗ്യ എഞ്ചിനീയറിംഗ് മേഖലകളുടെ പരസ്പര പൂരകമായ സഹകരണം മെച്ചപ്പെട്ട മനുഷ്യജീവിതം സാധ്യമാക്കുമെന്ന് അവർ അഭിപ്രായപ്പെട്ടു. കോളജ് ബർസാർ ഫാദർ ജിം കാർവിൻ റോച്ച് അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. അബ്ദുൽ നിസാർ, ഡീൻ ഡോ. സാംസൺ, കോൺക്ലേവ് കൺവീനർ പ്രൊഫ. ബാലു ജോൺ എന്നിവരും പങ്കെടുത്തു. റോബോട്ടിക് സർജറി, പ്രിസിഷൻ മെഡിസിൻ, ഇലക്ട്രിക് വാഹനങ്ങൾ, ഇൻറലിജന്റ് എഞ്ചിനീയറിംഗ് തുടങ്ങി വിവിധ മേഖലകളിലെ വിദഗ്ധർ ക്ലാസുകളും ചർച്ചകളും നയിച്ചു.

## ലത്തീൻ കത്തോലിക്കാ സമുദായത്തിന് സ്ഥാനാർഥി നിർണയത്തിൽ അർഹമായ പരിഗണന നൽകണം; അതിരൂപത രാഷ്ട്രീയകാര്യ സമിതി

വെള്ളയമ്പലം: കേരളത്തിലെ ആസന്നമായ നിയമസഭാ തിരഞ്ഞെടുപ്പിൽ ജനസംഖ്യാനുപാതികമായി ലത്തീൻ കത്തോലിക്കാ സമുദായത്തിന് സ്ഥാനാർഥി നിർണയത്തിൽ അർഹമായ പരിഗണന നൽകണമെന്ന് എല്ലാ മുന്നണികളോടും തിരുവനന്തപുരം ലത്തീൻ അതിരൂപത രാഷ്ട്രീയകാര്യ സമിതി യോഗം ആവശ്യപ്പെട്ടു. തദ്ദേശ സ്വയം ഭരണ സ്ഥാപന തിരഞ്ഞെടുപ്പും നിലവിലുള്ള രാഷ്ട്രീയ സാഹചര്യങ്ങളും ചർച്ച ചെയ്യാൻ ബിഷപ്സ് ഹൗസിൽ കൂടിയ യോഗത്തിൽ ചെയർമാൻ മോൺ. യൂജിൻ എച്ച് പെരേര അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ റവ. ഡോ. ലോറൻസ് കുലാസ്, കൺവീനർ പ്ലാസിഡ് ഗ്രിഗറി, ഫാ. ബീഡ് മനോജ്, ഫാ. ഡാർവിൻ, ജോളി പത്രോസ്, ആന്റണി ആൽബർട്ട്, പാട്രിക് മൈക്കൾ, ലീജ സ്റ്റീഫൻ, വിമല സ്റ്റാൻലി, ചാർലറ്റ് ബോബൻ എന്നിവർ പ്രസംഗിച്ചു.

# 'ഉയരെ 2026'; ഭിന്നശേഷിക്കാരുടെ കൂടിവരവിൽ പ്രതിഭകളെ ആദരിച്ച് സാമൂഹ്യ ശുശ്രൂഷ




വെള്ളയമ്പലം : തിരുവനന്തപുരം ലത്തീൻ അതിരൂപത സാമൂഹ്യ സേവന വിഭാഗമായ, ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി (TSSS) ജൂബിലി വർഷാചരണത്തിന്റെ ഭാഗമായി ഭിന്നശേഷിക്കാരുടെ കൂടിവരവ് നടത്തി പ്രതിഭകളെ ആദരിച്ചു. ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ അധ്യക്ഷത വഹിച്ച പരിപാടി തിരുവനന്തപുരം മേയർ വി. വി. രാജേഷ് ഉദ്ഘാടനം ചെയ്തു. ജനുവരി 24 ശനിയാഴ്ച നടന്ന ചടങ്ങിൽ കലാ, കായിക, സാമൂഹിക, സാംസ്കാരിക, സാഹിത്യ, തൊഴിൽ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച 36 ഭിന്നശേഷിക്കാരായ പ്രതിഭകളെ ആദരിച്ച് പാരിതോഷികം നൽകി. ലഹരിക്കെതിരെ സമൂഹത്തെ ബോധവൽക്കരിക്കുന്നതിലേക്കായി സംഘടിപ്പിച്ച റീൽസ് മത്സരത്തിൽ വിജയികളായ 6 പേർക്ക് ക്യാഷ് അവാർഡും നൽകി. അതിരൂപത സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസ് സ്വാഗതമേകി. അതിരൂപത ശുശ്രൂഷ കോഡിനേറ്റർ ഫാ. ലോറൻസ് കുലാസ് ആശംസകളേകി.

ജൂബിലി വർഷത്തിൽ ഭവനരഹിതരായ 100 പേർക്ക് ഭവനം നിർമിച്ച് നൽകുന്നതിനും, ഭിന്നശേഷിക്കാരായ വ്യക്തികളെ വിവിധങ്ങളായ പദ്ധതികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമാണ് TSSS ലക്ഷ്യം വയ്ക്കുന്നത്. ഭിന്നശേഷിക്കാർക്ക് ഗവൺമെന്റ് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള സഹായവും ബോധവത്കരണവും, ഭിന്നശേഷിക്കാരുടെ നൈപുണ്യവികസനം ലക്ഷ്യം വച്ചു കൊണ്ടുള്ള വിവിധ പരിശീലന പരിപാടികൾ, മാനസികവും ശാരീരികവുമായ പ്രയാസങ്ങളെ അതിജീവിക്കാനുള്ള പിന്തുണ തുടങ്ങിയ ബൃഹദ്പദ്ധതികളുമാണ് ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കി വരുന്നത്.

## ജൂബിലി മെമ്മോറിയൽ ആശുപത്രിയിൽ പുതിയ സൗരോർജ്ജ പ്ലാന്റ്



പാളയം: പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വൈദ്യുതി ഉൽപ്പാദിക്കുന്ന പാതയിൽ നിലവിലുള്ള 100 KWp സൗരോർജപ്ലാന്റിന് പുറമെ ജൂബിലി മെമ്മോറിയൽ ആശുപത്രിയിൽ പുതിയ 400 KWp പുരപ്പുറ സൗരോർജ പ്ലാന്റിന്റെ ആശീർവാദ കർമം തിരുവനന്തപുരം അതിരൂപതാ മെത്രോപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ ജനുവരി 23-ന് നിർവഹിച്ചു. ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ മാനേജിങ് ഡയറക്ടർ റവ. ഡോ. ലെനിൻ രാജ്, അസിസ്റ്റന്റ് ഡയറക്ടർ, മറ്റ് സ്റ്റാഫംഗങ്ങളും സന്നിഹിതരായിരുന്നു.

## മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ ഗ്ലോബൽ അലൂമ്നി മീറ്റ് നടന്നു



കഴക്കൂട്ടം: മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ 2026 ജനുവരി 25-ന് സംഘടിപ്പിച്ച ഗ്ലോബൽ അലൂമ്നി മീറ്റ് വിവിധ പരിപാടികളോടെ വർണാഭമായി നടന്നു. രാവിലെ അലൂമിനി ടീമുകളുടെ ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങളോടെയാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് 2006–2010 സിവിൽ എഞ്ചിനീയറിംഗ് അലൂമ്നി ബാച്ചിന്റെ നേതൃത്വത്തിൽ വൃക്ഷത്തൈ നട്ടു. പരിസ്ഥിതി സംരക്ഷണത്തിന്റെയും സ്ഥാപനത്തോടുള്ള ശാശ്വതബന്ധത്തിന്റെയും പ്രതീകമായി ചടങ്ങ് ശ്രദ്ധേയമായി.

ഔദ്യോഗിക പരിപാടി ഹൈബ്രിഡ് മോഡിലാണ് സംഘടിപ്പിച്ചത്. കോളേജിലെ വേദിയോടൊപ്പം ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും പരിപാടി സംപ്രേഷണം ചെയ്തു. രാജ്യത്തിനകത്തും വിദേശത്തുമുള്ള അലൂമ്നികൾ പരിപാടിയിൽ സജീവമായി പങ്കെടുത്തു. മാനേജർ റവ. ഫാ. എ. ആർ. ജോൺ, പ്രിൻസിപ്പൽ ഡോ. അബ്ദുൽ നിസാർ എം, ഡീൻ ഡോ. സാംസൺ എ, ബർസാർ റവ. ഫാ. ജിം കാർവിൻ റോച്ച് എന്നിവർ ഔദ്യോഗിക പരിപാടിയിൽ പങ്കെടുത്തു. കൂടാതെ, 300-ലധികം പൂർവ വിദ്യാർഥികളും അതോടൊപ്പം നിരവധിപേർ ഓൺലൈനിലൂടെയും സന്നിഹിതരായിരുന്നു.

നീർച്ചാൽ

# ഒളിഞ്ഞുകിടക്കുന്ന സൗഭാഗ്യം

ആണ്ടുവട്ടത്തിലെ 4-ാം ഞായർ (ഫെബ്രു.1)

**സെഫാ. 2:3, 3:12-13, 1 കോറി. 1:26-31, മത്താ. 5:1-12**

## ഫാ. വർഗീസ് ജോസഫ്



മലമുകളിലെ പ്രസംഗം ഉയർച്ചയായ ഇടം മാത്രമല്ല, ദൈവിക സാന്നിധ്യത്തിന്റെ വളർച്ചയുമാണ്. ഒരു മനുഷ്യജീവിതം കടന്നുപോകാവുന്ന സാധ്യതകളെ ഓർമിപ്പിക്കലും അതിൽ ദൈവിക സ്പർശത്തിന്റെ ഉറപ്പുമാണ് അഷ്ടസൗഭാഗ്യങ്ങൾ. ക്രിസ്തുവിന്റെ ജീവിതത്തിന്റെയും പഠനത്തിന്റെയും സംക്ഷിപ്തരൂപമാണിത്. പരസ്യജീവിതത്തിന്റെ ആരംഭത്തിൽതന്നെ ക്രിസ്തുവിന്റെ ആധികാരികമായ പ്രബോധനമാണിത്. മത്തായിയുടെ സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ 'മാനസാന്തരപ്പെടുവിൻ, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു' (മത്താ. 4:17) എന്ന വചനവുമായാണ് യേശു പരസ്യജീവിതം ആരംഭിക്കുന്നത്. തുടർന്ന് ആദ്യശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നു (മത്താ. 4:18).

ശിഷ്യത്വം അനുഗ്രഹീതമാണ് (ഭാഗ്യവാന്മാർ). ക്രിസ്തുവിന്റെ വാക്കുകളിൽ പറഞ്ഞാൽ ആത്മാവിൽ ദരിദ്രരായവരും വിലപിക്കുന്നവരും ശാന്തശീലരും നീതിക്കുവേണ്ടി വിശക്കുന്നവരും കരുണയുള്ളവരും ഹൃദയശുദ്ധിയുള്ളവരും സമാധാനം സ്ഥാപിക്കുന്നവരും നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവരും അനുഗ്രഹീതരാണ് (മത്താ. 5:1-10). ക്രിസ്തുശിഷ്യർ ഈ ജീവിത സൗഹചര്യങ്ങളിലൂടെ കടന്നുപോകുന്നവരാണ്, കടന്നുപോകേണ്ടവരാണ്. 'ഭാഗ്യവാൻ' എന്ന വാക്കിന് പരിശുദ്ധനെന്നോ സന്തോഷവാനെന്നോ അർഥമില്ല. ഭാഗ്യവാൻ എന്നത് ജീവിത സാഹചര്യമാണ്, ആയിരിക്കുന്ന അവസ്ഥയാണ്.

ക്രിസ്തീയ ശിഷ്യത്വം സ്വർഗരാജ്യത്തിലേക്കുള്ള ക്ഷണമാണ്. ക്രിസ്തുവിനെപ്രതി വേദനകളിലൂടെയും സങ്കടത്തിലൂടെയും കണ്ണീരിലൂടെയും ഒറ്റപ്പെടലിലൂടെയും കടന്നുപോകുന്നവരാണ് ഈ ക്ഷണത്തിന് അർഹരാകുക. സ്വർഗരാജ്യമാണ് ഭാഗ്യംനിറഞ്ഞ ഇടം. ഈ ഇടത്തിൽ എത്തിച്ചേരുന്നവരാണ് ഭാഗ്യവാന്മാർ. ആത്യന്തികമായ സ്വർഗരാജ്യത്തിൽ പ്രവേശിക്കുക എന്നതാണ് ഓരോ ക്രിസ്തുശിഷ്യന്റെയും ലക്ഷ്യം.

ക്രിസ്തു പരസ്യജീവിതം ആരംഭിക്കുന്നതുതന്നെ ഇവ്വിധമാണ്; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു (മത്താ. 4:17). ഒടുവിൽ ക്രിസ്തുനാഥൻ ശിഷ്യന്മാരെ പ്രസംഗിക്കുന്നതിനും സുഖപ്പെടുത്തുന്നതിനും അയയ്ക്കുന്നു. സ്വർഗരാജ്യം ലോകമെങ്ങും വ്യാപിക്കുന്നതിന് തുടക്കംകുറിച്ചു (മത്താ. 10:1;5-8).

അഷ്ടസൗഭാഗ്യത്തിന് പഴയനിയമത്തോളം ചരിത്രമുണ്ട്. ഏശ. 61:1-5; സങ്കീ. 24:3-4; സങ്കീ. 37, സങ്കീ. 11:42 എന്നിവ പഴയനിയമത്തിന്റെ ഓർമപ്പെടുത്തലാണ്. ക്രിസ്തു കടന്നുപോയ ജീവിതരീതിയിലേക്കാണ് ക്രിസ്തുശിഷ്യന്റെയും ക്ഷണം. അഷ്ടസൗഭാഗ്യത്തിന്റെ പ്രതിഫലവും ക്രിസ്തു പറയുന്നുണ്ട്. നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും (മത്താ. 5:12).

അഷ്ടസൗഭാഗ്യത്തിന് ചില പ്രത്യേകതകളുണ്ട്. ഈ ഭൂമിയിൽ നാം കടന്നുപോകുന്ന കണ്ണീരിനെ 3-ാം വാക്യവും 10-ാം വാക്യവും ഓർമിപ്പിക്കുന്നു. സ്വർഗരാജ്യം ഈ ഭൂമിയിലെ ജീവിതമാണ്. 4-ാം വാക്യവും 9-ാം വാക്യവും ഭാവിയിലെ ജീവിതവുമായി ബന്ധപ്പെട്ടുനിൽക്കുന്നു. ഇന്നത്തെ ജീവിതത്തിലെ ഭാഗ്യക്കേടിന് നാളത്തെ ജീവിതത്തിലെ ആർക്കും തരാനാകാത്ത ഭാഗ്യം ഒളിഞ്ഞുകിടപ്പുണ്ട്. ആ ഭാഗ്യം ക്രിസ്തുവിലുണ്ട്. ആ ക്രിസ്തുവിനെ കണ്ടെത്തുക എന്നതാണ് പ്രധാനം.

●



# യഥാർത്ഥ ക്രിസ്തുശിഷ്യത്വം: കാലഘട്ടത്തിന്റെ അനിവാര്യത

ആണ്ടുവട്ടത്തിലെ 5-ാം ഞായർ
(ഫെബ്രു. 8)
**എശ. 58:7-10 1കോറി. 2:1-5**
**മത്തായി 5:13-16**

## ഫാ. സി. കെ. തോപ്പിൽ

അണഞ്ഞുപോകാത്ത വെളിച്ചവും ഉറകെടാത്ത ഉപ്പുമാകാൻ വിളിക്കപ്പെട്ടതാണ് ക്രൈസ്തവ ജീവിതം. മനുഷ്യജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന രണ്ടു പ്രതീകങ്ങളാണ് ഉപ്പും പ്രകാശവും. ദൈവരാജ്യ പ്രഘോഷണത്തിനുള്ള ഉപാധികളായി യേശു ഇവ രണ്ടും തിരഞ്ഞെടുത്തു. വൈദ്യുതിയും ശീതീകരണ സംവിധാനങ്ങളും ഇല്ലാതിരുന്ന യേശുവിന്റെ കാലത്ത് ജീവിച്ചിരുന്ന പാവപ്പെട്ട ജനങ്ങൾക്ക് ഉപ്പിന്റെയും വെളിച്ചത്തിന്റെയും പ്രാധാന്യം നന്നായി അറിയാമായിരുന്നു. അവർക്ക് എളുപ്പം ഗ്രഹിക്കുവാൻ കഴിയുംവിധം ലളിതമായി, എന്നാൽ വളരെ അർഥവത്തായി യേശു അരുൾചെയ്തു; 'നിങ്ങൾ ഭൂമിയുടെ ഉപ്പാണ്. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്.'

### ഉപ്പും ഉപയോഗവും

മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നായാണ് പ്രഭാഷകൻ ഉപ്പിനെ കാണുന്നത് (പ്രഭാ. 39:26). ബലിവസ്തുക്കളിൽ കലർത്താനും നീരുറവയെയും അതിലെ ജലത്തെയും മാലിന്യത്തിൽനിന്നും അശുദ്ധിയിൽനിന്നും വിമുക്തമാക്കുന്നതിനും ഉപ്പ് ഉപയോഗിച്ചിരുന്നു. (2 രാജാ 2, 19-22, ലേവ്യ 2, 13, എസെ. 43:24)

ഉപ്പ് ഭക്ഷണത്തിന് രുചി പകരുന്നു. ജൈവപദാർഥങ്ങളും മത്സ്യമാംസാദികളും അഴുകാതെ സൂക്ഷിക്കുവാൻ ഉപ്പിന് കഴിവുണ്ട്. മുറിവ് കഴുകാനും മാലിന്യങ്ങളെ ശുചിയാക്കാനും ഉപ്പ് ഉപയോഗിക്കുന്നു. പാലസ്തീനായിൽ സമൃദ്ധമായി ലഭിച്ചിരുന്ന ഉപ്പ് കട്ടിലുകളുടെ തറയോടുകൾക്ക് താഴെ പാകി ശീതകാലത്തെ അതിജീവിക്കാൻ ഉപയോഗിച്ചിരുന്നു. പക്ഷേ, ഉപ്പിന് ലവണഗുണം വേണം. ലവണമില്ലാത്തത് ഗുണമില്ലെന്ന് മാത്രമല്ല, ദോഷങ്ങളും ഉളവാക്കിയേക്കാം. ഒരിക്കൽ നഷ്ടപ്പെട്ടാൽ ലവണഗുണം പിന്നീട് വീണ്ടെടുക്കാൻ സാധ്യമല്ല. മനുഷ്യരാൽ ചവിട്ടപ്പെടാനല്ലാതെ മറ്റൊന്നിനും അത് കൊള്ളുകയില്ല.

### പ്രകാശവും പ്രസക്തിയും

ദൈവത്തിന്റെ ആദ്യസൃഷ്ടി പ്രകാശമായിരുന്നു (ഉൽപ. 1:3-4). സൂര്യൻ സ്വയം പ്രകാശിക്കുമെന്നും ചന്ദ്രന്റെ പ്രകാശം സൂര്യപ്രകാശത്തിന്റെ പ്രതിഫലനമാണെന്നും നമുക്കറിയാം. പ്രകാശം നേർരേഖയിൽ മാത്രമേ സഞ്ചരിക്കുകയുള്ളൂ. പ്രകാശം കൂടുതൽ പ്രസക്തമാകുന്നത് അന്ധകാരത്തിലാണ്. അന്ധകാരത്തെ അകറ്റുവാൻ ഒരേയൊരു മാർഗമേയുള്ളൂ. പ്രകാശം തെളിയിക്കുക. പ്രകാശം അതിൽതന്നെ സ്വയം വെളിപ്പെടുത്തുന്നതാണ്. ഒരു വസ്തു പ്രകാശിക്കുന്നത് അതിനുവേണ്ടിയല്ല, മറ്റുള്ളവർക്കുവേണ്ടിയാണ്. പ്രകാശിക്കുന്ന വസ്തുവിനോട് എത്രമാത്രം അടുത്തിരിക്കുന്നുവോ അത്രമാത്രം കൂടുതൽ പ്രകാശം ഒരാൾക്ക് അനുഭവിക്കാനാകും.

നാം ജീവിക്കുന്ന ചുറ്റുപാടിൽ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി തീരാനുള്ള മാർഗമായിട്ടാണ് 'പത്തുകല്പനകൾ' നൽകിയത്. അതിന്റെ സഭാത്മകമാനമാണ് 'തിരുസഭയുടെ കല്പന'കളിൽ തെളിയുന്നത്. ഉപ്പും പ്രകാശവുമാകാൻ നമ്മിലുള്ള പാപങ്ങളെ ഉന്മൂലനം ചെയ്യുകയും മൗലികസുകൃതങ്ങൾ സ്വായത്തമാക്കുകയും വേണം. ●

# സ്നേഹം: നിയമത്തിന്റെ ആത്മാവ്

ആണ്ടുവട്ടത്തിലെ 6-ാം ഞായർ
(ഫെബ്രു. 15)
**പ്രഭാ.15:15-20 1കോറി. 2:6-10 മത്തായി 5:17-37**

## ഫാ. ഡൈസൺ

ഗലീലി കടൽത്തീരത്തുള്ള മലയിലെ പ്രസംഗങ്ങളാണ് മത്തായി 5,6,7 അധ്യായങ്ങൾ. പഴയ നിയമത്തിൽ സീനായ് മലയിൽവച്ച് മോശയ്ക്ക് ദൈവം കല്പനകൾ നല്കിയെങ്കിൽ പുതിയ നിയമത്തിൽ യേശു മലയിലിരുന്നുകൊണ്ട് 'ഞാൻ നിങ്ങളോടു പറയുന്നു' എന്ന ആമുഖത്തോടെ, പുതിയ പ്രബോധനം നല്കുന്നതിലൂടെ യേശു, നിയമദാതാവായ ദൈവവും ജനങ്ങൾക്ക് നിയമം നല്കുന്ന പുതിയ മോശയുമായി മാറുകയാണ്. 2000 വർഷങ്ങൾക്ക് മുമ്പ് യേശു നല്കിയ നിയമങ്ങൾ ഇന്നും മനുഷ്യർക്ക് ആത്മാവും ജീവനുമാണ്. ഈജിപ്തിലെ ഒരു പഴയ ശവകുടീരത്തിൽ ഒരുപിടി ഗോതമ്പു കണ്ടെത്തി അതിന് 500 വർഷത്തെ പഴക്കമുണ്ടായിരുന്നു. ആ



വിത്തുകളെ നനച്ച് വിതച്ചപ്പോൾ എല്ലാവരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് മുളച്ചു പൊങ്ങി, ഫലം നല്കി. കാലപ്പഴക്കം യേശുവിന്റെ പ്രബോധനത്തെ ബാധിക്കുന്നില്ല.

## യേശു നിയമങ്ങൾ പൂർത്തീകരിക്കുന്ന ദിവ്യഗുരു

മോശയിലൂടെ ദൈവം നല്കിയ കല്പനകളെ എതിർക്കുകയോ ഇല്ലാതാക്കുകയോ അല്ല, അതിന്റെ പൂർത്തീകരണമാണ് യേശുവിന്റെ ലക്ഷ്യം. കല്പനകളെല്ലാം ഉടലെടുത്തത് സ്നേഹമെന്ന ഉറവയിൽ നിന്നാണ്. എല്ലാ കല്പനകളുടെയും സ്വത്വവും, ആന്തരികതയും സ്നേഹമാണ്. സ്നേഹത്തെ മാറ്റിനിറുത്തിക്കൊണ്ട് ബാഹ്യമായ അനുഷ്ഠനങ്ങളിലും അന്ധമായ ആചാരങ്ങളിലും നിയമത്തെ തളച്ചിട്ട് അതിൽ സംതൃപ്തി കണ്ടെത്തുന്ന തെറ്റായ പ്രവണതയെ യേശു പ്രവാചക വീര്യത്തോടെ എതിർക്കുന്നു.

## സഹോദരനുമായി രമ്യത

ത്രികാല പ്രാർഥനാസന്ദേശത്തിൽ പോപ്പ് ഫ്രാൻസിസ് പറയുന്നു: 'നിങ്ങൾ വിശുദ്ധരാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ കോപത്തോടും, കുറ്റം പറച്ചിലിനോടും വിട പറയണം'. കാരണം ക്രോധവും അവഹേളനവും കൊലപാതകത്തിലേക്ക് നയിക്കുന്ന ചവിട്ടുപടികളാണ്. കോപം രൂക്ഷമാകുമ്പോൾ വിവേകം സ്ഥലം വിടുമെന്ന് ഒ. ഹെൻട്രി പറയുമ്പോൾ, അരിശം അഗ്നി പോലെയാണ് നാശം വരുത്തിയേ കെട്ടടങ്ങൂ എന്ന് ഗാന്ധിജി പറയുന്നു. കോപത്തിൽ നിന്ന് അകന്നുനിന്നില്ലെങ്കിൽ അത് തിന്മയിലേക്ക് നമ്മെ നയിക്കുമെന്ന് സങ്കീർത്തകൻ പറയുന്നു (സങ്കീ 37:8). കോപം നമ്മുടെ മടിയിലാണ് വിശ്രമിക്കുന്നത് (സഭാ 7:9). അതുകൊണ്ട് കോപത്തെ ജയിക്കാം. അതിലൂടെ സഹോദരങ്ങളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാം. നമ്മുടെ വാക്കുകൾ വചനങ്ങളായി മാറുമ്പോൾ ജീവൻ സംരക്ഷിക്കപ്പെടുന്നു. വാക്കുകൾ വക്രതയായി മാറുമ്പോൾ ജീവൻ ഹനിക്കപ്പെടുന്നു. അപവാദപ്രചാരണം കൊലപാതകത്തിനു തുല്യമാണ്. കാരണം അതിലൂടെ ഒരു വ്യക്തിയുടെ സൽപേര് കൊലചെയ്യപ്പെടുകയാണ്. നമ്മുടെ നാവ് തിന്മയുടെ ഉപകരണമാകരുത്. അത്, വ്യക്തികളെയും സമൂഹത്തെയും ദഹിപ്പിച്ചുകളയുന്ന ചിതയായി മാറും. രക്തച്ചൊരിച്ചിലിലൂടെയുള്ള കൊലപാതകം മാത്രമല്ല പാപം, കൊലപാതകത്തിലേക്ക് നയിക്കുന്ന വാക്കും പ്രവൃത്തിയും ചിന്തയും പാപമാണ്.

ദൈവത്തോടുള്ള നമ്മുടെ ബന്ധം ആത്മാർഥയുള്ളതാണെങ്കിൽ സഹോദരങ്ങളോട് നമ്മൾ സമാധാനത്തിൽ വർത്തിക്കുന്നവരായിരിക്കും. കാരണം ദൈവസ്നേഹം പ്രകാശിതമാകുന്നത് സഹോദരസ്നേഹത്തിലൂടെയാണ്. സഹോദരനോടുള്ള രമ്യതയാണ് അവനെ ദൈവതിരുമുമ്പിൽ കാഴ്ചയർപ്പിക്കുന്നതിന് അർഹനാക്കുന്നത്. പ്രാർഥനയിലൂടെ, കാഴ്ചയർപ്പണത്തിലൂടെ ഭക്തി പ്രകടിപ്പിക്കുന്നതിനുമുമ്പേ സഹോദരനുമായി രമ്യപ്പെടുവാനുള്ള യേശുപ്രബോധനം രക്ഷാകരമാണ്.

## ആസക്തിയിൽനിന്നുള്ള മോചനം

ചിന്തകളും പ്രവൃത്തികളെപ്പോലെ പ്രധാനമാണ്. ചിന്തകളെ വിശുദ്ധീകരിക്കുമ്പോൾ പ്രവൃത്തികൾ നിർമലമായിരിക്കും. ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ, ചിന്തകൊണ്ടുതന്നെ ഹൃദയത്തിൽ പാപം ചെയ്തു കഴിഞ്ഞു. അപ്രാപ്യരായ സ്ത്രീകളെ കാമവികാരത്തോടെ നോക്കുന്നത് അശ്ലീലവും പാപവുമാണ് എന്ന് കവയിത്രി മാധവിക്കുട്ടി പറയുന്നു. അതീവ സുന്ദരിയായ പേർഷ്യാരാജാവിന്റെ പത്നി അലക്സാണ്ടർ മഹാരാജാവിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടപ്പോൾ അവളെ ഒരുപ്രാവശ്യം മാത്രമേ നോക്കിയുള്ളൂ എന്നിട്ട് തുറുങ്കിലേക്ക് അടയ്ക്കാൻ ആജ്ഞാപിച്ചു. അദ്ദേഹം പറഞ്ഞു. 'ഒരു സ്ത്രീയുടെ സൗന്ദര്യംകണ്ട് ദുർബലനാകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല'. ആസക്തിയാണ് മഹാനായ സോളമനെപ്പോലും വഴിതെറ്റിച്ചത്. കണ്ണും ഹൃദയവും പാപത്തിന്റെ രണ്ട് ദല്ലാളന്മാരാണെന്ന് റബ്ബിമാരുടെ പഴമൊഴി. മട്ടുപ്പാവിൽ ഉലാത്തിയ ദാവീദിന്റെ കാഴ്ചയാണല്ലോ ബെത്ഷെബായുമായി പാപത്തിനു കാരണമായി തീരുന്നത്. അനിയന്ത്രിതമായ കണ്ണിന്റെ കൗതുകകരമായ വിലക്കപ്പെട്ട പഴത്തിന്റെമേലുള്ള നോട്ടമാണ് ഹവ്വയെ പാപിനിയായി മാറ്റിയത്. ആസക്തികൾ കൂടുകെട്ടുന്ന ചിന്തയെയും ഹൃദയത്തെയും വിമലീകരിക്കാൻ രണ്ടാം സ്നാനത്തിനാകും. കത്തോലിക്കാ തിരുസഭയിലെ രണ്ടാം സ്നാനം കണ്ണുനീരുകൊണ്ടുള്ള അനുരഞ്ജന കൂദാശയാണ്.

ബാഹ്യപ്രകടനങ്ങൾക്കോ അന്ധമായ ആചാരങ്ങൾക്കോ അല്ല യേശു പ്രാധാന്യം നല്കുന്നത്. നിയമത്തിന്റെ ഉറവിടമായ സ്നേഹത്തിലാണ് യേശുവിന്റെ ശ്രദ്ധ. സ്നേഹമുണ്ടെങ്കിൽ നിയമങ്ങൾക്ക് പൂർത്തീകരണമുണ്ട്. സ്നേഹമില്ലെങ്കിൽ നിയമങ്ങൾ ആത്മാവില്ലാത്ത കനത്ത ചുമടായി മാറുന്നു. അത് വഹിക്കുന്നവൻ വീണു പോകുന്നു.

●

## പാപം മറച്ചുവച്ച രഹസ്യം

തപസ്സുകാലം 1-ാം ഞായർ (ഫെബ്രു.22)

**ഉൽപ 2:7-9, 3:1-7 റോമാ 5:12-19 മത്തായി 4:1-11**



# ഫാ. വർഗീസ് ജോസഫ്





പാപത്തിൽ വീണുപോയതിന്റെയും വീഴാതെ അതിനെ അതിജീവിച്ചതിന്റെയും സംഭവമാണ് ഇന്നത്തെ മൂന്നുവായനകളും. ഒന്നാംവായന ആദവും ഹവ്വായും പാപം ചെയ്ത സംഭവമാണ്. ഉൽപത്തിപുസ്തകം ആദ്യപാപത്തിന്റെ ഓർമ നൽകുന്നു എന്നതിനേക്കാളുമുപരി ആദ്യപാപത്തിന്റെ കാരണങ്ങൾ ഓർമപ്പെടുത്തുന്നു. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു(ഉൽ. 1:26). ദൈവത്തിന്റെ സ്വന്തമായി ദൈവത്തെപ്പോലെ ദൈവമക്കളായി സൃഷ്ടിച്ചു. സൃഷ്ടിയുടെ മകുടമായിരുന്നു മനുഷ്യൻ. അതുകൊണ്ടുതന്നെ ദൈവികചിന്തയിലാണ് അവർ ഏദൻതോട്ടത്തിൽ ജീവിച്ചത്. ഉടനെ പിശാച് അവരുടെ മുൻപിൽവന്ന് വൃക്ഷത്തിന്റെ കനിവഴി അവരെ പാപത്തിലേക്ക് വീഴ്ത്തി (ഉൽ. 3:6). പാപത്തിലേക്ക് വീഴ്ത്താൻ പിശാച് പറഞ്ഞ വാക്ക് ചെറുതും വ്യക്തവുമാണ്: ഇത് ഭക്ഷിച്ചാൽ നിങ്ങൾ ദൈവത്തെപ്പോലെ ആകും(ഉൽ. 3:5).

ചോദ്യമിതാണ്: അത്രയുംനാൾ അവർ ദൈവത്തെപ്പോലെ അല്ലേ? ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചതുകൊണ്ടുതന്നെ ശരീരംകൊണ്ടും മനസ്സുകൊണ്ടും ദൈവത്തെ പോലെയാണ് അവർ. എന്നിട്ടും ആ ബോധം നഷ്ടപ്പെട്ട് അവർ ജീവിച്ചു. ഞാൻ ആരാണെന്ന തിരിച്ചറിവില്ലാതെ ജീവിക്കുന്നതാണ് പിന്നീട് പാപത്തിന് കാരണമാകുന്നത്. എല്ലാ പാപങ്ങൾക്കും കാരണം ദൈവവുമായും മനുഷ്യരുമായും നാമുമായും നമുക്കുള്ള ബന്ധം എന്താണെന്ന് മറന്നുപോകുന്നതുകൊണ്ടാണ്.


ഈ ബന്ധത്തെക്കുറിച്ച് തികഞ്ഞ ബോധ്യമുള്ള ക്രിസ്തു പരീക്ഷിക്കപ്പെട്ടതും അതിനെ എത്ര ശ്രദ്ധയോടെ അതിജീവിച്ചു എന്ന ഓർമപ്പെടുത്തലുമാണ് ഇന്നത്തെ സുവിശേഷം. മൂന്നു പരീക്ഷണങ്ങളിലും ശ്രദ്ധിക്കേണ്ടത് പിശാചിന്റെ വാക്കുകളാണ്. നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക (മത്താ. 4:3). 'നീ ദൈവപുത്രനാണെങ്കിൽ.....' അവിടെയാണ് പ്രശ്നം. ക്രിസ്തുവിന് താൻ ആരാണെന്നും എന്തിന് വന്നു എന്നും തികഞ്ഞ ബോധ്യമുണ്ട്. അത് ആരുടെയും മുൻപിൽ തെളിയിക്കേണ്ട ആവശ്യം മനുഷ്യപുത്രനില്ല. രണ്ടാമത്തെ പരീക്ഷണത്തിന്റെ വാക്കുകളും ഇതുതന്നെയാണ്. 'നീ ദൈവപുത്രനാണെങ്കിൽ താഴേക്കുചാടുക' (മത്താ. 4:6) വീണ്ടും 'ദൈവപുത്രനാണെങ്കിൽ' എന്നു പറയുന്നതിലൂടെ പിശാച് ക്രിസ്തുവിനെ പാപത്തിലേക്ക് വീഴ്ത്താൻ നോക്കുന്നു. മൂന്നാമത് വ്യത്യസ്തമായ ഒരു പരീക്ഷണം തന്നെയായിരുന്നു. 'നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്ക് ഞാൻ തരും' (മത്താ. 4:9). പുത്രന്റെ സ്ഥാനം പിശാച് ഏറ്റെടുത്ത് എല്ലാം നിനക്ക് നൽകപ്പെട്ടിരിക്കുന്നു എന്നുപറഞ്ഞ് പുത്രന്റെ അവകാശം തട്ടിയെടുക്കാൻ ശ്രമിക്കുന്നു. ക്രിസ്തു മൂന്നു പരീക്ഷകളെയും അതിജീവിച്ചു. സ്വബോധം നഷ്ടപ്പെടുന്ന ഇടത്ത് പാപം ഉത്ഭവിക്കും. പിശ്വാചിന്റെ ഈ പരീക്ഷണം മരണത്തോളം ഉണ്ടായിരുന്നു.

കുരിശിൽക്കിടന്നു പിടയുമ്പോഴും പിശാചിനാൽ പ്രേരിതനായ ഒരുവൻ പറഞ്ഞു: ദൈവാലയം നശിപ്പിച്ച് മൂന്നുദിവസംകൊണ്ട് പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്കുക; നീ ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്ന് ഇറങ്ങിവരിക (മത്താ. 27:40). കുരിശുമരണം രക്ഷയ്ക്ക് കാരണമാകും എന്ന് കൃത്യമായി പിശാചിനറിയാം. അതുകൊണ്ടുള്ള അവസാന പരീക്ഷണം പിശാച് നടത്തി. ക്രിസ്തു മിഴിപൂട്ടി മരിച്ചു (മത്താ. 27:50). ഉടനെ ശതാധിപൻ (ശതത്തിന്റെ അധിപൻ) പറഞ്ഞു: ഇവൻ സത്യമായും ദൈവപുത്രനായിരുന്നു (മത്താ. 27:54). അതാണ് വിശ്വാസത്തിന്റെ അടിസ്ഥാനം. തെളിയിക്കപ്പെടാത്ത സത്യങ്ങൾ പിന്നീട് സത്യത്തിന് സാക്ഷ്യമാകും. രണ്ടാം വായനയിൽ പൗലോസ് അപ്പോസ്തലൻ ഈ സത്യത്തെ പ്രഖ്യാപിച്ചു. ആദിമാതാപിതാക്കളുടെ പാപത്തിന് മനുഷ്യപുത്രൻ രക്ഷ പ്രദാനംചെയ്തു. കുരിശിൽചിന്തിയ രക്തം രക്ഷയ്ക്ക് കാരണമായി. ഞാൻ ആരാണെന്ന ബോധ്യം നഷ്ടപ്പെടുന്ന ഇടത്ത് പാപം ഉത്ഭവിക്കും. ആ ബോധ്യത്തിൽ ജീവിച്ച ക്രിസ്തു അവസാന ശ്വാസംവരെയും ജീവിച്ചുകാണിച്ചു. ജ്ഞാനസ്നാനം സ്വീകരിച്ച നമ്മളെല്ലാവരും ദൈവത്തിന്റെ മക്കളാണ്. ആ ബോധ്യം ഉള്ളിൽ നിറഞ്ഞുനിൽക്കാൻ മനുഷ്യപുത്രൻ രക്തംചിന്തിയ കുരിശിനെ ഓർക്കാം.

●

നേർക്കാഴ്ച

ജെ. സി.



# കേരളത്തിൽ സമഗ്ര വോട്ടർ കരട്പട്ടിക – പുറത്തായവർ 24 ലക്ഷംപേർ

കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങൾ സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ (എസ്.ഐ.ആർ) ഭാഗമായി, നിയമസഭയിലേയ്ക്കുള്ള കരട് വോട്ടർ പട്ടിക പുറത്തിറക്കിയപ്പോൾ പുറത്തായവരും പട്ടികയിൽ ഉൾപ്പെടുത്തിയെങ്കിലും വിവരങ്ങളിൽ കൃത്യത പോരെന്ന കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിഗമനത്തിൽ എത്തിയവരുമാണ് ഈ പ്രയാസങ്ങൾ അനുഭവിക്കുന്നത്. എന്യൂമെറേഷൻ ഫോം ലഭിക്കാത്തവരോ, ലഭിച്ചിട്ടും പൂരിപ്പിച്ച നൽകാത്തവരോ ആയ ഒട്ടേറെപ്പേർ ഇങ്ങനെ പുറത്തായിട്ടുണ്ട്. അവരെല്ലാം പുതിയ അപേക്ഷകരായി പേരുചേർക്കണം. കേരളത്തിൽ വോട്ടർ പട്ടിക സംബന്ധിച്ച് ആക്ഷേപങ്ങളും അവകാശങ്ങളും സമർപ്പിക്കാനുള്ള സമയപരിധി ജനുവരി 30വരെ നീട്ടിയിരുന്നു. കരട്പട്ടികയിൽനിന്ന് ഒഴിവാക്കിയവർക്കും മറ്റും പരാതികൾ സമർപ്പിക്കാനുള്ള സമയമാണിത്. ഹിയറിംഗ് പരിപാടികൾ ഫെബ്രുവരി 28വരെയാണ് നിശ്ചയിട്ടുള്ളത്.

സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ (എസ്.ഐ.ആർ.) ഹിയറിങ്ങിനായി പ്രധാന ഉദ്യോഗസ്ഥരെ സഹായിക്കാൻ മറ്റ് വകുപ്പുകളിൽ കലക്ടർമാർ നടപടി ആരംഭിച്ചിട്ടുമുണ്ട്. ഹിയറിങ് നോട്ടീസ് സ്വീകരിക്കൽ, ആവശ്യമായ രേഖകൾ സംഘടിപ്പിക്കൽ, രേഖകളുടെ സമർപ്പണം, ഹിയറിങ്ങിന് ഹാജരായി താനും തന്റെ കുടുംബവും 24 വർഷത്തിലേറെയായി താമസിക്കുന്നവരാണെന്ന് തെളിയിക്കൽ തുടങ്ങിയ ഉത്തരവാദിത്തങ്ങളാണ് വോട്ടറായി തുടരാൻ, പൗരത്വം തെളിയിക്കാൻ ചെയ്യേണ്ടിവരുന്നത്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്ന 13 രേഖകൾ പലർക്കും എളുപ്പം സംഘടിപ്പിക്കാനാവുന്നതല്ല. 2004 ഡിസംബർ 2-ന് ശേഷം ജനിച്ചവർ അവരുടെ മാതാപിതാക്കളെ സംബന്ധിച്ച് ഇത്തരം സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതുണ്ട്. ഹിയറിങ്ങിന് നേരിട്ട് ഹാജരാകേണ്ടതില്ലെന്നും ആവശ്യമായ രേഖകൾ കൊടുത്താൽ മതിയെന്നുമുള്ള ഇളവ് പ്രവാസി വോട്ടർമാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ജന്മസ്ഥലം ഇന്ത്യയിൽ അല്ലാത്തതുകൊണ്ട് ഈ ഇളവ് ലഭ്യമല്ലാതെവരുന്നത് പ്രവാസികളുടെ മക്കളെ പ്രയാസത്തിലാക്കും. ഇതു പരിഹരിക്കാൻ ഫോം പരിഷ്കരിക്കേണ്ടതുണ്ട്.

പൗരത്വം തെളിയിക്കൽ ശിക്ഷയായി മാറുന്നു. കേരളത്തിലെ സ്ഥിതി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെക്കാൾ താരതമ്യേന കാഠിന്യം കുറവാണെങ്കിലും ആദ്യം എസ്.ഐ.ആർ നടന്ന ബീഹാറിൽ ലക്ഷക്കണക്കിന് വോട്ടർമാർ നിയമസഭാ പട്ടികയിൽനിന്ന് പുറത്തായതും തുടർന്നുണ്ടായ സംഭവങ്ങളും കേരളത്തിലെ ജനങ്ങളേയും ആശങ്കയിൽ ആഴ്ത്തുന്നു. കേന്ദ്രസർക്കാർ കൊണ്ടുവന്ന പൗരത്വബിൽ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് കമ്മീഷനെ നിയന്ത്രിക്കുന്ന ഈ പ്രക്രിയ ജനാധിപത്യവിരുദ്ധമാണ്. ഇതിനെതിരെ ശബ്ദമുയർത്താൻ നമുക്കു കഴിയണം.

പൗരത്വം തെളിയിക്കൽ ശിക്ഷയായി മാറുന്നു. കേരളത്തിലെ സ്ഥിതി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെക്കാൾ താരതമ്യേന കാഠിന്യം കുറവാണെങ്കിലും ആദ്യം എസ്.ഐ.ആർ നടന്ന ബീഹാറിൽ ലക്ഷക്കണക്കിന് വോട്ടർമാർ നിയമസഭാ പട്ടികയിൽനിന്ന് പുറത്തായതും തുടർന്നുണ്ടായ സംഭവങ്ങളും കേരളത്തിലെ ജനങ്ങളേയും ആശങ്കയിൽ ആഴ്ത്തുന്നു.

# MARIAN EDU CITY

LATIN ARCHDIOCESE OF TRIVANDRUM
KAZHAKUTTOM, THIRUVANANTHAPURAM
**NURTURING A HABIT OF EXCELLENCE**





## MARIAN ENGINEERING COLLEGE

Courses offered

**B.TECH**

Civil Engineering
Mechanical Engineering
Computer Science & Engineering
Electronics & Communication Engineering
Electronics & Computer Engineering
Electrical & Electronics Engineering
Artificial Intelligence & Machine Learning

**M.TECH**

Geo-Technical Engineering

## MARIAN BUSINESS SCHOOL

Master of Business Administration (MBA)

## MARIAN COLLEGE OF ARCHITECTURE & PLANNING

Courses offered

Bachelor of Architecture (B.Arch)

## MARIAN COLLEGE OF ARTS & SCIENCE

Courses offered

**Undergraduate Programmes**

B.Com
BA English Language & Literature
BBA
B.Sc Zoology
B.Sc Geography
B.Sc Computer Science

**Post Graduate Programme**

M.Com (Finance)

## LITTLE FLOWER FOOTBALL ACADEMY (LiFFA)

LiFFA SOCCER SCHOOL
LiFFA BASKETBALL ACADEMY

## ST. JACOB'S TRAINING COLLEGE (B.ED)

**BACHELOR OF EDUCATION**

English
Malayalam
Mathematics
Natural Science
Physical Science
Social Science

## MARIAN CRAFT AND ARTS CENTRE OF EXCELLENCE

Courses offered

**Diploma**

Electrical & Electronics Technology
Advanced Welding Technology
DCA (Diploma in Computer Applications)

**Certification**

SMAW/GTAW/MIG/TIG
Data Entry Operator
Word Processing
Financial Accounting
Desktop Publishing

**MARIAN ENGINEERING COLLEGE**
MOB: +91 9495 707 111
Email: mail@marian.ac.in

**MARIAN COLLEGE OF ARCHITECTURE & PLANNING**
MOB: +91 9188 917 754
Email: marianarch.in@gmail.com

**MARIAN COLLEGE OF ARTS & SCIENCE**
MOB: +91 9526 605 413
Email: marian@mcas.ac.in

**MARIAN CRAFT & ARTS CENTRE OF EXCELLENCE**
MOB: +91 8301 908 450
Email: marianartscrafts@gmail.com

**LITTLE FLOWER FOOTBALL ACADEMY (LiFFA)**
MOB: +91 9746 870 421
Email: info@liffatrivandrum.org

**ST. JACOB'S TRAINING COLLEGE (B.Ed)**
MOB: 0471 270 4251
Email: stjacobsbed@gmail.com

**Marian Business School (MBA).**
MOB: +91 884 8710 083

Pub. Date: 01.02.2026
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26



Total Pages 44
Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George